بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

ഹദ്റത്ത് മസീഹ് മൗഊദ്
സ്പെഷ്യൽ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ


ലക്കം
9-10

വാർഷിക
വരിസംഖ്യ
500/- രൂപ


# ബദ്ർ


വീക്കിലി ഖാദിയാൻ

The Weekly
BADAR Qadian
Malayalam


വാല്യം 6

പത്രാധിപർ
എച്ച്. ശംസുദ്ദീൻ
സഹപത്രാധിപർ
മുഹമ്മദ്
ഇസ്മാഈൽ

POSTAL REG NO GDP- 44/2020-2022     2021 മാർച്ച് 4-11/ഹി.ശം. 1400 അമാൻ 4-11/1442 റജബ് 19-26

اِذۡ بَعَثَ اللّٰہُ تَعَالٰی الۡمَسِیۡحَ ابۡنَ مَرۡیَمَ
فَیَنۡزِلُ عِنۡدَ الۡمَنَارَۃِ الۡبَیۡضَآءِ شَرۡقِیَّ دِمَشۡقَ

അല്ലാഹു മസീഹുബ്നുമർയമിനെ നിയോഗിക്കുന്നതായിരിക്കും. അദ്ദേഹം ദിമശ്ഖിനു കിഴക്ക് ഭാഗത്തുള്ള വെളുത്ത മിനാരത്തിന്നടുത്ത് ഇറങ്ങുന്നതായിരിക്കും.

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:**
പഞ്ചാബിലെ ഗുരുദാസ്പൂർ ജില്ല ദിമശ്ഖിനു കൃത്യം കിഴക്കുഭാഗത്താണുള്ളത്. ഇതിൽനിന്ന് ഈ മിനാരത്തുൽ മസീഹും ദിമശ്ഖിനു കിഴക്കുഭാഗത്താണെന്ന് സ്ഥാപിതമായി. (മജ്മൂഅ ഇശ്തിഹാറാത്ത് വാല്യം 3)



മസ്ജിദ് മുബാറക് ഖാദിയാൻ



മസ്ജിദ് അഖ്സ്വാ (ഖാദിയാൻ)



മസ്ജിദ് ദാറുസ്സലാം(സൗത്ത്ഹാൾ യു.കെ)



ബയ്ത്തുൽ ആഫിയത്ത്(അൽമീറെ ഹോള്)



മസ്ജിദ് ബയ്ത്തുന്നസ്വീർ (ആഗസ്ബർഗ് ജർമനി)



മസ്ജിദ് മഹ്മൂദ് (സ്യൂഡൻ)




മസ്ജിദ് മുബാറക് (മസ്ജിദ് മുബാറക്, ജർമനി)



മസ്ജിദ് ബയ്ത്തുൽമുഖീത്ത് (വാൽസാൽ യു.കെ)

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഇന്ന് 213 രാജ്യങ്ങളിൽ സ്ഥാപിതമായി കഴിഞ്ഞിരിക്കുന്നു. അൽഹംദുലില്ലാഹ്.
ലോകത്തിലെ വിവിധ രാജ്യങ്ങളിൽ അഹ് മദിയ്യാ മുസ്‌ലിം ജമാഅത്ത് നിർമിച്ചുകൊണ്ടിരിക്കുന്ന ചില മസ്ജിദുകളുടെ മനോഹരമായ ദൃശ്യങ്ങൾ

لَآاِلٰہَ اِلَّا اللّٰہُ مُحَمَّدٌ رَّسُوْلُ اللّٰہِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

എതിരിൽ വരാൻ എല്ലാ എതിരാളികളേയും നാം വിളിച്ചു.
**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി–**
**– ശർറസ്സുമൂമി അദാവത്തുസ്സ്വുലഹാഇമ**

### സിർറുൽ ഖിലാഫ എന്ന പുസ്തകത്തിലെ തെറ്റുകൾ കണ്ടുപിടിച്ചാൽ, ഓരോ തെറ്റിനും ഓരോരൂപ ഇനാം.

മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ഒരു പ്രത്യേക ശത്രുതയുണ്ടായിരുന്നുവെന്ന് മുമ്പേ ഞങ്ങൾ പറഞ്ഞു കഴിഞ്ഞ താണ്. അദ്ദേഹം ബറാഹീനെ അഹ്മദിയ്യാക്ക് റിവ്യു എഴുതിയിരുന്നു. അദ്ദേഹം തന്റെ റിവ്യൂവിൽ ശക്തമായ ഭാഷയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും അദ്ദേഹത്തിന്റെ ഗ്രന്ഥമായ ബറാഹീനെ അഹ്മദിയ്യായേയും ശ്ലാഘിച്ചിരുന്നു. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വീകാര്യതയ്ക്കും ബറാഹീനെ അഹ്മദിയ്യായ്ക്കുകിട്ടിയ പ്രസിദ്ധിയ്ക്കും കാരണം മുഹമ്മദ് ഹുസയ്ന്റെ റിവ്യൂവായിരുന്നില്ലെന്നതാണ് വസ്തുത. മറിച്ച് ബറാഹീനെ അഹ്മദിയ്യായുടെ സ്വീകാര്യതയുടെ കാരണം നേരെ ഹൃദയത്തിൽ തറയ്ക്കുന്ന അതിന്റെ ദൃഢഗാഢമായ ദൃഷ്ടാന്തമായിരുന്നു. അപ്രകാരംതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വീകാര്യതയുടെ കാരണം അദ്ദേഹത്തിന്റെ സാത്വികതയും ഭയഭക്തിയും അല്ലാഹുവിൽനിന്ന് ലഭിച്ചിട്ടുള്ള ആത്മീയാകർഷണവുമായിരുന്നു. ഇതിനു പുറമെ അദ്ദേഹത്തിന്റെ സ്വീകാര്യതയ്ക്കുള്ള ഏറ്റവും വലിയ കാരണം അദ്ദേഹം ഇസ്‌ലാമിന്റെ മഹത്തായൊരു യോദ്ധാവും നിസ്തുലമായ ജേർണലുമായിരുന്നു എന്നതാണ്. അദ്ദേഹത്തിനു മുന്നിൽ നിൽക്കാൻ ആർക്കും ധൈര്യമുണ്ടായിരുന്നില്ല. ബറാഹീനെ അഹ്മദിയ്യായുടെ പ്രസിദ്ധിയുടേയും സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദി(അ)നു ലഭിച്ച സ്വീകാര്യതയുടേയും കാരണം തന്റെ റിവ്യൂവാണെന്ന് മനസ്സിലാക്കിയതാണ് അദ്ദേഹത്തിന്റെ നിർഭാഗ്യത. മറ്റൊരു നിർഭാഗ്യത ഹദ്റത്ത് മസീഹ് മൗഊദ്(അ)1890 -ൽ താൻ മസീഹാണെന്ന് വാദിച്ചപ്പോൾ മുഹമ്മദ് ഹുസയ്ൻ കോപിക്കുകയും തന്നോട് അഭിപ്രായം ചോദിക്കാതെ എങ്ങനെയാണ് മസീഹ് മൗഊദാണെന്ന വാദം ഉന്നയിച്ചതെന്ന് ചോദിക്കുകയും ചെയ്തു എന്നതാണ്. ദീർഘമായ വാദപ്രതിവാദത്തിനുശേഷം അയാൾ എഴുതി:

"ഏതുപോലെ ഇദ്ദേഹത്തെ (ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ) പഴയ വാദത്തിന്റെ അടിസ്ഥാനത്തിൽ ആകാശത്തിൽ കയറ്റിയോ അതുപോലെ പുതിയ വാദത്തിന്റെ അടിസ്ഥാനത്തിൽ ഭൂമിയിൽ താഴ്ത്തണമെന്നത് ഇശാഅത്തുസുന്നയുടെ ബാധ്യതയും ഉത്തരവാദിത്വവുമാണ്." (താരീഖെ അഹ്മദിയ്യത്ത്, വാള്യം 1, പേജ് 386)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിൽ എഴുതാൻ മുഹമ്മദ് ഹുസയ്ൻ ബട്ടാലവി തന്റെ മാസികയായ ഇശാഅത്തുസുന്നയെ വഖ്ഫ് ചെയ്തിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അയാൾക്കെഴുതി:

"താങ്കളെ പോലെയുള്ള സുഹൃത്ത് ശത്രുതയിൽ മുഴുകിയിരിക്കുന്നുവെന്നതിൽ എനിക്കൊരു വിഷമമോ ദുഃഖമോയില്ല. ഇന്നലെ ഞാനെന്റെ കൈയിൽ ഇപ്രകാരമെഴുതിയിരിക്കുന്നതായി കണ്ടു. 'ഞാൻ തനിച്ചാണ്, എന്നോടൊപ്പം ദൈവമുണ്ട്. അതോടൊപ്പം ഇപ്രകാരം വെളിപാടുമുണ്ടായി. ഇന്ന മഅയ റബ്ബീ സയഹ്ദീൻ അല്ലാഹു തന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും തെളിവ് വെളിപ്പെടുത്തുമെന്ന് ഞാനറിയുന്നു. ഞാൻ താങ്കൾക്കുവേണ്ടി ദുആ ചെയ്യുന്നതാണ്. എന്നാൽ, താങ്കൾക്ക് വിധിക്കപ്പെട്ടതെല്ലാം താങ്കളുടെ കൈകളിലൂടെതന്നെ പൂർത്തിയാവേണ്ടത് നിർബന്ധമാണ്." (താരീഖെ അഹ്മദിയ്യത്ത്, വാള്യം 1, പേജ് 386)

മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടെ ശത്രുതയുടെ രീതി അങ്ങേയറ്റം തരംതാണതും നിസ്സാരവുമാണെന്നതിൽ നമുക്ക് ഖേദമുണ്ട്. അതിൽ ആത്മാർഥത തൊട്ടുതീണ്ടിയിട്ടുപോലുമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശത്രുതയിൽ മുഹമ്മദ് ഹുസയ്ൻ എല്ലാ ധാർമിക സ്വഭാവത്തിന്റെ അതിരുകളേയും കവച്ചുവച്ചുപോയി. കളവ് അനുസ്യൂതം തുടർന്നു. അയാളുടെ തെറ്റായ ആരോപണങ്ങളിൽ ഒരാരോപണം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അറബിഭാഷയും വിശുദ്ധഖുർആനും അറിയുകയില്ലെന്നായിരുന്നു. ഇതിനു മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ്(അ) അയാളെ ഖുർആന് തഫ്സീർ എഴുതാൻ വെല്ലുവിളിച്ചു. കറാമത്തെ സ്വാദിഖീൻ, നൂറുൽഹഖ് എന്നീ ഗ്രന്ഥങ്ങൾ അറബി സാഹിത്യ ഭാഷയിൽ എഴുതുകയും ഇതിനു സമാനമായ ഗ്രന്ഥം എഴുതാൻ വെല്ലുവിളിക്കുകയും അതിനുവേണ്ടി ഭാരിച്ച ഇനാമുകൾ നിശ്ചയിക്കുകയും ചെയ്തു. ഇതിനെക്കുറിച്ച് കഴിഞ്ഞ പല ലക്കങ്ങളിലും ഞങ്ങൾ പരാമർശിച്ചിട്ടുണ്ട്. അതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) സാഹിത്യ സമ്പുഷ്ടമായ അറബി ഭാഷയിൽ 'സിർറുൽ ഖിലാഫ്' എന്ന പുസ്തകം രചിക്കുകയുണ്ടായി. ഇതിനു 27 രൂപ ഇനാമും വെച്ചു. എന്നു മാത്രമല്ല ഇതിലെ തെറ്റുകൾ കണ്ടുപിടിക്കുന്നവർക്ക് ഓരോ തെറ്റിനും ഓരോ രൂപ ഇനാമും വെച്ചു. പിന്നീട് ഈ സമ്മാനം വർധിപ്പിച്ച് 2 രൂപ ആക്കുകയുണ്ടായി. സമ്മാനം പ്രഖ്യാപിച്ചുകൊണ്ടുള്ള ഈ വെല്ലുവിളിയെക്കുറിച്ച് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉന്നതമായ നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു. അദ്ദേഹം മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയെ അഭിസംബോധന ചെയ്തുകൊണ്ട് ഇപ്രകാരം പറയുന്നു:

"അങ്ങേയറ്റത്തെ ഗുണകാംക്ഷിയെന്ന നിലയിൽ ഞാൻ അവസാനമായി ക്ഷണിക്കുകയും ആദ്യപുസ്തകത്തിന്റെ മത്സരം സ്വീകരിക്കാത്തതിൽ നിരാശനായിക്കൊണ്ട് 'സിർറുൽ ഖിലാഫ്'എന്ന പുതിയ പുസ്തകത്തിലേക്ക് ശെയ്ഖ് മുഹമ്മദു ഹുസയ്ൻ സാഹിബിനെ ക്ഷണിക്കുകയും ചെയ്യുന്നു. താങ്കൾക്കുവേണ്ടി 27 ദിവസമെന്ന കാലയളവും 27 രൂപ ഇനാമും നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. താങ്കൾ ആവശ്യപ്പെടുകയാണെങ്കിൽ അത് താങ്കളെ ഏൽപിക്കുന്നതിൽ ഞാൻ സംതൃപ്തനാണ്. ഞാൻ അത് അയച്ചുതന്നിട്ടില്ലെങ്കിൽ കള്ളനാണ്. നമുക്ക് ആദ്യമേതന്നെ പണം അയക്കാൻ സാധിക്കുന്നതാണ്. ഞാൻ 27 ദിവസത്തിനുള്ളിൽ ഇതിനെതിരായിട്ടുള്ള ലേഖനം പ്രസിദ്ധം ചെയ്യുന്നതാണെന്ന സമ്മതപത്രം അച്ചടിക്കുക. താങ്കൾ ഈ കാലയളവിനുള്ളിൽ ലേഖനം പ്രസിദ്ധപ്പെടുത്തുകയാണെങ്കിൽ താങ്കൾ 27 രൂപ സമ്മാനം കരസ്ഥമാക്കുക മാത്രമല്ല ചെയ്യുന്നത്. മറിച്ച് നാം ഇത്രനാളും താങ്കളെ ശെയ്ഖ് ശെയ്ഖ് എന്നു വിളിച്ചതും മൗലവി മുഹമ്മദ് ഹുസയ്നെന്ന് വിളിക്കാതിരുന്നതും നമ്മുടെ തെറ്റാണെന്നും മറിച്ച് താങ്കൾ യഥാർഥത്തിൽ വലിയ സാഹിത്യകാരനും താങ്കൾ ഹദീഥിന് മനസ്സിലാക്കിയ അർഥം സ്വീകാരാർഹമാണെന്ന് പരസ്യമായി പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നതാണ്.

"നോക്കുക. ഇതിൽ താങ്കൾക്ക് എത്രകണ്ട് വിജയം കരസ്ഥമാക്കാൻ സാധിക്കും. താങ്കൾക്ക് പൈസ സമാഹരിക്കാൻ ജനങ്ങളെ ബുദ്ധിമുട്ടിക്കാനോ അല്ലെങ്കിൽ ഈ ജോലിയിൽനിന്ന് രാജിവെക്കേണ്ട ആവശ്യമോ നേരിടുകയില്ല. കാരണം താങ്കൾ എനിക്കെതിരിൽ വരികയും എന്റെ വെളിപാട് കള്ളമാണെന്ന് കാണിക്കുകയും ചെയ്താൽപ്പിന്നെ എന്റേതായി ഒന്നുംതന്നെ അവശേഷിക്കുകയില്ല. അതിനാൽ അല്ലാഹുവാണ! താങ്കൾക്ക് അറബിഭാഷയിൽ കുറച്ചെങ്കിലും അറിവുണ്ടെങ്കിൽ ഇപ്രാവശ്യമെങ്കിലും താങ്കൾ മുഖം തിരിക്കരുത്. ഈ പുസ്തകത്തിൽ എന്തെങ്കിലും തെറ്റുകൾ തെളിയിക്കുകയാണെങ്കിൽ എത്ര തെറ്റുകളാണോ ഉള്ളത് അത്രയും തെറ്റുകൾക്ക് ഓരോന്നിനും ഓരോ രൂപ എന്ന പ്രകാരം താങ്കൾക്ക് ഇനാം നൽകുന്നതാണ്. 1894 ജൂലായ് 25 വരെയാണ് ഈ അപേക്ഷയുടെ കാലാവധി. 1894 ജൂലായ് 25 നുള്ളിൽ ഈ അപേക്ഷ അച്ചടിച്ചുകൊണ്ട് ഏതെങ്കിലും വിജ്ഞാ

ശേഷം പേജ് 18 ൽ

**ബദ്ർ ആഴ്ചപ്പതിപ്പ് "മസീഹ് മൗഊദ് സ്പെഷ്ൽ പതിപ്പ്"**

| | വിഷയങ്ങൾ | പേജ് നമ്പർ |
|---|---|---|
| ❁ | വിഷയ വിവരവും പത്രാധിപക്കുറിപ്പും | 1 |
| ❁ | നബി(സ)തിരുമേനിയുടെ സാരോപദേശങ്ങൾ | 2 |
| ❁ | സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സാരോപദേശങ്ങൾ | 3 |
| ❁ | മിനാരത്തുൽ മസീഹിന്റെ ചരിത്രവും നിർമാണവും (മുഹമ്മദ് ഹമീദ് കൗഥർ) | 4 |
| ❁ | എഴുത്തുകളിലും മതപരമായ സംവാദങ്ങളിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ലഭിച്ച ദൈവസഹായങ്ങളും ഈമാൻ ദൃഢീകരിപ്പിക്കുന്ന സംഭവങ്ങളും. (തൻവീർ അഹ്മദ് നാസിർ) | 10 |
| ❁ | ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം; സൂര്യചന്ദ്രഗ്രഹണങ്ങളുടെ പ്രവചനങ്ങളുടെ വെളിച്ചത്തിൽ (ഹാഫിള് സയ്യിദ് റസൂൽ നിയാസ്) | 13 |
| ❁ | ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം; കഴിഞ്ഞുകടന്ന മഹാത്മാക്കളുടെ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ (മാമൂൻ അർറശീദ് തബ്രീസ്) | 15 |
| ❁ | ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം, നീതിമാനായ വിധികർത്താവ് എന്ന നിലയിൽ (ലഈഖ് അഹ്മദ് ഡാർ) | 17 |

**കാർത്തികനക്ഷത്രംവരെ ഈമാൻ(സത്യവിശ്വാസം) ഉയർന്നുപോയാലും അതിനെ ഒരു പേർഷ്യക്കാരൻ അവിടെനിന്ന് തിരിച്ചുകൊണ്ടുവരുന്നതായിരിക്കും.**

**ജനങ്ങളിൽവച്ച് എനിക്ക് ഈസബ്നുമർയമുമായി ഏറ്റവും അടുത്ത ബന്ധമാണുള്ളത്. കാരണം എനിക്കും അദ്ദേഹത്തിനുമിടയിൽ ഒരു നബിയുമില്ല.**

## (നബി(സ)തിരുമേനിയുടെ സാരോപദേശം)

وَلَمَّا ضُرِبَ ابْنُ مَرْيَمَ مَثَلًا إِذَا قَوْمُكَ مِنْهُ يَصِدُّونَ○وَقَالُوا ءَأَالِهَتُنَا خَيْرٌ أَمْ هُوَ ۚ مَا ضَرَبُوهُ لَكَ إِلَّا جَدَلًا ۚ بَلْ هُمْ قَوْمٌ خَصِمُونَ○إِنْ هُوَ إِلَّا عَبْدٌ أَنْعَمْنَا عَلَيْهِ وَجَعَلْنَاهُ مَثَلًا لِّبَنِي إِسْرَائِيلَ○وَلَوْ نَشَاءُ لَجَعَلْنَا مِنكُم مَّلَائِكَةً فِي الْأَرْضِ يَخْلُفُونَ○(سورۃ الزخرف: آیت 58-61)

ഇബ്നു മർയമിന്റെ[1] സംഭവം(വിശുദ്ധ ഖുർആനിൽ)വിവരിക്കപ്പെടുമ്പോൾ നിന്റെ ജനത അതിൽ (അക്കാര്യത്തിൽ) ബഹളം വെക്കുന്നു. അവർ ചോദിക്കുന്നു:'നമ്മുടെ ദൈവങ്ങളാണോ[2] ഉത്തമർ അതോ അദ്ദേഹമോ? നിന്നോടു തർക്കിക്കാൻവേണ്ടി മാത്രമല്ലാതെ അവർ ഇക്കാര്യം എടുത്തു പറയുന്നില്ല. മാത്രമല്ല കുതർക്കികളായ ഒരു ജനതയാണവർ. (വാസ്തവത്തിൽ)അദ്ദേഹം(ഈസാ, നമ്മുടെ)ഒരു ദാസൻ മാത്രമാണ്. നാം അദ്ദേഹത്തെ അനുഗ്രഹിക്കുകയും ഇസ്റാഈൽ സന്തതികൾക്ക് ഒരു മാതൃകയാക്കുകയും ചെയ്തിരിക്കുന്നു. നാം ഉദ്ദേശിക്കുന്ന പക്ഷം[3] നിങ്ങളുടെ സ്ഥാനത്ത്, പകരം വരുന്ന മലക്കുകളെ നാം ഭൂമിയിൽ സൃഷ്ടിക്കുമായിരുന്നു.(43:58 - 61)

ഈ വചനങ്ങളുടെ വ്യാഖ്യാനത്തിൽ സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹുഥ്ഥാനീ(റ) പറയുന്നു: അതായത് വിശുദ്ധ ഖുർആനിൽ ഇബ്നുമർയം വീണ്ടും വരുമെന്നുള്ള വിവരം വായിക്കുമ്പോഴെല്ലാം ബഹളമുണ്ടാക്കുന്നു. അദ്ദേഹം നമ്മുടെ ആരാധ്യരെക്കാൾ ഉത്തമനാണോ?അതായത് ഞങ്ങളുടെ ആരാധ്യർ നരകത്തിലെറിയപ്പെടുന്നു; അദ്ദേഹത്തെ ലോകത്തിന്റെ പരിഷ്കരണത്തിന് മടക്കിക്കൊണ്ടുവരുന്നു. വാസ്തവത്തിൽ രണ്ടു സംഭവങ്ങളിലും ആകാശവും ഭൂമിയും തമ്മിലുള്ള വ്യത്യാസമുണ്ട്. മസീഹ്(അ)സ്വയം തന്റെ ദാസത്വം സമ്മതിക്കുന്നു. അദ്ദേഹം സാത്വികനായ പുരുഷനായിരുന്നു. അതിനെ നേരിടാൻ ബഹുദൈവാരാധകർക്കോ അവരുടെ നേതാക്കൾക്കോ കഴിയുകയില്ല.

2. നമ്മുടെ ദൈവങ്ങൾ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിന്നെതിരിൽ അവർ മഹത്ത്വം കല്പിക്കുന്ന പുണ്യാത്മക്കളാണ്; അവരുടെ മുമ്പിൽ കർമപരമായ നിലയിൽ സുജൂദ് ചെയ്യുന്നില്ലെങ്കിലും. ഇക്കാലത്ത് അന്യാരാധകർ, ശിയാക്കൾ തുടങ്ങിയവർ പറയുന്നു, മഹ്ദി വരുന്നതോടെ എല്ലാ റസൂൽമാരും ജീവിപ്പിക്കപ്പെടുകയും അവരെ അനുസരിക്കുകയും ചെയ്യുമെന്ന്.

3. അതായത് മസീഹിൽ മലക്കുകളിറങ്ങി. എന്തുകൊണ്ടെന്നാൽ അദ്ദേഹം ആത്മീയമായ നിലയിൽ മലക്കായി തീർന്നിരുന്നു. മുഹമ്മദു റസൂലുല്ലായുടെ കാലഘട്ടത്തിലെ ആളുകൾ അല്ലെങ്കിൽ അദ്ദേഹത്തിന് ശേഷം വരുന്ന ആളുകളും മസീഹിനെപ്പോലെയായിത്തീർന്നാൽ അവരുടേയും മേൽ മലക്കുകൾ ഇറങ്ങാൻ തുടങ്ങും. ഇതിൽ അത്ഭുതകരമായ കാര്യങ്ങളൊന്നുമില്ല. നിലവിലുള്ള മുസ്ലിമീങ്ങൾ വെറും സത്യാസത്യവിവേചനം കൂടാതെ ഇക്കാര്യത്തിൽ വാശി പിടിച്ച് ഈ സാധ്യതയെ നിഷേധിക്കുന്നവരാണ്.(തഫ്സീർ സ്വഗീർ പേജ് 816)

وَالنَّجْمِ إِذَا هَوَىٰ○مَا ضَلَّ صَاحِبُكُمْ وَمَا غَوَىٰ○(53:2 - 3)

ഞാൻ കാർത്തിക നക്ഷത്രത്തെ[1], അത് അർഥപരമായ നിലയിൽ താഴേക്കു വരുമ്പോൾ അക്കാര്യത്തിന് സാക്ഷ്യത്തിന് സമർപിക്കുന്നു. നിങ്ങളുടെ കൂട്ടുകാരൻ വഴി മറന്നിട്ടില്ല. വഴി പിഴച്ചിട്ടുമില്ല[2].

ഈ വചനങ്ങളുടെ വ്യാഖ്യാനത്തിൽ സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹുഥ്ഥാനീ(റ) പറയുന്നു:

1. നബി(സ)തിരുമേനി ലൗ കാനൽ ഈമാനു മുഅല്ലഖൻ ബിഥ്ഥുറയ്യ ലനാലഹൂ റജുലുൻ മിൻ ഫാരിസ് എന്ന വാക്കുകൾകൊണ്ട് പ്രവചനം ചെയ്തിരിക്കുന്നതിലേക്കുള്ള സൂചനയാണത്. ഈമാൻ കാർത്തിക നക്ഷത്രംവരെ ഉയർന്നുപോയാലും അതിനെ ഒരു ഫാരിസ് വംശജൻ അവിടെനിന്ന് തിരിച്ചുകൊണ്ടുവരുന്നതായിരിക്കും.

2. ആ വ്യക്തി വെളിപ്പെടുമ്പോൾ മുഹമ്മദു റസൂലുല്ലായുടെ അധ്യാപനം സമ്പൂർണമായിരുന്നുവെന്ന് ഓരോരുത്തരിലും വ്യക്തമാകുന്നതായിരിക്കും. അദ്ദേഹം വഴി മറന്നിട്ടില്ല; വഴി പിഴച്ചിട്ടുമില്ല. ശരീരേച്ഛയ്ക്കു വിധേയനുമായിരുന്നില്ല.(തഫ്സീർ സ്വഗീർ പേജ് 877)

● ഹദ്റത്ത് നാഫിഅ്(റ) വിവരിക്കുന്നു. ഹദ്റത്ത് അബ്ദുല്ലാ ബിൻ ഉമർ(റ) പറഞ്ഞു: ഇബ്നു ഉമർ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: രാത്രിയിൽ ഞാൻ കഅ്ബയുടെ അടുത്ത് ഇരിക്കുന്നതായി സ്വപ്നം കണ്ടു. ഗോതമ്പിന്റെ നിറത്തിൽ നമുക്ക് കാണാൻ കഴിയുന്നവരിൽവച്ച് അതിസുന്ദരനായ ഒരു മനുഷ്യൻ അതാ അവിടെ നില്ക്കുന്നു. തന്റെ നീണ്ടതും വെടിപ്പുള്ളതുമായ തലമുടി രണ്ടു ചുമലുകൾക്കിടയിലേക്ക് താഴ്ന്നു കിടക്കുന്നുമുണ്ട്. അതിൽനിന്ന് വെള്ളം ഇറ്റുവീഴുന്നതായി കാണുന്നു. തന്റെ രണ്ടു കൈയും രണ്ടു പുരുഷന്മാരുടെ ചുമലിൽവച്ചുകൊണ്ട് അയാൾ കഅ്ബയെ പ്രദക്ഷിണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതാരാണെന്ന് ചോദിച്ചപ്പോൾ മർയമിന്റെ മകൻ മസീഹ്(അ)ആണെന്ന് ആളുകൾ എന്നോടു പറഞ്ഞു. അദ്ദേഹത്തിന്റെ പിന്നിൽ മറ്റൊരാളെ ഞാൻ കണ്ടു. അയാൾക്ക് ഇടതൂർന്ന ചുരുണ്ടമുടികളാണുള്ളത്. വലത്തെ കണ്ണ് കോങ്കണ്ണും. ഞാൻ കണ്ട ആളുകളിൽവച്ച് ഇബ്നു ഖത്വനിനോടു കൂടുതൽ സാദൃശ്യം അയാൾക്കുണ്ട്. തന്റെ രണ്ടു കൈയും മറ്റൊരു പുരുഷന്റെ ചുമലിൽവച്ച് പ്രദിക്ഷണം(ത്വവാഫ്) ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതാരെന്ന് ചോദിച്ചപ്പോൾ ലോകത്ത് ചുറ്റി സഞ്ചരിക്കുന്ന ദജ്ജാലാണെന്ന് അവർ മറുപടി പറഞ്ഞു.(നോട്ട്:നബി(സ)തിരുമേനിക്ക് കാണിക്കപ്പെട്ട സ്വപ്നത്തിൽ ത്വവാഫ് ചെയ്യുന്നതുകൊണ്ടുള്ള ഉദ്ദേശ്യം മസീഹ്(അ)ബയ്ത്തുല്ലായുടെ സംരക്ഷണത്തിനും അതിന്റെ അന്തസ് വർധിപ്പിക്കുന്നതിനുംവേണ്ടു ശ്രമിച്ചുകൊണ്ടിരിക്കുമെന്നാണ്. ദജ്ജാൽ കഅ്ബയെ തകർക്കാൻ പിന്നാലെ കൂടുന്നതായിരിക്കും).(ബുഖാരി കിതാബുൽ അമ്പിയാ, ഹദീഖത്തുസ്സ്വാലിഹീൻ ഗ്രന്ഥകർത്താവ് മലിക് സയ്ഫുർറഹ്മാൻ സാഹിബ് ഹദീഥ് നമ്പർ 944)

● ഹദ്റത്ത് അബൂഹുറയ്റ(റ) വിവരിക്കുന്നു.നബി(സ)തിരുമേനി പറഞ്ഞു: നബിമാരുടെ പരസ്പരമുള്ള ബന്ധം 'അല്ലാത്തീ' സഹോദരന്മാരെപ്പോലെയാണ്; പിതാവൊന്നും മാതാക്കൾ വേറെവേറെയും. ലോകരിൽവച്ച് എനിക്ക് ഈസബ്നുമർയമുമായി ഏറ്റവും അടുത്ത ബന്ധമാണുള്ളത്. കാരണം എന്റെയും അദ്ദേഹത്തിന്റേയുമിടയിൽ ഒരു നബിയുമില്ല.......അദ്ദേഹം നിയോഗതിനായി കുരിശിനെ ഉടയ്ക്കുന്നതാണ്.(അതായത് കുരിശുപരമായ വിശ്വാസാദർശങ്ങൾ ഇല്ലാതാക്കും). പന്നികളെ കൊല്ലും.(അതായത് ദുഷ്ടാത്മാക്കളുടെ നാശത്തിന് നിമിത്തമാകുന്നതായിരിക്കും. അദ്ദേഹം മുഖേന കുരിശാധിപത്യം ഇല്ലാതാകുകയും പന്നിസ്വഭാവക്കാരായവരുടെ ഉന്മൂലനം നടക്കുന്നതുമായിരിക്കും). ജിസ്യ(കപ്പം) അവസാനിപ്പിക്കുന്നതായിരിക്കും.(അതായത് അദ്ദേഹത്തിന്റെ കാലഘട്ടം മതപരമായ യുദ്ധങ്ങൾ അവസാനിക്കുന്ന കാലഘട്ടമായിരിക്കും). അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഇസ്ലാമിനുപുറമെയുള്ള മറ്റു മതങ്ങളെ(ആത്മീയമായ അടിസ്ഥാനത്തിലും അന്തസ്സിന്റെ അടിസ്ഥാനത്തിലും)അല്ലാഹു വിപാടനം ചെയ്യുന്നതായിരിക്കും. ചുറ്റി സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ദജ്ജാലിനെ നശിപ്പിക്കുന്നതായിരിക്കും. അതെങ്ങനെയുള്ള സമാധാന കാലഘട്ടമായിരിക്കുമെന്നാൽ ഒട്ടകം സിംഹത്തോടൊപ്പവും പുള്ളിപ്പുലി പശുക്കളോടൊപ്പവും ആടുകൾ ചെന്നായ്ക്കൾക്കൊപ്പവും ഒരുമിച്ച് മേയുന്നതായിരിക്കും. കുട്ടികളും വലിയപ്രായമുള്ള കുട്ടികളും പാമ്പുകളുമായി കളിക്കുന്നതായിരിക്കും. അതുകൊണ്ട് അല്ലാഹുവിന്റെ കല്പനയനുസരിച്ച് അല്ലാഹു ഇച്ഛിക്കുന്ന കാലംവരെ മസീഹ് ലോകത്ത് താമസിക്കും. പിന്നീട് വഫാത്താകുന്നതായിരിക്കും. മുസ്ലിമീങ്ങൾ അദ്ദേഹത്തിന്റെ ജനാസ നമസ്കരിക്കും. അദ്ദേഹത്തെ ഖബ്റടക്കുന്നതായിരിക്കും. (അബൂദാവൂദ്, കിതാബു മലാഹിം, ഹദീഖത്തുസ്സ്വാലിഹീൻ ഹദീഥ് നമ്പർ 945)

● ഹദ്റത്ത് അബൂഹുറയ്റ(റ) വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: ഇബ്നു മർയം അതായത് നിങ്ങളിൽനിന്ന് നിങ്ങൾക്ക് ഇമാമായി മസീഹിന്റെ സദൃശൻ നിങ്ങളിൽ നിയോഗിതനാകുമ്പോൾ നിങ്ങളുടെ സ്ഥിതി എത്രമേൽ നന്നായിരിക്കുകയില്ല. മറ്റൊരു നിവേദനത്തിലുണ്ട്, നിങ്ങളിൽനിന്നായ കാരണത്താൽ അദ്ദേഹം നിങ്ങൾക്ക് ഇമാമത്തിന്റെ നിർബന്ധ കടമ നി

ശേഷം പേജ് 9 ൽ

**ആരെങ്കിലും ഒരണുവിന്റെ ആയിരത്തിലൊരു ഭാഗമെങ്കിലും വിശുദ്ധ ഖുർആനിന്റെ അധ്യാപനത്തിൽ ന്യൂനത എടുത്തു കാണിച്ചാൽ അല്ലെങ്കിൽ വിശുദ്ധ ഖുർആനെതിരിൽ തന്റെ സ്വന്തം ഏതെങ്കിലും ഗ്രന്ഥത്തിൽ അതിനെക്കാൾ ഉത്തമമായ എന്തെങ്കിലും സവിശേഷത എടുത്തുകാണിച്ചാൽ നാം മരണശിക്ഷ വരെ സ്വീകരിക്കാൻ തയ്യാറാണ്.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സാരോപദേശങ്ങൾ**

### ഇന്നുവരെ ഖുർആനെ നേരിടാൻ ആർക്കും കഴിഞ്ഞിട്ടില്ല

'സകല സത്യനിഷേധികളും(കുഫ്ഫാർ)വിശുദ്ധ ഖുർആനെതിരിൽ വാഗ്മിത്വത്തിന്റേയും അർഥ ഗാംഭീര്യത്തിന്റേയും സവിശേഷതയുടെ വാദമുന്നയിച്ചിട്ടും രാഷ്ട്ര കവികളാണെന്ന് അവകാശപ്പെട്ടിട്ടും നിരുദ്ധകണ്ഠരായിട്ടിരിക്കുകയാണ്. ഇന്നും നിശബ്ദരും മറുപടിയില്ലാത്തവരുമായി കുത്തിയിരിക്കുന്നു. അവരുടെ പരാജയത്തിന് ഇതേ മൗനംതന്നെയാണ് സാക്ഷി പറഞ്ഞുകൊണ്ടിരിക്കുന്നത്. കാരണം ഇതല്ലാതെ മറ്റെന്താണ് പരാജയം! ശത്രുവിന്റെ തെളിവുകൾ കേട്ടിട്ടും മനസ്സിലാക്കിയിട്ടും അതിനെ ഖണ്ഡിച്ചു കാണിക്കാതിരിക്കുക എന്നതുതന്നെയാണ് പരാജയം.'(ബറാഹീനെ അഹ്മദിയ്യ, റൂഹാനീ ഖസാഇൻ വാള്യം 1, പേജ് 152, അടിക്കുറിപ്പ് നമ്പർ 11)

### വിശുദ്ധ ഖുർആനിന്റെ മൂന്നു സവിശേഷതകൾ.

'ഖുർആനിൽ മൂന്നു സവിശേഷതകളുണ്ട്. ഒന്ന് ജനങ്ങൾക്കു മനസ്സിലാകാതിരുന്ന മതവിജ്ഞാനങ്ങളിലേക്ക് അത് മാർഗദർശനം നല്കുന്നു. രണ്ടാമത്തേത് മുമ്പേ കുറച്ചു മാത്രം അറിയുമായിരുന്ന ജ്ഞാനങ്ങളെ അത് വിശദമായി വിവരിക്കുന്നു. മൂന്നാമത്തേത് ഭിന്നിപ്പും തർക്കവും നിലനിന്നിരുന്ന കാര്യങ്ങളിൽ മധ്യസ്ഥവാക്യം വിവരിച്ച് സത്യവും അസത്യവും തമ്മിലുള്ള വ്യത്യാസം വെളപ്പെടുത്തുന്നു.' (ബറാഹീനെ അഹ്മദിയ്യ, റൂഹാനീ ഖസാഇൻ വാള്യം 1, പേജ് 225, അടിക്കുറിപ്പ് നമ്പർ 11)

### വിശുദ്ധ ഖുർആനിലില്ലാത്തെ ഏതെങ്കിലുമൊരു സത്യം അവതരിപ്പിക്കുക.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)വിശുദ്ധ ഖുർആനുമേൽ ആക്ഷേപം ഉന്നയക്കുന്നവരേയും അതിന്റെ ശത്രുക്കളേയും സംബോധന ചെയ്തു പറഞ്ഞു: 'നിങ്ങൾ ഏതെങ്കിലും കനപ്പെട്ട സത്യമെടുത്ത് ഇരിക്കുകയും അതികഠിനമായ പരിശ്രമത്തോടും ഏറെ പ്രയത്നത്തോടും ദൂഷ്യം കണ്ടുപിടിച്ചും അതുണ്ടാക്കിയെന്ന് വിചാരിക്കുകയും വിശുദ്ധ ഖുർആൻ ആ സത്യം വിവരിക്കുന്നതിന് അശക്തമാണെന്ന് വ്യർഥമായി ധരിക്കുകയുമാണെങ്കിൽ നിങ്ങളോടു സത്യം ചെയ്ത് പറയുന്നു, എല്ലാ പ്രവർത്തനങ്ങളും ഉപേക്ഷിച്ച് ഖുർആനിലില്ലാത്ത ആ സത്യം നമ്മുടെ മുമ്പിൽ നിങ്ങൾ അവതരിപ്പിച്ചാൽ വിശുദ്ധ ഖുർആനിൽനിന്ന് അതെടുത്തു കാണിക്കാൻ നാം തയ്യാറാണ്; എന്നാൽ, പിന്നീട് മുസ്ലിമാകാൻ തയ്യാറായിരിക്കുക! ഇനിയും നിങ്ങൾ ദുർഭാവനയും പുലമ്പലും ഉപേക്ഷിക്കാതിരിക്കുകയും സംവാദത്തിന്റെ നേരായവഴി സ്വീകരിക്കാതിരിക്കുകയുമാണെങ്കിൽ ലഅ്നത്തുല്ലാഹി അലൽ കാദിബീൻ എന്നു പറയുകയല്ലാതെ എന്തു പറയാനാണ്?'(ബറാഹീനെ അഹ്മദിയ്യ, റൂഹാനീ ഖസാഇൻ വാള്യം 1, പേജ് 225, അടിക്കുറിപ്പ് നമ്പർ 11)

### ഖുർആനിന്റെ സത്യത സ്ഥാപിക്കേണ്ടത് നമ്മുടെ ബാധ്യതയാണ്

'വിശുദ്ധ ഖുർആൻ എന്തുകൊണ്ട് സകല ദൈവിക യാഥാർഥ്യങ്ങളേയും വലയം ചെയ്തിരിക്കുന്നുവെന്ന കാര്യത്തിൽ സംശയമുണ്ടെങ്കിൽ അത് (തെളിയിക്കേണ്ട) ഉത്തരവാദിത്വം നാംതന്നെ ഏറ്റെടുക്കുന്നു; ഏതെങ്കിലും സാഹിബ് സത്യന്വേഷകനായിക്കൊണ്ട് അതായത് ഇസ്ലാം സ്വീകരിക്കുമെന്ന് രേഖാമൂലം വാഗ്ദാനം ചെയ്ത് ഇബ്റാനീ, യൂനാനി, ലാത്വീനി, ഇംഗ്ലീഷ്, സംസ്കൃതം തുടങ്ങിയ ഏതെങ്കിലും ഗ്രന്ഥങ്ങളിൽനിന്ന് എത്രത്തോളം ദീനീപരമായ സത്യതകൾ എടുത്തു അവതരിപ്പിക്കുകയോ അതല്ല സ്വന്തം ബുദ്ധിശക്തിയാൽ ഏതെങ്കിലും ദൈവവചനങ്ങളുടെ അതിസൂക്ഷ്മമായത് ഉണ്ടാക്കികാണിക്കുകയോ ചെയ്താൽ നാം അത് വിശുദ്ധ ഖുർആനിൽനിന്ന് എടുത്ത് ഉദ്ധരിക്കുന്നതായിരിക്കും.'(ബറാഹീനെ അഹ്മദിയ്യ, റൂഹാനീ ഖസാഇൻ വാള്യം 1, പേജ് 272)

### വിശുദ്ധ ഖുർആൻ അതിന്റെ വെളിച്ചം ഓരോ കാലത്തും സ്വയം കാണിച്ചു.

നബി(സ)തിരുമേനി വന്നില്ലായിരുന്നെങ്കിൽ നമ്മുടെ ഇമാമുമാരും മഹത്തുക്കളും പണ്ടുമുതലെ കണ്ടുവന്നിട്ടുള്ളതും ഇന്ന് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നതുമായ വിശുദ്ധ ഖുർആനിന്റെ സ്വാധീനഫലങ്ങൾ, നമ്മൾ ബൈബിൾമാത്രം നോക്കി ഹദ്റത്ത് മൂസായും ഹദ്റത്ത് മസീഹും മറ്റു കഴിഞ്ഞുകടന്ന നബിമാരും യഥാർഥത്തിൽ അതേ പരിശുദ്ധവും പവിത്രവുമായ ജമാത്തിൽനിന്നുള്ളവരാണെന്നും അവരെ അല്ലാഹു തന്റെ പ്രത്യേക കൃപയാൽ തന്റെ നുബുവ്വത്തിനുവേണ്ടി തിരഞ്ഞെടുത്തതാണെന്നും ദൃഢഗാഢമായ നിലയിൽ തിരിച്ചറിയുക എന്നത് നമുക്ക് ഏറെ ദുഷ്കരമാകുമായിരുന്നു. ഇതു നമ്മൾ ഫുർഖാനെ മജീദിന്റെ ഔദാര്യമായി അംഗീകരിക്കേണ്ടതാണ്. അത് അതിന്റെ വെളിച്ചം എക്കാലത്തും സ്വയമേവ കാണിക്കുകയും പിന്നീട് സമ്പൂർണ വെളിച്ചംകൊണ്ട് കഴിഞ്ഞുകടന്ന നബിമാരുടെ സത്യസാക്ഷ്യങ്ങൾ നമ്മളിൽ വെളിപ്പെടുത്തുകയും ചെയ്തു. ഈ ഔദാര്യം നമ്മളിൽ മാത്രമല്ല പ്രത്യുത ആദം മുതൽ മസീഹുവരെയുള്ള, വിശുദ്ധ ഖുർആനുമുമ്പേ കഴിഞ്ഞു കടന്ന ആ എല്ലാ നബിമാരുടേയും മേലുണ്ട്. എല്ലാ ഓരോ ദൈവദൂതന്മാരും ആ ഉന്നതനായ ജനാബിനോടു(സ) നന്ദിയുള്ളവരാണ്. അദ്ദേഹത്തിന് അല്ലാഹു ആ സമ്പൂർണവും പവിത്രവുമായ ഗ്രന്ഥം ദാനം ചെയ്തു. അതിന്റെ സമ്പൂർണസ്വാധീനഫലങ്ങളുടെ ബർക്കത്തുകൊണ്ട് എല്ലാ സത്യങ്ങളും എന്നെന്നേക്കുമായി ജീവസുറ്റതായി. അവ മുഖേന ആ നബിമാരുടെ പ്രവാചകത്വത്തിനുമേൽ ദൃഢമായി വിശ്വസിക്കുന്നതിന് ഒരു വഴി തുറന്നു. അവരുടെ പ്രവാചകത്വം സംശയങ്ങളിൽനിന്നും സന്ദേഹങ്ങളിൽനിന്നും സുരക്ഷിതമായിരിക്കുകയും ചെയ്തു.

### വിശുദ്ധ ഖുർആനിന്റെ രണ്ടുതരം ദിവ്യദൃഷ്ടാന്തം

വിശുദ്ധ ഖുർആനിൽ രണ്ടുതരം ദിവ്യ ദൃഷ്ടാന്തം എന്നെന്നേക്കുമായി നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. ഒരു ദിവ്യ ദൃഷ്ടാന്തം വിശുദ്ധ ഖുർആൻ തന്നെയാണ്. രണ്ടാമത്തേത് അതിന്റെ സ്വാധീനത്തിന്റെ ദൃഷ്ടാന്തം. ഈ രണ്ടു ദൃഷ്ടാന്തങ്ങളും തെളിവിന്റെ ഒന്നും ആവശ്യമില്ലത്തതാണ്. ബാഹ്യവും ആന്തരികവുമായി മറയൊന്നുമില്ലാത്ത ഒരുവന്റെ ആത്മാവ് ക്ഷണത്തിൽ ആ സത്യപ്രകാശത്തെ നേരിട്ട് ദർശിക്കുന്നതായിരിക്കും..........വിശുദ്ധ ഖുർആനിന്റെ സ്വാധീനപരമായ ദൃഷ്ടാന്തത്തെ സംബന്ധിച്ച് നാം പറയുന്ന തെളിവ്, ഇന്നുവരെ അല്ലാഹു സന്നദ്ധമാനസരും സത്യാന്വേഷികളുമായ ആളുകളെ അവർ വിശുദ്ധ ഖുർആനെ പൂർണമായും പിൻപറ്റുന്നതുകൊണ്ട് സമ്പൂർണമായ പ്രകാശംവരെ എത്തിക്കാതിരുന്ന ഒരു നൂറ്റാണ്ടും കഴിഞ്ഞു പോയിട്ടില്ലെന്നതാണ്. ഇപ്പോഴും സത്യന്വേഷകർക്ക് ഈ പ്രകാശത്തിന്റെ പ്രവിശാലമായ കവാടം തുറന്നു കിടിക്കുകയാണ്. വെറും കഴിഞ്ഞ നൂറ്റാണ്ടിന്റെ പ്രമാണമല്ല ഉദ്ധരിക്കുന്നത്. സത്യദീനിന്റേയും ദൈവഗ്രന്ഥത്തിന്റേയും യഥാർഥ അനുയായികളിൽ ആത്മീയാനുഗ്രഹങ്ങൾ ഉണ്ടാകുകയും ദൈവത്തിന്റെ പ്രത്യേകമായ രഹസ്യകാര്യങ്ങൾ അറിയുന്ന മുൽഹം ഉണ്ടാകുകയും വേണം. അതേ അനുഗ്രഹങ്ങൾ ഇപ്പോഴും ദൈവദാസർക്ക് കാണാൻ കഴിയുന്നതായിരിക്കും. ആഗ്രഹിക്കുന്നവർ സത്യസന്ധമായ പാദങ്ങളോടെ മടങ്ങുകയും തങ്ങളുടെ പര്യവസാനം ശരിയാക്കുകയും ചെയ്യുക.' (ബറാഹീനെ അഹ്മദിയ്യ, റൂഹാനീ ഖസാഇൻ വാള്യം 1, അടിക്കുറിപ്പിന് അടിക്കുറിപ്പ് നമ്പർ 2)

### ഖുർആനിലെ ഏതെങ്കിലും പോരായ്മ എടുത്ത് കാണിക്കുക

'ആരെങ്കിലും ഒരണുവിന്റെ ആയിരത്തിലൊരുഭാഗമെങ്കിലും വിശുദ്ധ ഖുർആനിന്റെ അധ്യാപനത്തിൽ പോരായ്മ എടുത്തു കാണിച്ചാൽ അല്ലെങ്കിൽ വിശുദ്ധ ഖുർആനെതിരിൽ തന്റെ സ്വന്തം ഏതെങ്കിലും ഗ്രന്ഥത്തിൽ അതിനെക്കാൾ ഉത്തമമായ എന്തെങ്കിലും സവിശേഷത എടുത്തുകാണിച്ചാൽ നാം മരണശിക്ഷവരെ സ്വീകരിക്കാൻ തയ്യാറാണ്. ഇനി, നീതിമാന്മാരേ! ശ്രദ്ധിച്ചു കേൾക്കുക. നമ്മുടെ എതിരാളികളുടെ വിശ്വസ്തതയും ദൈവഭയവും എത്തരത്തിലുള്ളതാണെന്ന് അല്ലാഹുവിനുവേണ്ടി അല്പം മനസ്സു തുറന്ന് ചിന്തിക്കുക. ഉത്തരമൊന്നും നല്കാനില്ലാഞ്ഞിട്ടും സംസാരങ്ങളിൽനിന്ന് അവർ പിന്മാറുന്നില്ല.' (ബറാഹീനെ അഹ്മദിയ്യ, റൂഹാനീ ഖസാഇൻ വാള്യം 1, പേജ് 298, അടിക്കുറിപ്പ് 2)

ശേഷം പേജ് 9 ൽ

# മിനാരത്തുൽ മസീഹിന്റെ നിർമാണവും ചരിത്രവും ചന്ദ കൊടുത്തവരുടെ പേരുകളും

മുഹമ്മദ് ഹമീദ് കൗഥർ
(ഇൻചാർജ് ശുഅ്ബ താരീഖെഅഹ്മദിയ്യത്ത് ഖാദിയാൻ)

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) ആഗതനാകുന്ന മസീഹ് മൗഊദിനെ സംബന്ധിച്ച് ചെയ്ത പ്രവ ചനങ്ങളിൽ **ഇദ് ബഅഥല്ലാഹുൽ മസീഹബ്ന മർയമ ഫയൻസിലു യിൻദൽ മനാരത്തിൽ ബയ്ളാഇ ശർഖിയ്യ ദിമശ്ഖ്** എന്നുമുണ്ടായിരുന്നു. (സ്വഹീഹ് മുസ്‌ലിം, കിതാബുൽ ഫിതൻ ബാബു ദിക്റുദ്ദജ്ജാൽ)

അതായത് അല്ലാഹു (സദൃശനായ) ഈസബ്നു മർയമിനെ (ഉദ്ദേശ്യം ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനി(അ) ആകുന്നു) നിയോഗിക്കുമ്പോൾ അദ്ദേഹത്തിന്റെ ഇറക്കം ഡമാസ്കസിന്റെ കിഴക്ക് ഭാഗത്ത് ഒരു വെള്ള മിനാരത്തിന്റെ അടുത്ത് സംഭവിക്കുന്നതായിരിക്കും.

ചരിത്രം സാക്ഷിയാണ്. നബി(സ)തിരുമേനി ഈ പ്രവചനം ചെയ്തുകൊണ്ടിരിക്കുമ്പോൾ ഡമാസ്കസിൽ ഒരു വെള്ള മിനാരവും ഉണ്ടായിരുന്നില്ല. എത്രത്തോളം മിനാരങ്ങൾ നിർമിക്കപ്പെട്ടുവോ അതെല്ലാം ഒരു പാടുകാലം കഴിഞ്ഞാണുണ്ടായിട്ടുള്ളത്.

മിനാര എന്ന പദം 'നൂർ'ൽ നിന്ന് എടുക്കപ്പെട്ടിട്ടുള്ളതാണ്. അൽമനാരത്തുൽ ബയ്ളാഅ (വെള്ള മിനാരം)ന്റെ ഒരു അർഥം ഇങ്ങനെയുമുണ്ട്, മുഹമ്മദിയ്യ ഉമ്മത്തിൽ അല്ലാഹു ആരെയാണോ മസീഹിന് സദൃശനാക്കി അയക്കുന്നത് അദ്ദേഹത്തെ ദീനുൽഇസ്‌ലാമിന്റെ സത്യതയുടെ പ്രകടനത്തിനായി തേജസുള്ളതും പ്രകാശിക്കുന്നതുമായ തെളിവുകളോടുകൂടി അയക്കുന്നതായിരിക്കും. അദ്ദേഹത്തിന്റെ തേജസാർന്ന തെളിവുകൾക്കു മുന്നിൽ നിരർഥമായ മതങ്ങളുടെ ഇരുട്ടാർന്ന തെളിവുകൾ മങ്ങിപ്പോകുന്നതായിരിക്കും. സൽ പ്രകൃതക്കാരായ സഹോദരങ്ങൾ സാക്ഷിയാണ്, ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനി(1835-1908)യുടെ നിയോഗം മുഖേന അല്ലാഹു നബി(സ)തിരുമേനിയുടെ അനുഗൃഹീത നാവിലൂടെ പുറപ്പെടുവിച്ച ഓരോരോ അക്ഷരവും സത്യമാണെന്ന് കാണിച്ചു. ആ മഹാത്മാവിന്റെ ഗ്രന്ഥങ്ങളും ലേഖനങ്ങളും മൽഫൂദാത്തുകളും കത്തുകളും വിജ്ഞാപനങ്ങളും അതിനു സാക്ഷിയാണ്. അവിടന്ന് വ്യർഥമായ മതങ്ങളുടെ ഇരുട്ടുമയമായ തെളിവുകളെ പ്രകാശമാർന്ന തെളിവുകൾകൊണ്ട് ഖണ്ഡിച്ചു. ഈ പ്രവചനം ബാഹ്യമായ നിലയിൽ പൂർത്തിയാക്കുന്നതിനുവേണ്ടിയും ഹദ്റത്ത് മസീഹ് മൗഊദ്(അ) മിനാരത്തുൽ മസീഹ് പണിയണമെന്ന് ആഹ്വാനം ചെയ്തു.

**നബി(സ)തിരുമേനിയുടെ പ്രവചനം പൂർത്തിയാക്കാൻ മിനാരം നിർമിക്കാനുളള ആഹ്വാനം:**

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഖാദിയാനിൽ മിനാരം നിർമാണത്തിന് ആഹ്വാനം ചെയ്തുകൊണ്ട് പറഞ്ഞു.

1. 'ഈ പ്രവചനം പൂർത്തിയാക്കാൻ രണ്ടുപ്രാവശ്യം ഇസ്‌ലാമിൽ പരിശ്രമമുണ്ടായി. ഒന്നാമത്തേത് ഹിജ്റ 741 നു മുമ്പേ ദിമശ്ഖിന്റെ കിഴക്കു ഭാഗത്തു മാർബിൾകൊണ്ട് ഒരു മിനാരം നിർമിക്കപ്പെട്ടിരുന്നു. അത് ദിമശ്ഖിന്റെ കിഴക്കുഭാഗത്തും ജാമിഅ അമവിയുടെ ഒരു ഭാഗവുമായിരുന്നു. പറയുന്നു: ലക്ഷക്കണക്കിന് രൂപ അതിനു ചെലവു വന്നു. നിർമിക്കുന്നവരുടെ ഉദ്ദേശ്യം, നബി(സ) തിരുമേനിയുടെ പ്രവചനം പൂർത്തിയാക്കുക എന്നതായിരുന്നു. പക്ഷേ, ഇതിനുശേഷം ക്രിസ്ത്യാനികൾ ആ മിനാരം അഗ്നിക്കിരയാക്കി. ഈ ദുരന്തത്തിനുശേഷം ഹിജ്റ 741-ൽ വീണ്ടും ആ മിനാരം ദിമശ്ഖിന്റെ കിഴക്കുഭാഗത്ത് തയ്യാറാക്കാൻ ശ്രമം നടന്നു. അങ്ങനെ ആ മിനാരത്തിനു വേണ്ടിയും ഏകദേശം ഒരു ലക്ഷം രൂപവരെ സമാഹരിച്ചു. എന്നാൽ, അല്ലാഹുവിന്റെ നിയതിനിയമംകൊണ്ട് ജാമിഅ അമവിയ്യായ്ക്ക് തീപിടിക്കുകയും ആ മിനാരവും അഗ്നിക്കിരയാകുകയും ചെയ്തു. ചുരുക്കത്തിൽ രണ്ടുതവണയും മുസ്‌ലിമീങ്ങൾ ആ ഉദ്ദേശ്യത്തിൽ പരാജയപ്പെട്ടു. (മജ്മൂഅ ഇശ്തിഹാറാത്ത്, വാല്യം 3, പേജ് 315, 1900 ജൂലായ്)

2. ഹദ്റത്ത് ഉമർ(റ)ഒരു സ്വഹാബിക്ക് കിസ്റായുടെ സമരാർജിത(ഗനീമത്തു മുതൽ) സ്വത്തിൽ നിന്ന് ഒരു പ്രവചനം പൂർത്തിയാകാൻ സ്വർണവള അണിയിച്ചതരത്തിലുള്ള ഉദ്ദേശ്യമാണിത്. (മജ്മൂഅ ഇശ്തിഹാറാത്ത്, വാല്യം 3, പേജ് 316)

**മിനാർ നിർമാണത്തിന്റെ അടിസ്ഥാനപരമായ മൂന്ന് ഉദ്ദേശ്യങ്ങൾ**

ഹദ്റത്ത് മസീഹ് മൗഊദ്(അ) മിനാരം നിർമിക്കുന്നതിന്റെ മൂന്ന് അടിസ്ഥാനപരമായ ഉദ്ദേശ്യങ്ങൾ എഴുതിയിരിക്കുന്നു.

1. 'ഒന്നാമത്തേത് ബാങ്ക് കൊടുക്കുന്നയാൾ അതിൽ കയറി അഞ്ചുനേരവും നമസ്കാരത്തിന് ബാങ്കു കൊടുക്കുക എന്നതാണ്. അല്ലാഹുവിന്റെ പരിശുദ്ധനാമത്തിന് ഉറക്കെശബ്ദത്തിൽ രാവും പകലും അഞ്ചുനേരം പ്രചാരണമുണ്ടാകുക. ഹ്രസ്വമായ വാക്കുകളിൽ അഞ്ചുനേരം നമ്മുടെ ഭാഗത്തുനിന്ന് മനുഷ്യനെ ഈ രീതിയിൽ വിളിക്കുക. അവർ ആദ്യന്തരഹിതനായ ദൈവത്തെ- അവനെ എല്ലാ മനുഷ്യരും ആരാധിക്കേണ്ടതാണ്. ആ ദൈവത്തിലേക്ക് തന്നെയാണ് അവൻ തിരഞ്ഞെടുത്തതും പരിശുദ്ധനുമായ മുഹമ്മദ് മുസ്തഫാ(സ)മാർഗദർശനം ചെയ്യുന്നത്. അവനെക്കൂടാതെ ആകാശത്തിലോ ഭൂമിയിലോ ഒരു ദൈവവുമില്ല." (റൂഹാനീ ഖസാഇൻ വാല്യം 16, ഖുത്ബ്ബ ഇൽഹാമിയ പേജ് 16)

2. ഈ മിനാരംകൊണ്ടുള്ള രണ്ടാമത്തെ ഉദ്ദേശ്യം ഈ മിനാരത്തിന്റെ ഭിത്തിയുടെ ഏതെങ്കിലും ഭാഗത്ത് ഉയർന്ന സ്ഥാനത്ത് ഒരു വലിയ റാന്തൽ നാട്ടുന്നതായിരിക്കും. അതിനു ഏകദേശം നൂറു രൂപയോ കുറച്ചധികമോ വിലവരും. ഈ വെളിച്ചം മനുഷ്യരുടെ കണ്ണുകൾക്ക് തെളിമ നല്കുന്നതിന് ദൂരദൂരവരെ പോകുന്നതായിരിക്കും. (റൂഹാനീ ഖസാഇൻ വാല്യം 16, ഉമീമ ഖുത്ബ്ബ ഇൽഹാമിയ പേജ് 16)

3. ഈ മിനാരത്തിന്റെ മൂന്നാമത്തെ ഉദ്ദേശ്യം ഈ മിനാരത്തിന്റെ ഭിത്തിയുടെ ഉയർന്ന ഏതെങ്കിലും ഭാഗത്ത് ഒരു വലിയ ഘടികാരം നാട്ടുക എന്നതാണ്. അതിന് നാന്നൂറോ അഞ്ഞൂറോ രൂപ വില വരുന്നതായിരിക്കും; മനുഷ്യൻ തന്റെ സമയം തിരിച്ചറിയുന്നതിനും മനുഷ്യർക്ക് സമയം തിരിച്ചറിയുന്നതിലേക്ക് ശ്രദ്ധ ഉണ്ടാകുന്നതിനുമാണിത്." (ഉമീമ ഖുത്ബ്ബ ഇൽഹാമിയ പേജ് 16 റൂഹാനീ ഖസാഇൻ, വാല്യം 16)

**മിനാരത്തിന്റെ നിർമാണത്തിന് ചെലവുകളുടെ സമാഹരണം**

1900ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) മിനാരത്തുൽ മസീഹിന്റെ നിർമാണത്തിനുള്ള പദ്ധതി തയ്യാറാക്കി. അക്കാലത്ത് ജമാഅത്തിലെ അംഗങ്ങളുടെ എണ്ണസംഖ്യ അധികമുണ്ടായിരുന്നില്ല. മിനാരം പണിയുന്നതിന് കൂടുതൽ ചന്ദ നല്കാനുള്ള കഴിവും അവർക്കുണ്ടായിരുന്നില്ല. ഖലീഫത്തുൽ മസീഹ് ഥാനി(റ) ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് വിവരണമാണ്: 'ഹദ്റത്ത് അഖ്ദസ് മസ്ജിദ് മുബാറക്കിൽ ഇരിക്കുകയായിരുന്നു. മിനാരം നിർമിക്കുന്നതിനുള്ള പദ്ധതി മുമ്പിലുണ്ടായിരുന്നു. മീർ ഹസാമുദ്ദീൻ സാഹിബ് സിയാൽക്കോട്ടി(റ) പത്തായിരത്തിന്റെ അനുമാനമിട്ടു. എന്നാൽ, പത്തായിരം രൂപ എവിടെനിന്ന് വരുമെന്നുള്ളതായിരുന്നു പ്രശ്നം. കാരണം അക്കാലത്ത് ജമാഅത്തിന്റെ അവസ്ഥ വളരെ ബലഹീനമായിരുന്നു. ആ പരിതഃസ്ഥിതികളിൽ മിനാരത്തിന്റെ നിർമാണം പ്രയാസകരമായ ജോലിയായിരുന്നു. ഇതിനേക്കാൾ കുറഞ്ഞ ചെലവ് വരുന്ന ഏതെങ്കിലും പദ്ധതി പറയാൻ ഹുദൂർ(അ) ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു. അവസാനം ഹുദൂർ(അ) പത്തായിരത്തെ നൂറുനൂറു രൂപയുടെ ഭാഗങ്ങളായി വീതിച്ചു. അങ്ങനെ 1900 ജൂലായിലെ വിജ്ഞാപനത്തിൽ മിനാരത്തിന്റെ ചെലവുകളുടെ സമാഹരണത്തിന് ഹദ്റത്ത് അഖ്ദസ്(അ) തന്റെ 101 ഖുദ്ദാമിന്റെ ഒരു ലിസ്റ്റ് പ്രസിദ്ധീകരിച്ചുകൊണ്ട് കുറഞ്ഞത് നൂറു നൂറു രൂപ ചന്ദ നല്കാൻ ആഹ്വാനം ചെയ്തു. ഇതിനു ലബ്ബയ്ക്ക് പറയുന്നവരുടെ പേരുകൾ മിനാരത്തിൽ സ്മരണിക എന്ന നിലയിൽ കൊത്തിവെക്കുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്തു. ഈ ആഹ്വാനത്തോടൊപ്പംതന്നെ അവിടത്തെ നാല് ആത്മാർഥരായ ഖുദ്ദാം മുൻശീ അബ്ദുൽ അസീസ് സാഹിബ് ഔജലവി, മിയാൻ ശാദീഖാൻ സാഹിബ് വിറകുവിൽപനക്കാരൻ സിയാൽക്കോട്ട്, മൗലവി മുഹമ്മദ് അലി സാഹിബ് എം.എ, ശെയ്ഖ് നിയാസ് അഹ്മദ് സാഹിബ് വ്യാപാരി വസീറാബാദ് ഹുദൂറിന്റെ നിബന്ധനയനുസരിച്ച് ചന്ദ സമർപ്പിച്ചു. ഇവരിൽ ആദ്യം പറഞ്ഞ രണ്ടു സ്വഹാബിമാരുടെ ഓർമക്കുറിപ്പ് ഹുദൂർ(അ) ഈ വിജ്ഞാപനത്തിന്റെ തുടക്കത്തിലും അങ്ങേയറ്റം പ്രശംസാവചനങ്ങളോടെയും ചേർത്തിട്ടുണ്ട്. അവരുടെ ത്യാഗത്തെ ജമാഅത്തിന് അസൂയാർഹമായി പറഞ്ഞു. ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ(റ) മിനാർ

നിർമാണത്തിന് ആയിരം രൂപ ചന്ദ എഴുതിച്ചു. അത് ദില്ലിയിലെ തന്റെ ഒരു വീട് വിറ്റിട്ടാണ് കൊടുത്തത്. ഹിജ്റ 1320 ദുൽഹജ്ജ് 13ന് 1903 മാർച്ച് 13ന് ജുമുഅ ദിവസം മിനാരത്തുൽ മസീഹിന് അടിത്തറ പാകി. ആ ദിവസം ജുമുഅ നമസ്കാരത്തിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ ഹക്കീം ഫള്ൽ ഇലാഹീ സാഹിബ് ലാഹോറി, മിർസാ ഖുദാ ബഖ്ശ് സാഹിബ്, ശെയ്ഖ് മൗലാ ബഖ്ശ് സാഹിബ്, ഖാളീ ളിയാവുദ്ദീൻ സാഹിബ് തുടങ്ങിയ സഹോദരങ്ങൾ പറഞ്ഞു: ഹുദൂറിന്റെ അനുഗൃഹീതകരം കൊണ്ട് മിനാരത്തുൽ മസീഹിന് അടിസ്ഥാനശില വെച്ചാൽ നന്നായിരിക്കും. ഹുദൂർ പറഞ്ഞു: 'ഇന്ന് മിനാരത്തുൽ മസീഹിന് അടിത്തറയിടുമെന്ന് നമുക്ക് ഇപ്പോൾവരെ അറിയുകയില്ല. ഇപ്പോൾ താങ്കൾ ഒരു ഇഷ്ടിക കൊണ്ടുവരിക. ഞാനതിൽ ദുആ ചെയ്യുന്നതായിരിക്കും. പിന്നീട് ഞാൻ പറയുന്നിടത്ത് താങ്കൾ കൊണ്ടുപോയി വെക്കുക.' അങ്ങനെ ഹക്കീം ഫള്ൽ ഇലാഹീ സാഹിബ് ഇഷ്ടിക കൊണ്ടുവന്നു. ഹുദൂർ(അ) അത് അനുഗൃഹീത തുടയിൽവെച്ചുകൊണ്ട് സുദീർഘമായി ദുആ ചെയ്തു. ദുആയ്ക്കുശേഷം അവിടന്ന് ആ ഇഷ്ടികയുടെ മീതെ ഊതി. ഹക്കീം ഫള്ലെ ഇലാഹി സാഹിബിനോടു പറഞ്ഞു, 'താങ്കൾ ഇത് (മുൻകൂട്ടി തീരുമാനിക്കപ്പെട്ട) മിനാരത്തുൽ മസീഹിന്റെ പടിഞ്ഞാറു ഭാഗത്ത് വെക്കുക.' ഹക്കീം സാഹിബും മറ്റു സഹോദരങ്ങളും ഈ അനുഗൃഹീത ഇഷ്ടികയെടുത്ത് മസ്ജിദ് അഖ്സ്വയിലെത്തി. അപ്പോൾ വഴിയിൽ മൗലവി അബ്ദുൽകരീം സാഹിബ്(റ) ജുമുഅ നമസ്കരിപ്പിച്ച് തിരിച്ചുവരികയായിരുന്നു. ജുമുഅ നമസ്കാരം കഴിഞ്ഞാൽ അധികനേരം മസ്ജിദ് അഖ്സ്വയിൽ ഇരിക്കുക എന്നത് മൗലവി സാഹിബിന്റെ ശീലമായിരുന്നു. അറിവിന്റേയും യുക്തിജ്ഞാനത്തിന്റെയും വലിയ മനോഹരമായ മജ്‌ലിസായിരുന്നു അത്. ഇതിൽ വെളിയിൽനിന്നു വരുന്ന സഹോദരങ്ങൾ അവിടത്തെ ചുറ്റും കൂടുമായിരുന്നു. അദ്ദേഹത്തിൽനിന്ന് ഫലമെടുക്കുമായിരുന്നു. ആ ദിവസവും സാധാരണയെന്നപോലെ താമസിച്ചുവരികയായിരുന്നു. വഴിയിൽ ഈ അവസ്ഥ അറിഞ്ഞപ്പോൾ അദ്ദേഹം വേദനകൊണ്ടു നിറഞ്ഞു. ആ ഇഷ്ടിക വാങ്ങി തന്റെ നെഞ്ചോടു ചേർത്തുപിടിച്ചു ദീർഘനേരംവരെ ദുആ ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം പറഞ്ഞു: 'ഈ ജോലി മലക്കുകളിൽ സാക്ഷ്യമെന്ന നിലയിൽ ഇരിക്കണമെന്നാണ് ആഗ്രഹം.' അവസാനം ആ ഇഷ്ടിക അഹ്മദി കല്ലാശാരി ഫള്ലുദ്ദീൻ സാഹിബ് അടിത്തറയുടെ പഠിഞ്ഞാറുഭാഗത്ത് ബന്ധിപ്പിച്ചുവെക്കുകയും ഹദ്റത്ത് മീർ നാസ്വിർ നവാബ് സാഹിബ്(റ) ആ ജോലിയുടെ മേൽനോട്ടക്കാരനായി നിയമിക്കപ്പെടുകയും ചെയ്തു.

മിനാരത്തിന്റെ അടിത്തറ വളരെ ആഴത്തിലും വിശാലതയിലും വീതിയിലും കോൺക്രീറ്റ് ചെയ്തു ഉയർത്തപ്പെട്ടു.

**മിനാര നിർമാണം തടയുന്നതിനു അഹ്മദിയ്യ ജമാഅത്തിന്റെ എതിരാളികൾ സർക്കാരുദ്യോഗസ്ഥരുടെ അടുത്ത്**

തുടക്കം മുതൽതന്നെ ഖാദിയാനിൽ ആര്യസമാജക്കാരുമായിബന്ധംവെക്കുന്നആളുകൾഅടങ്ങിയ സംഘം-അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇസ്‌ലാമിക സേവനം കാരണത്താൽ എതിർപ്പ് പ്രകടിപ്പിച്ചു കൊണ്ടിരിക്കുകയായിരുന്നു. ഇടയ്ക്ക് അമൃതസറിൽനിന്ന് പണ്ഡിറ്റ് ഘഡക് സിംഗിനെ ഖാദിയാനിൽ വിളിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സംവാദത്തിന് ക്ഷണിക്കും. ഇടയ്ക്ക് ഇസ്‌ലാമിനേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും കളവാക്കാൻ ശുഭ്ചിന്തക് പത്രം ഇറക്കി. ഇടയ്ക്ക് തഅ്‌ലീമുൽ ഇസ്‌ലാം സ്കൂളിനെ പരാജയപ്പെടുത്താൻ ദയാനന്ദ് ജൂബിലി സ്കൂൾ തുറന്നു. ഇടയ്ക്ക് മസ്ജിദ് അഖ്സ്വായിൽ നമസ്കരിക്കുന്നവരെ ചീത്തകൾ പറഞ്ഞു.

മിനാരത്തുൽ മസീഹിന്റെ അടിത്തറ ഇടപ്പെട്ടു. അപ്പോൾ അതേ സംഘം ഉഗ്രമായ എതിർപ്പ് തുടങ്ങി. അതിന്റെ നിർമാണം നിറുത്തലാക്കുന്നതിനു വേണ്ടി സ്റ്റേ പുറപ്പെടുവിക്കുന്നതിന് സർക്കാർ ഉദ്യോഗസ്ഥന്മാർവരെ എത്തി. ജില്ലാ ഭരണാധികാരികളും ഇക്കാര്യത്തിൽ അന്വേഷണത്തിന് 1903 മെയ് 8-ാം തിയതി ബട്ടാലയിലെ തഹസിൽദാരെ ഖാദിയാനിൽ അയച്ചു. അദ്ദേഹം ഖാദിയാനിലെത്തിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) നടക്കാൻ പോകാനിറങ്ങിക്കഴിഞ്ഞിരുന്നു. ഏകദേശം അരമണിക്കൂറിനുശേഷം ഹുദൂർ(അ) തിരിച്ചുവന്നു. താഴെ കാണുന്ന ചോദ്യോത്തരം ഉണ്ടായി.

തഹസിൽദാർ: എന്തിനാണ് മിനാരം നിർമിക്കുന്നത്?

ഹുദൂർ(അ): മിനാരം നിർമിക്കുന്നതിൽ ഇതും ഒരു അനുഗ്രഹമുണ്ട്. അതിൽ കയറി ദൈവനാമം വിളിക്കുക. എവിടെയാണോ ദൈവത്തിന്റെ നാമം സ്മരിക്കപ്പെടുന്നത് അവിടെ അനുഗ്രഹമുണ്ടാകും.

2. അതിനുമുകളിൽ ഒരു റാന്തലും നാട്ടുന്നതായിരിക്കും. അതിന്റെ വെളിച്ചം ദൂരദൂരവരെ എത്തുന്നതായിരിക്കും.

3. ഒരു ഘടികാരവും നാട്ടുന്നതായിരിക്കും.

4. പർദ്ദയില്ലായ്മ അതു മുഖേന ഉണ്ടാകുമെന്നത് തെറ്റാണ്. ഇപ്പോൾ നമ്മുടെ മുമ്പിൽ ഡപ്യൂട്ടി ശങ്കർദാസ് സാഹിബിന്റെ വീടാണുള്ളത്. അതെത്രമാത്രം ഉയരത്തിലാണെന്നാൽ, ആരെങ്കിലും മുകളിൽ കയറിയാൽ നമ്മുടെ വീട്ടിൽ അയാളുടെ ദൃഷ്ടി നേരെ പതിയുന്നതാണ്. അപ്പോൾ അത് തകർക്കണമെന്ന് ഞങ്ങൾ പറയണമോ? ഞങ്ങൾ ഞങ്ങളുടെ മറ സ്വയം ചെയ്യേണ്ടതാണ്.

ഹദ്റത്ത് ഹാഫിള് രോശൻ അലി സാഹിബ്(റ) വിവരിക്കുന്നു. മിനാരത്തുൽ മസീഹ് നിർമിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടക്കുമ്പോൾ ഖാദിയാനിലെ ആളുകൾ സർക്കാർ ഉദ്യോഗസ്ഥന്മാരുടെ അടുത്തുപോയി പരാതിപെട്ടു. അതായത് മിനാരം നിർമിക്കുമ്പോൾ തങ്ങളുടെ വീടുകളുടെ മറ നഷ്ടപ്പെടുമെന്ന് പറഞ്ഞു. അങ്ങനെ സർക്കാരിന്റെ ഭാഗത്തുനിന്ന് ഒരു ഡപ്യൂട്ടി ഖാദിയാനിൽ വന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ മസ്ജിദ് മുബാറക്കിനോടു ചേർന്നുള്ള ഹുജ്റ (മുറി) (ബയ്ത്തുൽഫിക്ർ)ൽ കണ്ടു. ആ നേരത്ത് ഖാദിയാനിലെ ചിലയാളുകൾ-അവരാണ് പരാതിക്കാർ- അവരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. ഹദ്റത്ത് സാഹിബുമായി ഡപ്യൂട്ടി സാഹിബ് സംസാരിച്ചുകൊണ്ടിരുന്നു. ആ സംസാരത്തിൽ ഹദ്റത്ത് സാഹിബ് ഡപ്യൂട്ടിയെ സംബോധന ചെയ്തു പറഞ്ഞു: ദാ ഈ ബുഡ്ഢാമൽ ഇരിക്കുന്നു. അങ്ങ് അയാളോട് ചോദിക്കുക കുട്ടിക്കാലം മുതൽ ഇന്നുവരെ അദ്ദേഹത്തിന് നന്മ ചെയ്യാൻ എനിക്ക് അവസരം കിട്ടിയിട്ട് ഞാനതിൽ എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ എന്ന്. പിന്നീട് അദ്ദേഹത്തോട് ചോദിക്കുക, എന്നെ ബുദ്ധിമുട്ടിക്കാൻ അദ്ദേഹത്തിന് അവസരം കിട്ടിയിട്ട് എന്നെ ബുദ്ധിമുട്ടിക്കാതിരുന്നിട്ടുണ്ടോ എന്ന്. ഹാഫിള് സാഹിബ് വിവരിച്ചു. ഞാനപ്പോൾ ബുഡ്ഢമല്ലിനെ നോക്കുകയായിരുന്നു. അയാൾ നാണം കെട്ട് തലതാഴ്ത്തി തന്റെ തുടയിൽ വെച്ചിരിക്കുകയായിരുന്നു. അയാളുടെ മുഖം വിളറിപ്പോയി. അയാൾക്ക് ഒരു വാക്കുപോലും പറയാൻ കഴിഞ്ഞില്ല." (സീറത്തുൽ മഹ്ദി ഭാഗം 1, പേജ് 138, നിവേദന നമ്പർ 148)

അവസാനം ഈ തർക്കം ഡപ്യൂട്ടി കമ്മീഷണർ ബഹാദുർ ജില്ല ഗുരുദാസ്പൂരിന്റെ കോടതിയിലെത്തി. അവിടെനിന്നുണ്ടായ വിധി താഴെ ചേർക്കുകയാണ്.

യോഗതീരുമാനത്തിന്റെ പകർപ്പ്. *സി.എം. ഡാൽസ് സാഹിബ് ബഹാദൂർ ഡപ്യൂട്ടി കമ്മീഷണർ-ബഹാദൂർ ജില്ല ഗുരുദാസ്പൂർ*

*വിധി 1903 മെയ് 13, കേസ് നമ്പർ 4-17*

മിനാരത്തുൽ മസീഹ് ഖാദിയാന്റെ തയ്യാറെടുപ്പ് സംബന്ധമായ പത്രികകളും അതിനെതിരിലുള്ള ഖാദിയാൻവാസികളുടെ ഒഴികഴിവുകളും. ഇപ്പോൾ ഇതിൽനിന്ന് സമാധാനഭംഗമുണ്ടാകുന്ന ഒരു കാര്യം കാണുന്നില്ല. പേപ്പറുകൾ ഓഫീസ് ഫയലിൽ സൂക്ഷിക്കുക. (അൽഹക്കം 1903 ജൂൺ 10, പേജ് 4-10)

ഈ വിധിയോടൊപ്പംതന്നെ അഹ്മദിയ്യത്തിന്റെ ശത്രുക്കളുടെ പദ്ധതികളും പരാജയപ്പെട്ടു. അൽഹംദുലില്ലാഹി അലാ ദാലിക്.

**സാമ്പത്തികമുട്ട് കാരണത്താൽ മിനാരനിർമാണത്തിൽ കാലതാമസം**

ഹദ്റത്ത് മസീഹ് മൗഊദ്(അ) ദൈവിക പ്രചോദനമനുസരിച്ച് മിനാരത്തുൽ മസീഹിന്റെ നിർമാണം തുടങ്ങിവെച്ചിരുന്നു. എന്നാൽ, കുറച്ചു ബുദ്ധിമുട്ടുകൾ കാരണത്താൽ നിർമാണം നിറുത്തുവെക്കേണ്ടിവന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)നിവേദനം. മിനാരത്തിന്റെ ജോലി (ഫണ്ട് കുറവായ കാരണത്താൽ) നിലച്ചുകിടന്നപ്പോൾ ഒരു ദിവസം ഒരാൾ ചോദിച്ചു. ഹുദൂർ ഈ മിനാരം എപ്പോൾ പൂർത്തിയാകും? ഹുദൂർ പറഞ്ഞു:'എല്ലാ ജോലിയും നാം തന്നെ പൂർത്തീകരിച്ചു പോകുകയാണെങ്കിൽ പിന്നാലെ വരുന്നവർക്ക് പ്രതിഫലം എങ്ങനെ കിട്ടാനാണ്?' അങ്ങനെതന്നെ സംഭവിച്ചു. ഹുദൂർ(അ)ന്റെ ജീവിതകാലത്ത് മിനാരത്തിന്റെ കെട്ടിടം മസ്ജിദിന്റെ മുറ്റത്തിന്റെ ഉപരിതലത്തിന് ആറടിയേക്കാൾ കൂടുതൽ ഉയർത്താൻ കഴിഞ്ഞില്ല.

**മിനാരത്തുൽ മസീഹിന്റെ പൂർത്തീകരണം**

അല്ലാഹു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യെ 1914 മാർച്ച് 14ന് ഖിലാഫത്ത് സ്ഥാനത്ത് അവരോധിച്ചു. പ്രതാപപരമായ ഈ സ്ഥാനത്തിന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തതിനു കുറച്ചു മാസത്തിനു ശേഷംതന്നെ 1914 നവംബർ 27ന് അപൂർണമായി കിടന്ന മിനാരത്തിന്റെ കെട്ടിടത്തിൽ തന്റെ അനുഗൃഹീതകരംകൊണ്ട് ഇഷ്ടിക വെച്ച് അതിന്റെ നിർമാണപ്രവർത്തനം പുനരാരംഭിച്ചു. ഇപ്രാവശ്യം നിർമാണത്തിന്റെ മേൽ

ന്നോട്ടത്തിന്റെ കടമകൾ ഖാളീ അബ്ദുർറഹീം സാഹിബ് ഭട്ടിയാണ് നിറവേറ്റിയത്. അതിനു വേണ്ടി അജ്മീറിൽനിന്ന് വിദഗ്ദ്ധരായ മാർബിൾ ജോലിക്കാരെ ലഭ്യമാക്കി. അവസാനം ദൈവദൂതന്റെ നുബുവ്വത്തിന്റെ തെളിവുകളുടെ ഈ പ്രബലമായ അടയാളം 1915 ഡിസംബറിൽ പൂർണതയിലെത്തി. ഈ അതിമനോഹരവും മനംകവരുന്നതും ശോഭനീയവുമായ മിനാരം (അത് നിർമാണവൈഭവത്തിന്റ ഒരു ഉന്നത മാതൃകയാണ്) 105 അടി ഉയരമുള്ളതാണ്. അതിന് മൂന്ന് നിലകളുണ്ട്. ഒരു ഗുംബദും 92 പടികളുമുണ്ട്.

**മിനാരത്തുൽ മസീഹിന് അല്ലാഹുവിൽനിന്നുള്ള സംരക്ഷണവും രക്ഷയും**

കഴിഞ്ഞ 100 വർഷത്തിനുള്ളിൽ നിരവധി ഭൂകമ്പങ്ങളും കൊടുങ്കാറ്റുകളും വന്നു. ഈ വിപത്തുകളിലും അല്ലാഹു മിനാരത്തുൽ മസീഹിനെ സംരക്ഷിച്ചുനിറുത്തി. 2005 ഒക്ടോബർ 8ന് ഏകദേശം രാവിലെ ഒമ്പതേകാൽ മണിക്ക് ഭയാനകമായ ഭൂമികുലുക്കമാണുണ്ടായത്. ഈ വിനീതൻ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ പഴയ ഓഫീസുകളിൽ- അത് മസ്ജിദ് അഖ്സ്വായുടെ കിഴക്കു ഭാഗത്തുള്ള കെട്ടിടത്തിലായിരുന്നു, ആ കെട്ടിടത്തിന്റെ വടക്കുഭാഗത്തുള്ള മുറ്റത്ത് തികച്ചും മിനാരത്തുൽ മസീഹിന്റെ താഴെ നില്ക്കുകയായിരുന്നു. മിനാരത്തുൽ മസീഹിന്റെ ചുറ്റുവട്ടത്തുള്ള എല്ലാ കെട്ടിടങ്ങളും കുലുങ്ങുന്നുണ്ടായിരുന്നു. എന്നാൽ, മിനാരത്തുൽ മസീഹിന് അല്പംപോലും കുലുക്കം അനുഭവപ്പെടുന്നത് കണ്ടില്ല. ഭൂമികുലുക്കം ഈ ദൈവികാടയാളത്തിന് ക്ഷതമൊന്നും ഉണ്ടാക്കാതിരിക്കാൻ ദൈവകരങ്ങൾ അതിനെ താങ്ങി നിറുത്തുന്നതായി അനുഭവപ്പെട്ടു.

ഖാദിയാനിലെ താമസക്കാരായ ഗൗരവമുള്ള ഹിന്ദുക്കളും സിക്കുകാരുമായ സുഹൃത്തുക്കൾ മിനാരത്തിന്റെ അനുഗ്രഹംകൊണ്ട് അല്ലാഹു അവരെ അപകടങ്ങളിൽനിന്ന് സുരക്ഷിതമാക്കിവെച്ചുവെന്ന യാഥാർഥ്യം പരസ്യമായി അംഗീകരിച്ചിരുന്നു. അംഗീകരിച്ചവരിൽ ഹക്കീം സ്വരൺസിംഗ്, ഗ്യാനീ ലാഭ് സിംഗ് എന്നിവർ പ്രസിദ്ധരാണ്. അവർ ഇപ്പോൾ മരിച്ചുപോയി.

**നന്ദിപ്രകടനം**

ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതുന്നു:

“കുറഞ്ഞത് നൂറു രൂപ മിനാരത്തിനുവേണ്ടി ചന്ദ നല്കിയവരുടെ എല്ലാവരുടേയും പേരുകൾ എഴുതപ്പെടുന്നതായിരിക്കും. അവരുടെ ഈ പേരുകൾ കാലങ്ങളോളം മീസാൻകല്ല് എന്ന നിലയിൽ മിനാരത്തിൽ കൊത്തിവെക്കുന്നതായിരിക്കും. അത് ഭാവി തലമുറയ്ക്ക് ദുആ ചെയ്യാനുള്ള അവസരം നല്കിക്കൊണ്ടിരിക്കും.”(മജ്മൂഅ ഇശ്തിഹാറാത്ത് വാള്യം 3, പേജ് 319, 1900 ജൂലായ് 1)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപര്യുക്ത വിളംബരം അനുസരിച്ച് 306(മുന്നൂറ്റിയാറ്) ചന്ദ കൊടുത്തവരുടെ പേരുകൾ മിനാരത്തുൽമസീഹിൽ കൊത്തിവെച്ചിരിക്കുന്നു. കാലപഴക്കം കാരണത്താൽ കൊത്തിവച്ച പേരുകളുടെ മഷി മങ്ങിപ്പോയിരുന്നു. ആ വിവരം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് നസ്വറഹുല്ലാഹു നസ്വ്റൻ അസീസന്റെ സന്നിധിയിൽ അയച്ചപ്പോൾ, ഹുദൂർ അൻവർ അയ്യദഹുല്ലാഹ് കൊത്തിവെച്ചിട്ടുള്ള പേരുകളിൽ മഷി നിറയ്ക്കാൻ നിർദേശവും അനുവാദവും നല്കി. ഹുദൂർ അയ്യദഹുല്ലായുടെ നിർദേശമനുസരിച്ച് 2020 ജനുവരിയിൽ മഷി നിറയ്ക്കുന്ന ജോലി നള്ളാമത്തെ തഅ്മീറാത്ത് ഖാദിയാൻ മുഖേന മുഴുവിപ്പിച്ചു. ജസാഹുമുല്ലാഹു അഹ്സനുൽ ജസാഇ ഇപ്പോൾ ഈ പേരുകൾ ദൂരെനിന്നും വായിക്കാവുന്നതാണ്. വായിക്കുന്നവർ ചന്ദകൊടുത്തവർക്കുവേണ്ടി ദുആയും ചെയ്യുന്നു. അൽഹംദുലില്ലാഹ് അലാ ദാലിക് ആ ചന്ദകൾ നല്കിയ, മിനാരത്തുൽമസീഹിൽ കൊത്തിവെച്ചിട്ടുള്ള ഭാഗ്യവാന്മാരുടെ പേരുകൾ താഴെ ചേർക്കുകയാണ്:

1. മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദും ആയ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് അലയ്ഹിസ്സ്വലാത്തു വസ്സലാം
2. ഹദ്റത്ത് മൗലവി നൂറുദ്ദീൻ ഖലീഫത്തുൽ മസീഹ് അവ്വൽ(റ)
3. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫ്ത്തുൽമസീഹ് ഥാനീ(റ)
4. ഹദ്റത്ത് നുസ്റത്ത് ജഹാൻ ബീഗം ഉമ്മുൽ മുഅ്മിനീൻ(റ)
5. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ
6. ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ രഈസ് മാലേർക്കോട്ട്ല
7. ഡോക്ർ മീർ മുഹമ്മദ് ഇസ്മായീൽ സിവിൽ സർജൻ ഖാദിയാൻ
8. ഹാഫിള് രോശൻ അലി(റ)ഖാദിയാൻ.
9. മൗലവി ദുൽഫിഖർ അലി ഖാൻ ഗോഹർ രാംപൂരി മുഹാജിർ ഖാദിയാൻ

10 മുഹമ്മദ് ഹയാത്ത് ഖാൻ പെൻഷണർ ഫാഫിള്ളാബാദ്

11. മൗലവി ഗുലാം അക്ബർ ഖാൻ നവാബ് അക്ബർ യാർജങ്ക് ഹയ്ദ്രാബാദ് ദക്കൻ
12. ബാബു മുഹമ്മദ് അഫ്ളൽ സൂപ്രണ്ടന്റ് ദഫ്തർ റസീഡന്റ് വസീറസ്താൻ
13. ഖാൻ ബഹാദുർ മുഹമ്മദ് അലി ഖാൻ നേഗിഷ് പൊളിറ്റിക്കൽ അഫ്സർ കോഹാട്ട്.
14. ഖാൻ സാഹിബ് ചൗദരി നിഅ്മത്തുല്ലാഹ് ഖാൻ സബ് ജഡ്ജ് ബീഗംപൂർ
15. റശീദ ബീഗം അഹ്ലിയ ചൗദരി മുഹമ്മദ് ചൗദരി സഫ്റുല്ലാഹ് ഖാൻ ബേരിസ്ട്രേറ്റ് ലാഹോർ
16. അഖ്വിന്ദ് മുഹമ്മദ് അഫ്ളൽ ഖാൻ അഫ്ഘാൻ ഗുൽസി ഡേറ ഗാസിഖാൻ
17. ദൗലത്ത് ഖാത്തൂൻ അഹ്ലിയ അഖ്വിന്ദ് മുഹമ്മദ് അഫ്ളൽ ഖാൻ അഫ്ഘാൻ ഗുൽസി ഡേറ ഗാസിഖാൻ
18. അൽത്വാഫ് മുഹമ്മദു ഖാൻ പിസ്ർ അഖ്വിന്ദ് മുഹമ്മദ് അഫ്ളൽ ഖാൻ അഫ്ഘാൻ ഗുൽസി ഡേറ ഗാസിഖാൻ
19. ഖുറയ്ശീ മുഖ്ത്താർ അഹ്മദ് സൂപ്രണ്ടന്റ് മുനിസിപ്പൽ എഡ്യുക്കേഷൻ ദഹ്ലി
20. മർയം സിദ്ദീഖ അഹ്ലിയ ബാബു മുഹമ്മദു ശഫീഅ് നൗശഹ്റ ജില്ല സിയാൽക്കോട്ട്
21. ഖാളി സയ്യിദ് അമീർ ഹുസയ്ൻ ഖാദിയാൻ
22. മൗലവി മുഹമ്മദ് സയീദ് ഹൈദ്രാബാദ് ദക്കൺ
23. മുൻശീ ശാദീ ഖാൻ ഖാദിയാൻ
24. മൗലവി മുഹമ്മദ് അലി എം.എ. എൽ എൽ ബി.
25. ശെയ്ഖ് നിയാസ് അഹ്മദ് താജിർ വസീറാബാദ്
26. മുൻശീ അബ്ദുൽ അസീസ് പട്ട്വാരി ഖാദിയാൻ
27. ഹാജീ സേഠ് അബ്ദുർറഹ്മാൻ സൗദാഗർ മദ്രാസ്
28. സേഠ് അലി മുഹമ്മദ് സൗദാഗർ ബാംഗ്ലൂർ
29. ഹാജീ സേഠ് സ്വാലിഹ് മുഹമ്മദ് സൗദാഗർ മദ്രാസ്
30. സേഠ് അഹ്മദ് സൗദാഗർ മദ്രാസ്
31. സേഠ് വാൽജി ലാൽജി സൗദാഗർ മദ്രാസ്
32. മൗലവി ള്ളുഹൂർ അലി വക്കീൽ ഹൈദ്രാബാദ് ദക്കൺ
33. മീർ ഹാമിദ് ശാഹ് സിയാൽക്കോട്ട്
34. നവാബ് സയ്യിദ് മുഹമ്മദ് രിള്വി ബെംബയ്
35. മുഫ്തി മുഹമ്മദ് സ്വാദിഖ് ഖാദിയാൻ
36. മിസ്തരി അഹ്മദ് ദീൻ ഭേര
37. ഡോക്ടർ ഖലീഫ റശീദുദ്ദീൻ ഖാദിയാൻ
38. ഖലീഫ നൂറുദ്ദീൻ ജമ്മു
39. ഹാഫിള് മുഹമ്മദ് ഇസ്ഹാഖ് ഹൈദ്രാബാദ്
40. സയ്യിദ് നാസ്വിർ ശാഹ് ഖാദിയാൻ
41. സയ്യിദ് ഫള്ൽ ശാഹ് ഖാദിയാൻ
42. സയ്യിദ് ഗുലാം ഗൗഥ് ഖാദിയാൻ
43. ഡോക്ടർ റഹ്മത്ത് അലി ആഫ്രിക്ക
44. ബാബു മുഹമ്മദ് അഫ്ളൽ എഡിറ്റർ അഖ്ബാർ ബദ്ർ
45. ഡോക്ടർ മുഹമ്മദ് ഇസ്മായീൽ ഖാൻ ഗഡിയാനി
46. പീർ ബർക്കത്ത് അലി റൻമൽ

**അല്ലാഹുവിന്റെ കലാം:**

**“ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തു തരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ.” (വിശുദ്ധ ഖുർആൻ 3:148)**

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

**അല്ലാഹുവിന്റെ കലാം:**

**“എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല.” (വിശുദ്ധ ഖുർആൻ 51:57)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

47. ശെയ്ഖ് ഗുലാം നബി സീഠീ ഖാദിയാൻ
48. മൗലവി ശേർ അലി ബി. എ. ഖാദിയാൻ
49. മൗലവി അബ്ദുല്ലാഹ് സൻവരി
50. മിയാൻ റഹ് മത്തുല്ലാഹ് സൻവരി
51. മിയാൻ അബ്ദുർറഹീം സൻവരി
52. മിയാൻ ഹബീബുല്ലാഹ് സൻവരി
53. സ്വൂഫീ അബ്ദുൽ ഖാദിർ ബി.എ. സൻവരി
54. മാസ്റ്റർ ഖാദിർ ബഖ്ശ് ലുധിയാന
55. മൗലവി അബ്ദുർറഹീം ദർദ് എം.എ ഖാദിയാൻ
56. ബാബു ഗുലാം ഖാൻ പെൻഷണർ സിയാൽക്കോട്ട്
57. മിയാൻ മുഹമ്മദുദ്ദീൻ ജൽദ്സാസ് സിയാൽക്കോട്ട്
58. മാസ്റ്റർ ഖമറുദ്ദീൻ ലുധിയാന
59. മൗലവി അബ്ദുൽഖാദിർ മൻസ്വൂറാൻ ജില്ല ലുധിയാന
60. മുൻശീ മുഹമ്മദ് അക്ബർ ഠേക്കേദാർ ബട്ടാല
61. ഹക്കീം മുഹമ്മദ് ഹുസയ്ൻ ഖുറയ്ശീ ലാഹോർ
62. മുൻശീ മുഹമ്മദ് ജീൻ ഓജലഃ
63. ചൗദരീ ഹാക്കിം അലി ഖാദിയാൻ
64. മിയാൻ മുഹമ്മദ് സ്വിദ്ദീഖ് സീഘ്‌വാൻ
65. മിയാൻ ഇമാമുദ്ദീൻ സീഘ്‌വാൻ
66. മിയാൻ ജമാലുദ്ദീൻ സീഘ്‌വാൻ
67. മൗലവി ഗുലാം ഇമാം ശാജഹാൻപൂരി
68. മിയാൻ ഖയ്റുദ്ദീൻ സീഘ്‌വാൻ
69. സ്വൂഫീ നബി ബഖ്ശ് ക്ലാർക്ക് മുംബാസ
70. ശെയ്ഖ് അബ്ദുർറഹ് മാൻ ക്ലാർക്ക് മുംബാസ
71. ശെയ്ഖ് മുഹമ്മദ് കറം ഇലാഹീ വക്കീൽ പട്ടിയാല
72. ബാബു രോശൻ ദീൻ പെൻഷണർ സിയാൽക്കോട്ട്.
73. ബാബു ശാഹ് ദീൻ സ്റ്റേഷൻ മാസ്റ്റർ ഡോമേലി
74. ഹാജീ മുല്ലാൽ ഇമാം ബഖ്ശ്
75. സേഠ് മൂസാ ബിൻ ഉഥ്മാൻ ജാം നഗർ
76. ഡോക്ടർ രാമാനന്ദ് ജില്ല ഗുഡ്മാൽ
77. ശെയ്ഖ് യഅ്ഖൂബ് അലി എഡിറ്റർ അഖ്ബാർ അൽഹക്കം ഖാദിയാൻ
78. ഭാര്യ " " "
79. മഹ്മൂദ് ദുഖ്ത്തർ എഡിറ്റർ അഖ്ബാർ അൽഹക്കം ഖാദിയാൻ
80. ശെയ്ഖ് ഗുലാം ഗൗഥ് ബറാദർ എഡിറ്റർ അഖ്ബാർ അൽഹക്കം ഖാദിയാൻ
81. ഹാജീ ഗുലാം അഹ്മദ് കരിയാൻ
82. മുൻശീ ഹബീബുർറഹ്മാൻ ഹാജീ പൂരാ
83. ഖാളി മീർ ഹസൻ അലിപൂർ മുൽത്താൻ
84. മൗലവി ഉമറുദ്ദീൻ സ്വരീഹ്
85. ഭാര്യ മൗലവി ഉമറുദ്ദീൻ സ്വരീഹ്
86. ബാബു ജമാലുദ്ദീൻ ഗുജ്റൻവാല
87. മൗലവി അഹ്മദ് ശേർഖാൻ ഹൈദ്രാബാദ് ദക്കൺ
88. സേഠ് ശെയ്ഖ് ഹസൻ യാദ്ഗീർ
89. മുൻശീ നാദിർ ഖാൻ സർക്കാരി ജില്ല ഝലം
90. നാദിർ ഖാൻ സർക്കാരി ജില്ല ഝലം
91. മിർസാ മുഹമ്മദ് സ്വാദിഖ് ലാഹോർ
92. ഹക്കീം ഫള്ൽ ദീൻ ഭേരവി ഖാദിയാൻ
93. മുൽശീ റുസ്തം അലി കോർട്ട് ഇൻസ്പെക്ടർ
94. മിയാൻ നബി ബഖ്ശ് സൗദാഗർ പശ്മീന അമൃതസർ
95. മിയാൻ ചിരാഗ്ദീൻ ലാഹോർ
96. മൗലവി ഗുലാം ഹുസയ്ൻ പിശാവർ
97. ശെയ്ഖ് റഹ്മത്തുല്ലാഹ് താജിർ ലാഹോർ
98. ശെയ്ഖ് അബ്ദുർറഹ് മാൻ പെൻഷണർ ഇ.എ.സി ലാഹോർ
99. മാസ്റ്റർ ഗുലാം മുഹമ്മദ് ബി.എ. സിയാൽക്കോട്ട്
100. ശെയ്ഖ് ഫള്ൽ ഹഖ് ബട്ടാല.
101. ശെയ്ഖ് മൗലാ ബഖ്ശ് ബൂട്ട് മർച്ചന്റ് സിയാൽക്കോട്ട്.
102. മുൻശീ അല്ലാ ദത്താ മാനേജർ സിയാൽക്കോട്ട്
103. ശെയ്ഖ് ഗുലാം ഹയ്ദർ ഡപ്യൂട്ടി ഇൻസ്പെക്ടർ പോലീസ് സിയാൽക്കോട്ട്
104. മൗലവി അസീസ് ബഖ്ശ് ബി.എ
105. മാസ്റ്റർ മുഹമ്മദ് ഇസ്മായീൽ ടൈലർ മാസ്റ്റർ സിയാൽക്കോട്ട്
106. ശെയ്ഖ് മുഹമ്മദ് ജാൻ സൗദാഗർ വസീറാബാദ്
107. ഹക്കീം മിർസാ ഖുദാബഖ്ശ് ലാഹോർ
108. മുൻശീ മഹ്ർദീൻ പട്ട്വാരി കോഹ്ലിയാൻ തഹ്സ്വീൽ ശക്കർഗഡ്
109.മുൻശീ മുഹമ്മദ് ഖാസിം ലാലഃ മൂസാ
110. ഹാജീ മുഫ്തീ ഗുൽസാർ മുഹമ്മദ് ബട്ടാല
111. മിർസാ ഹുസയ്ൻബേഗ് ഘർക്കാ ജില്ല ഗുജ്റാത്ത്
112. സ്വൂഫീ മുഹമ്മദ് യഅ്ഖൂബ് നമ്പർദാർ കേഡി അഫ്ഗാനാൻ
113. ഭാബു ഫഖ്റുദ്ദീൻ ക്ലാർക്ക് ജീ സപ്ലൈഡിപ്പോ
114.ഡോക്ടർ അത്വഉല്ലാഹ് ഖാൻ ധരംകോട്ട് ബഘ
115. ബാബു നില്ലാമുദ്ദീൻ മാഹിൽപൂർ
116. മാസ്റ്റർ അബ്ദുൽഅസീസ് ടൈലർ മാസ്റ്റർ സിയാൽക്കോട്ട്
117 ബാബു മുഹമ്മദ് വസീർഖാൻ സബ് ഓവർസിയർ ഖാദിയാൻ
118. മൗലവി ഖുദ്റത്തുല്ലാഹ് സാഹിബ് സൻവരി
119. മിയാൻ അല്ലാഹ് ദീൻ ടേക്രിയാൽ ജില്ല റാവൽപിണ്ടി
120. രാജ അലി മുഹമ്മദ് ഇ.എ.സി ചഹുനബി ജില്ല ഝലം
121. ഖാൻ ബഹാദൂർ ശെയ്ഖ് മുഹമ്മദ് ഹുസയ്ൻ പെൻഷണർ ജഡ്ജ് അലീഗഢ്
122. ഡോക്ടർ സയ്യിദ് വിലായത്ത് ശാഹ് ആഫ്രിക്ക ഖാദിയാൻ
123. മുൻശീ ഗോഹർ അലി കോട്ട്ല അഫ്ഗാൻ
124. ശെയ്ഖ് മുശ്ത്താഖ് ഹുസയ്ൻ ഗുജ്റൻവാല
125. ഖാൻ സാഹിബ് മുൻശീ ഫർസിന്ദ് അലി ഖാദിയാൻ
126. ഖദീജാബീഗം, ഭാര്യ മുൻശീ ഫർസിന്ദ് അലി ഖാദിയാൻ
127. അമത്തുല്ലാഹ് ബീഗം ഭാര്യ മുൻശീ ഫർസിന്ദ് അലി ഖാദിയാൻ
128. ഡോക്ടർ സയ്യിദ് അബ്ദുസ്സത്താർ ശാഹ് ഖാദിയാൻ
129. സയീദത്തുന്നിസാ ഭാര്യ ഡോക്ടർ സയ്യിദ് അബ്ദുസ്സത്താർ ശാഹ് ഖാദിയാൻ
130. ഡോക്ടർ ഹശ്മത്തുല്ലാഹ് ഖാദിയാൻ
131. ഖാൻ സാഹിബ് മുൻശീ ബർക്കത്ത് അലി ശിംല
132. മൗലവി അബ്ദുർറഹീം നയ്യർ ഖാദിയാൻ
133. അഹ്മദിയ്യാ ജമാഅത്ത് ലേഗോസ് ഖാദിയാൻ
134. മൗലവി ആലംഗീർ ഖാൻ ഗുംബട്ട് സിന്ധ്
135. മിസ്തരി അലി ബഖ്ശ് ഫരീദ്കോട്ട്
136. ഭാര്യ മിസ്തരി അലി ബഖ്ശ് ഫരീദ്കോട്ട്
137. ഡോക്ടർ ജുമുഅദാർ അബ്ദുൽകരീം ഗുജ്ർവാൽ ജില്ല ലുധിയാന
138. ശെയ്ഖ് അലി അള്ഹർ
139. മുൻശീ മുഹമ്മദുദ്ദീൻ ഘാരിയാൽ
140. മിയാൻ ഗുലാംനബി മാഹൽപൂർ
141. ശെയ്ഖ് ഫള്ൽ അഹ്മദ് ബട്ടാല
142. ഭാര്യ ശെയ്ഖ് ഫള്ൽ അഹ്മദ് ബട്ടാല
143. ഡോക്ടർ സയ്യിദ് മുഹമ്മദ് ഹുസയ്ൻ ശാഹ് ധരംകോട്ട് റൻദഹാവ
144. കുട്ടികൾ, ഡോക്ടർ സയ്യിദ് മുഹമ്മദ് ഹുസയ്ൻ ശാഹ് ധരംകോട്ട് റൻദഹാവ
145. ഡോക്ടർ ഫള്ൽ ദീൻ വെറ്റിനറി അസിസ്റ്റന്റ് ഖാദിയാൻ
146. ഭാര്യ ഡോക്ടർ ഫള്ൽ ദീൻ വെറ്റിനറി അസിസ്റ്റന്റ് ഖാദിയാൻ
147. കുട്ടികൾ ഡോക്ടർ ഫള്ൽ ദീൻ വെറ്റിനറി അസിസ്റ്റന്റ് ഖാദിയാൻ
148. ശെയ്ഖ് അഹ്മദുല്ലാഹ് നൗശഹ്റ ഛാവനി
149. ഖാളീ അബ്ദുല്ലാഹ് ബി.എ. ഖാദിയാൻ
150. സ്വൂഫീ മുഹമ്മദ് അലി ജൻജോഅ ജലാൽപൂർ ജട്ടാൻ
151. ബാബു മുഹമ്മദ് അബ്ദുല്ലാഹ് ക്ലാർക്ക് ഫിറോസ്പൂർ
152. ഡോക്ടർ ഫള്ൽ കരീം ഖാദിയാൻ
153. സേഠ് അബ്ദുല്ലാഹ് ഭായി സെക്കന്ദ്രാബാദ്
154. ഭാര്യ സേഠ് അബ്ദുല്ലാഹ് ഭായി സെക്കന്ദ്രാബാദ്
155. സേഠ് അലാഹ്ദീൻ സെക്കന്ദ്രാബാദ്
156. ബാബു മുഹമ്മദ് ശഫീഅ് സബ് ഓവർ സിയർ ഖാദിയാൻ
157. മാസ്റ്റർ മുഹമ്മദ് ദീൻ ബി.എ. ഹെഡ്മാസ്റ്റർ ഖാദിയാൻ
158. കുട്ടികൾ മാസ്റ്റർ മുഹമ്മദ് ദീൻ ബി.എ. ഹെഡ്മാസ്റ്റർ ഖാദിയാൻ
159. ഹാഫിള് സയ്യിദ് അബ്ദുൽവഹീദ് താജിർ മൻസ്വൂരി
160. ഹാഫിള് സയ്യിദ് അബ്ദുൽമജീദ് താജിർ മന്സ്വൂരി
161. ബാബു ഇഅ്ജാസ് ഹുസയ്ൻ ദില്ലി
162.ശെയ്ഖ് അബ്ദുർറഹ്മാൻ ഖാദിയാനീ
163. സ്വൂബെദാർ ഗുലാം ഹുസയ്ൻ ചക് 181 പാക്പട്ടൻ
164. മാസ്റ്റർ മുഹമ്മദു ത്വുഫയ്ൽ ഖാദിയാൻ
165. ഡോക്ടർ ശാഹ് നവാബ് സിയാൽക്കോട്ട്
166. പീർ മൻള്വൂർ മുഹമ്മദ് ഖദിയാൻ
167. മുൻശീ ഗുൽമുഹമ്മദ് മസൽഖ്വാൻ തലഃഗംഗ് ജില്ല കേമ്പൽപൂർ
168. ശെയ്ഖ് നിയാസ് മുഹമ്മദ് സബ് ഇൻസ്പെക്ടർ പോലീസ് ഗുജ്റൻവാല
169. ശെയ്ഖ് ഗുലാം ഹുസയ്ൻ ലുധിയാനവി, ഡ്രാഫ്റ്റ്സ്മാൻ ന്യൂദില്ലി
170. സേഠ് അലി മുഹമ്മദ് എം.എ.സെക്കന്ദ്രാബാദ്

171. ഫാത്വിമ ബീഗം ബിൻത് സേഠ് അബ്ദുല്ലാഹ് ഭായി സെക്കന്ദ്രാബാദ്
172. ബാബു ഫള്ൽദീൻ സബ്ഓവർസിയർ മർദാൻ
173. സേഠ് ഇസ്മായീൽ ആദം ബോംബെ
174. ഡോക്ടർ ഗുലാം മുസ്ത്വഫാ ഘാരിയാൻ
175.സയ്യിദ് ഗുലാം ഹുസയ്ൻ ഡപ്യൂട്ടി സൂപ്രണ്ടന്റ് വെറ്റിനറി ഡിപ്പാർട്ടുമെന്റ്
176. സയ്യിദ ജമീല ഖാത്തൂൻ ബിൻത് സയ്യിദ് അഹ്മദ് ഹസൻ മുസഫ്ഫർ നഗർ
177. മാസ്റ്റർ മുഹമ്മദ് ഇബ്റാഹീം സെക്രട്ടറി നങ്കാന സാഹിബ്
178. മിയാൻ മുഹമ്മദ് ശരീഫ് ഇ എ സി ലാഹോർ
179.അമത്തുർറഹ്മാൻ ബിൻത് ഖാളീ ളിയാഉദ്ദീൻ ദേര
180. ഖാൻ ബഹാദുർ ചൗദ്‌രി മുഹമ്മദ് ദീൻ റിട്ടയേർഡ് ഡപ്യൂട്ടി കമ്മീഷണർ
181. മലിക് മൗലാ ബഖ്ശ് അമൃതസർ
182. ബാബു സിറാജുദ്ദീൻ സ്റ്റേഷൻമാസ്റ്റർ
183. ഖുറയ്ശീ മുഹമ്മദ് ഉഥ്മാൻ എഞ്ചിനിയർ കർണാൽ
184. മിർസാ ബർക്കത്ത് അലി ആബാദാൻ
185. അമത്തുർറഹീം ഖാനം ഭാര്യ മിർസാ ബർക്കത്തി അലി
186. ഇബ്റാഹീം യുസുഫ് ബുർദ്‌വലി
187. ബാബു അബ്ദുർറഹ്മാൻ അംബാല
188. ഹാജീ ശെയ്ഖ് മീരാൻ ബഖ്ശ് അംബാല
189. മിയാൻ ഖുദാ ബഖ്ശ് ഹാണ്ടോ
190. ചൗദ്‌രി സ്വാദിഖ് അലി തഹ്സീൽദാർ ബഹൽപൂർ ജില്ല ഗുജ്റാത്ത്
191.ഹക്കീം ഫള്ലുർറഹ്മാൻ മുബല്ലിഗ് ആഫ്രിക്ക
192. ഡോക്ടർ മലിക് മുഹമ്മദ് റമളാൻ ശ്രീ ഗോബിൻദ്പൂർ
193. ചൗദ്‌രി മുഹമ്മദു ഇസ്മായീൽ ഇ എ സി ഘേവാബാജ്‌വ ജില്ല സിയാൽക്കോട്ട്
194. ഇ. മലിക് മുസഫ്ഫർപൂർ
195. ബാബു അലി ഹസൻ സൻവരി ഹെഡ് ഡ്രാഫ്റ്റ്സ്മാൻ
196. ഫഹ്മീദ ബീഗം ബിൻത് മദദ് അലി ശാജഹാൻപൂർ
197. ഭാര്യ ചൗദ്‌രി മുബാറക് അഹ്മദ് കോഹാട്ട്
198.ചൗദ്‌രി ഫത്ഹ് മുഹമ്മദ് സിയാൽ എം.എ ഖാദിയാൻ
199. ഡോക്ടർ ബദ്റുദ്ദീൻ അഹ്മദ് ആഫ്രിക്ക
200. മൗലവി അബ്ദുൽഗഫൂർ മൗലവി ഫാളിൽ ഖാദിയാൻ
201. ഫാത്വിമത്തുസ്സഹ്റ ഭാര്യ മൗലവി അബ്ദുൽ ഗഫൂർ മൗലവി ഫാളിൽ ഖാദിയാൻ
202. സർദാർ മുഹമ്മദ് അലി ജോഡഃകർനാന
203. പ്രൊഫസർ മൗലവി അബ്ദുല്ലത്വീഫ് ചട്ടാഗാജ്
204. സയ്യിദ് മുഹമ്മദ് ലത്വീഫ് ചക് ഖാളിയാൻ ജില്ല ഗുരുദാസ്പൂർ
205. റസൂൽ ബീബി തലവണ്ടിമൂസാ
206. സയ്യിദ് അബ്ദുൽഹലീം കട്ടക്
207. ബാബു വസീർ മുഹമ്മദ് ലാഹോർ
208. മൗലവി ഫള്ലുദ്ദീൻ വക്കീൽ ഖാദിയാൻ
209. ചൗദ്‌രി നൂർ അഹ്മദ്ഖാൻ മുഹർറർ ഖാദിയാൻ
210. ശെയ്ഖ് അബ്ദുൽ ഹമീദ് ശിംല
211. സയ്നബ് ബീബീ ഭാര്യ മഹ്മൂദ് അഹ്മദ് ഖാദിയാൻ
212. മൗലവി അബ്ദുൽമുഗ്നീ ഖാൻ ഖാദിയാൻ
213. ഗുലാം മുഹമ്മദ് ബിൻ മിയാൻ മുറാദ് ബഖ്ശ് രാജപൂത്ത് സയ്യിദ് വാലാ ജില്ല ശെയ്ഖ്പുര
214. സ്വൂബെദാർ മുഹമ്മദ് അബ്ദുല്ലാഹ് ഇൻഡ്യൻ ആർമി ഖാദിയാൻ
215. സയ്യിദ് സയ്നുൽആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ്
216. മിയാൻ മുഹമ്മദ് ഇസ്മായീൽ ചക് നമ്പർ 537 മിയാൻവാലി ജില്ല ശെയ്ഖ്പുര
217. ചൗദ്‌രീ സുൽത്വാൻ അലി മൻഘോവാൽ ജില്ല ഗുജ്റാത്ത്
218. മൗലവി അബ്ദുൽകരീം തഹാൽ ജില്ല ഗുജ്റാത്ത്
219. ഹാഫിള് സയ്യിദ് അബ്ദുൽ ഹമീദ് മൻസ്വൂരി
220. മുഹമ്മദ് മദദ് അലി ഇൻസ്പെക്ടർ ഓഫ് വർക്സ് റയിൽവെ ഖാൻപൂർ
221. മൗലവി മുഹമ്മദ് അലി ബദൂമഹൽവി ഖാദിയാൻ
222. ചൗദ്‌രീ അബ്ദുൽ വഹീദ് നൈറോബി
223. മാസ്റ്റർ അബ്ദുൽ അസീസ് പെൻഷണർ നൗശഹ്റ തഹ്സ്വീൽ പസ്റൂർ ജില്ല സിയാൽക്കോട്ട്
224. ഫാത്വിമ ബീബീ ഭാര്യ മാസ്റ്റർ അബ്ദുൽ അസീസ് പെൻഷണർ നൗശഹ്റ തഹ്സ്വീൽ പസ്റൂർ ജില്ല സിയാൽക്കോട്ട്
225. അഖ്ത്തർ ബീഗം ഉർഫ് ഫർഖൻദഃ അഖ്ത്തർ ബിൻത് മാസ്റ്റർ അബ്ദുൽ അസീസ് പെൻഷണർ നൗശഹ്റ തഹ്സ്വീൽ പസ്റൂർ ജില്ല സിയാൽക്കോട്ട്
226. ശെയ്ഖ് അബ്ദുർറശീദ് സ്വദ്ർ ബാസാർ മീററ്റ്
227. ഡോക്ടർ ശേർ മുഹമ്മദ് ഹാലീ സിയാൽക്കോട്ട്
228. ശെയ്ഖ് അബ്ദുൽഗനി ഗുഡ്സ് ക്ലാർക്ക് പെശാവർ
229. ഡോക്ടർ ഗുലാം അലി സബ് അസിസ്റ്റന്റ് സർജൻ ഛഹൂർ 117 ജില്ല ശെയ്ഖ്പുര
230. സയ്നബ് ബീഗം ഭാര്യ ഡോക്ടർ ഗുലാം അലി സബ് അസിസ്റ്റന്റ് സർജൻ ഛഹൂർ 117 ജില്ല ശെയ്ഖ്പുര
231. സർദാർ അബ്ദുർറഹ് മാൻ ബി.എ നൗ മുസ്ലിം ഖാദിയാൻ
232. ഗുലാം ഫാത്വിമ ഭാര്യ സർദാർ അബ്ദുർറഹ്മാൻ ബി.എ നൗ മുസ്‌ലിം ഖാദിയാൻ
233. അസീസ് ബീബീ ഭാര്യ ബാബു ഗുലാം റസൂൽ ഠേക്കേദാർ ഖാദിയാൻ
234. ചൗദ്‌രീ നദീർ അഹ്മദ് ത്വാലിബ്പൂർ ഭങ്വാൽ ജില്ല ഗുരുദാസ്പൂർ
235. മാസ്റ്റർ മൗലാ ബഖ്ശ് ഖാദിയാൻ
236. റഹ് മത്ത് ബീബീ ഭാര്യ മാസ്റ്റർ മൗലാ ബഖ്ശ് ഖാദിയാൻ
237. ചൗദ്‌രീ അഅ്ളം അലി സബ് ജഡ്ജ് കർതൂ ജില്ല ശെയ്ഖ്പുര
238. നിഅ്മത്ത്ബീബീ ഭാര്യ ചൗദ്‌രീ നൂർ അഹ്മദ് ഖാൻ ഖാദിയാൻ
239. സിറാജ് ബീഗം ഭാര്യ ഡോക്ടർ ബദ്റുദ്ദീൻ ഖാദിയാൻ
240. സ്വൂഫീ കറം ഇലാഹീ കമ്പോസിർ വ ശിംല അലാഹ് ദീൻ ഗവൺമെന്റ് പ്രസ്സ് ശിംല.
241. സേഠ് അബൂബക്ർ യൂസുഫ്(ജിദ്ദ)ഖാദിയാൻ
242. സേഠ് മുഹമ്മദ് ഗൗഥ് ഹൈദ്രാബാദ് ദക്കൺ
243. ഹലീമ ബീഗം ഭാര്യ സേഠ് മുഹമ്മദ് ഗൗഥ് ഹൈദ്രാബാദ്
244. ഹുസയ്ൻ ബീബീ മാതാവ് ഓണററബിൾ സർ ചൗദ്‌രീ മുഹമ്മദ് സഫ്റുല്ലാഹ് ഖാൻ ഡസ്ക ജില്ല സിയാൽക്കോട്ട്
245. ഹക്കീം മുഹമ്മദ് ഉമർ ഖാദിയാൻ.
246. ബാബു മുഹമ്മദ് ഫാളിൽ സബ്ഓവർസിയർ ഫിറോസ്പൂർ
247. സയ്നബ് ബീബീ ഭാര്യ ബാബു മുഹമ്മദ് ഫാളിൽ സബ്ഓവർസിയർ ഫിറോസ്പൂർ
248. ചൗദ്‌രീ ഗുലാം അഹ്മദ് ഖാൻ രാജ്പൂത്ത് സഡോഅ ജില്ല ഹോശിയാർപൂർ, അഡ്വക്കേറ്റ് ഹൈക്കോടതി, ലാഹോർ
249. മലിക് ഇമാമുദ്ദീൻ ബിൻ മലിക് ഗുലാബുദ്ദീൻ സക്ന സമ്പടിയാൽ ജില്ല സിയാൽക്കോട്ട്
250. മലിക് ഉമർ അലി ബിൻ മലിക് റഹീം ബഖ്ശ് ഘോഘർ റഈസ് മുൽത്താൻ
251. മാസ്റ്റർ ഖയ്റുദ്ദീൻ സൂപ്രണ്ടന്റ് ഉർദു നോർമൽ സ്കൂൾ അമരാവതി ബറാർ
252. മുള്വഫ്ഫർ ബീഗം മകൾ മിർസാ മുഹമ്മദ് അശ്റഫ് സാബിഖ് നാള്വിം ജാഇദാദ് സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ
253. ഹമീദത്തുന്നിസാ ഖാനം ഭാര്യ ചൗദ്‌രീ അബുൽഹാശിം ഖാൻ നാട്ടൂർ ജില്ല രാജ്ശാഹി ബംഗാൾ
254. മാസ്റ്റർ ഫള്ൽ കരീം ഹെഡ്മാസ്റ്റർ റാംഗഡ് സർദാറാൻ ജില്ല ലുധിയാന
255. ഹാഫിള് അബ്ദുൽ അലി ബി.എ. ബിൻ നിള്വാമുദ്ദീൻ സക്ന അദ്റഹ്മ ജില്ല ശാഹ്പൂർ
256. അബ്ദുർറഹീം ബിൻ ശെയ്ഖ് മീർ മുഹമ്മദ് നൗശഹ്റ ജില്ല സിയാൽക്കോട്ട്.
257. മുഹമ്മദ് ഇസ്മായീൽ മുഅ്ത്തബിർ ബിൻ ഗുലാം ഖാദിർ മലിയാനീ ഖാദിയാൻ
258. സയ്നബ് ബീഗം ഭാര്യ മഹ്മൂദ് ഹസൻ ഐ സി എസ് സബ് കളക്ടർ
259. സയ്യിദ നുസ്വ്റത്ത് ബാനൂ ഭാര്യ ഡോക്ടർ ഇത്വ്റുദ്ദീൻ ബോംബെ
260. സർദാർ ബീഗം നൗ മുസ് ലിമ ഭാര്യ മലിക് ഫള്ൽ ഹുസയ്ൻ ധാമാൻ ജില്ല ഗുജ്റാത്ത്.
261. ചൗദ്‌രീ ഗുലാം ഹസൻ സഫേദ് പോശ് മുഹാജിർ ഖാദിയാൻ മുഹല്ല ദാറുൽ ഫള്ൽ ഹസൻ മൻസിൽ
262. ചൗദ്‌രീ അലി അഹ് മദ് കോട്ട്കറം ബഖ്ശ് ജില്ല സിയാൽക്കോട്ട്
263. മഹ്ർ അലി സബ് അസിസ്റ്റന്റ് സർജൻ ബസാൽ രിയാസത്ത് ബഹാവൽപൂർ
264. ഡോക്ടർ നദീർ അഹ്മദ് ഖാൻ ഗഗോ ഡിസ്പൻസറി ജില്ല മണ്ടഗംരി സഡോഅ ഹോശിയാർപൂർ
265. മലിക് മുഹമ്മദ് ഇസ്മായീൽ ശ്രീഗോബിൻദ്പുരി സൗദാഗർ മവേശിബറാദർ അക്ബർ ഡോക്ടർ മലിക് മുഹമ്മദ് റമളാൻ
266. ഡോക്ടർ മുഹമ്മദ് ഇബ്റാഹീം ഖാൻ ബസ്തീ ദാനിശ് മൻദാൻ ജലന്ധർ
267. ഹാജീ ബഖാഉല്ലാഹ് അക്കൗണ്ട് ഓഫീസ് ഭോപാൽ
268. അസീസ് ബീഗം ഭാര്യ ഖാൻ സാഹിബ് ബർക്കത്ത് അലി സക്ന ബസ്തീ ശെയ്ഖ് ജലന്ധർ നാള്വിർ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ

269. റളിയ ബീഗം ഹംശീറ മൗലവി മുഹമ്മദ് യഅ്ഖൂബ് മൗലവി ഫാളിൽ ഖാദിയാൻ
270. അൻവർ ബീഗം ഭാര്യ മൗലവി മുഹമ്മദ് യഅ്ഖൂബ് മൗലവി ഫാളിൽ ഖാദിയാൻ
271. ഹിക്മത്ത് ബീഗം മാതാവ് അബ്ദുൽ മുഗ്നീ ഖാൻ നാളിർ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ സക്ന ഖാഇം ഗൻജ് ജില്ല ഫർഖാബാദ്
272. ഖാൻ ഗുലാം മുഹമ്മദ് ഖാൻ ഐ സി എസ് മിയാൻവാലി
273. ചൗദ്രീ ദിൽ മുഹമ്മദ് മൗലവി ഫാളിൽ മുബല്ലിഗ് ഖാദിയാൻ
274. മിയാൻ അല്ലാദത്ത ബിൻ മാഹിയ സക്ന പലാഹ്‌വാലഃ രിയാസത്ത് ജമ്മു.
275. ചൗദ്രീ നൂറുദ്ദീൻ ദേൽദാർ ചെക് 6/6-7 ജില്ല മണ്ടഗരി ഭാര്യമാരോടൊപ്പം
276. ഫിറോസ് സർഗർ മർഹൂം സാക്കിൻ കുൻദി ഹാജീ ഖയ്ൽ മൗളാ തഹ്ക്കാൽ ബാല ജില്ല പെശാവർ
277. ഖാളി മുഹമ്മദ് റശീദ് അസിസ്റ്റന്റ് ഫിറോസ്പൂർ ആർസണൽ ഭാര്യയോടൊപ്പം
278. പീർ സ്വലാഹുദ്ദീൻ ബി.എ.പ്ലീഡർ ഫിറോസ്പൂർ
279. മാതാവ് മസ്ഊദ് അഹ്മദ് അമൃതസരി
280. സഹോദരി മസ്ഊദ് അഹ്മദ് അമൃതസരി
281. സയീദ ബീഗം ബിൻത് സേഠ് മുഹമ്മദ് ഗൗഥ് ഹൈദ്രാബാദ് ദക്കൺ
282. സലീമ ബീഗം ബിൻത് സേഠ് മുഹമ്മദ് ഗൗഥ് ഹൈദ്രാബാദ് ദക്കൺ
283. അമത്തുൽ ഹഫാള് ബിൻത് സേഠ് മുഹമ്മദ് ഗൗഥ് ഹൈദ്രാബാദ് ദക്കൺ
284. സേഠ് മുഹമ്മദ് അഅ്ളം ഹൈദ്രാബാദ് ദക്കൺ
285. അസീസ് ബീഗം ഭാര്യ സേഠ് മുഹമ്മദ് അഅ്ളം ഹൈദ്രാബാദ് ദക്കൺ
286. അമത്തുൽഹയ്യ് ബീഗം ബിൻത് സേഠ് മുഹമ്മദ് അഅ്ളം ഹൈദ്രാബാദ് ദക്കൺ
287. മഹ്മൂദ ബീഗം ഭാര്യ മുഹമ്മദ് മുയീനുദ്ദീൻ ഹൈദ്രാബാദ് ദക്കൺ
288. അബ്ദുൽ അസീസ് സക്ന ചെക് സെക്കന്ദർ ജില്ല ഗുജ്റാത്ത്.
289. ഡോക്ടർ നദീർ അഹ്മദ് ബിൻ സർദാർ അബ്ദുർറഹ്മാൻ ആഫ്രിക്ക
290. മുഹമ്മദ് ബഖ്ശ് അഹ്മദീ സൻവർ രിയാസത്ത് പട്ടിയാല ഭാര്യ അശ്കറാമത്തുന്നിസാ സാഹിബയോടൊപ്പം
291. ചൗദ്രീ കരീമുദ്ദീൻ ഭട്ടി ചെക് 69/313 പെൻഷണർ മുഹാജിർ ഖാദിയാൻ മുത്തവത്വൻ സിയാൽക്കോട്ട്
292. മുഹമ്മദ് ശഫീഅ് ബിൻ ശെയ്ഖ് മീർ മുഹമ്മദ് നൗശഹ്റ കക്കെസെഇയാൻ ജില്ല സിയാൽക്കോട്ട്
293.അല്ലാ ജവായാ അഹ്മദീ സാക്കിൻ ചിനിയോട്ട് ഹാൽ ആഗ്ര ബയ്അത്ത് ഏകദേശം 1913
294. മർയം ഖാത്തൂൻ ഭാര്യ മൗലവി അല്ലാദത്ത സാഹിബ് മർഹൂം ജമ്മു ഹാൽ മുഹാജിർ ഖാദിയാൻ
295. സർദാർ ബിശാറത്ത് അഹ്മദ് ആഫ്രിക്ക ഇബ്നു മാസ്റ്റർ അബ്ദുർറഹ്മാൻ സാഹിബ് ബി.എ. ഖാദിയാൻ
296. ഡോക്ടർ ഫത്ഹുദ്ദീൻ അഹ് മദീ ജാങ്പൂരി ഥുമ്മ ഖാദിയാനി
297. മർയം ശാഹ് നവാബ് ബിൻത് മിയാൻ അബ്ദുർറസാഖ് സിയാൽക്കോട്ടി.
298. ബീബീ നസീമ ഖാത്തൂൻ മാതാമഹി മുഹത്തരമ ഹദ്റത്ത് സാറാബീഗം(റ)മൗള ജംഗാഊം ജില്ല ഭാഗൽപൂർ ബീഹാർ
299. ശെയ്ഖ് അബ്ദുല്ലായും സ്കാട്ട് ഗ്ലാസ്ഗോയും -സ്കോട്ട്ലാൻഡ്
300. അസീസ് ബാനൂ ബിൻത് മുൻശീ ഫയാള് അലി -സറാവ- ജില്ല മീററ്റ്
301. ബാബു ഖുശീ മുഹമ്മദ്- പാർസൽ ക്ലാർക്ക്- ജില്ല സോഹ്ദറകോപ്റ ജില്ല ഗുജറൻവാല
302. നുസ്റത്ത് സുൽത്വാനബീഗം സാഹിബ ഗുജ്റാത്തി ഥുമ്മ ലാഹോർ
303. മുൻശീ അബ്ദുൽകരീം മൗള നൗശഹ്റ കക്കെസെഇയാൻ ജില്ല സിയാൽക്കോട്ട്
304. സയ്യിദ് മുഹമ്മദ് ഹുസയ്ൻ ശാഹ് ബിൻ അത്വാമുഹമ്മദ് ശാഹ് മുഖ്ത്താറെ ആം സാഹിബ്സാദഗാൻ മസീഹ് മൗഊദ്(അ) വാലിദ് ഡോക്ടർ മുഹമ്മദ് ജീ അഹ്മദി
305. ക്യാപ്റ്റൻ ഡോക്ടർ മുഹമ്മദ് ജീ അഹ്മദീ ബിൻ സയ്യിദ് മുഹമ്മദ് ഹുസയ്ൻ ശാഹ് മെഡിക്കൽ അഫ്സർ നങ്കാന സാഹിബ് ജില്ല ശെയ്ഖ്പുര
306. ബർക്കത്തുന്നിസാ ബീഗം ഭാര്യ സയ്യിദ് മുഹമ്മദ് ഹുസയ്ൻ ശാഹ് മുഖ്ത്താറെ ആം സാഹിബ്സാദഗാൻ മസീഹ് മൗഊദ്(അ)വാലിദ് ഡോക്ടർ മുഹമ്മദ് ജീ അഹ്മദി

.......☆.......☆.......☆.......

## ദിവ്യപ്രകാശം

**ഇസ്‌ലാമിനു സംഭവിച്ച വിപത്തുകളിലും കാലത്തിന്റെ വിഹ്വലമായ മാറ്റത്തിലും**
**ഞാൻ ഇന്നാലില്ലാഹി പറയുന്നു!**
**ഹൃദയങ്ങൾ നിർജീവമായി പാപകർമങ്ങൾ പെരുകി അസ്വസ്ഥതകൾ അതികഠിനമായി**
**ഈ ഇരുണ്ട രാത്രിയിലെ പ്രചണ്ഡമായ അധർമച്ചുഴിയുടെ യാമത്തിൽ**
**അല്ലാഹുവിന്റെ കാരുണ്യം ആവശ്യപ്പെടുകയുണ്ടായി – ആകാശത്തുനിന്ന് പ്രകാശം ഇറങ്ങണമെന്ന്.**
**ഇതാ ആ പ്രകാശം ഞാനാകുന്നു;**
**അല്ലാഹുവിന്റെ ആജ്ഞ അനുസരിച്ചുവന്ന മുജദ്ദിദും, അല്ലാഹുവിന്റെ സഹായം ലഭിച്ച ദാസനും, ആഗതനാകേണ്ടുന്ന മഹ്ദിയും, മസീഹ് മൗഊദും ജനങ്ങൾക്ക് വിഭാവനം ചെയ്യാൻ കഴിയാത്ത പദവിയിൽ എന്റെ റബ്ബിൽനിന്ന് ഞാൻ നിയോഗിതനായിരിക്കുന്നു.'**

**ഖുത്ബ്ബ ഇൽഹാമിയ്യ**
**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**

പേജ് 3 ൽ നിന്ന് ⤵

### സകല സത്യങ്ങളും ബൈബിളിലില്ല

ബൈബിളിന്റെ അധ്യാപനങ്ങൾ സമ്പൂർണമാണെന്ന് ധരിക്കുന്നത് ബുദ്ധിനഷ്ടവും ചിന്താകുറവുമാണ്. ഹദ്റത്ത് മസീഹ് താനും ബൈബിളിന്റെ അധ്യാപനത്തെ ന്യൂനതയില്ലാത്തതായി മനസ്സിലാക്കിയിരുന്നില്ല. അദ്ദേഹം തന്നെ പറയുകയുണ്ടായി:'ഇനിയും വളരെ നിങ്ങളോടു പറവാനുണ്ട്. എന്നാൽ, നിങ്ങൾക്കിപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും.'(യോഹന്നാൻ 16:12-14). ഇനിപ്പറയുക!സകല സത്യങ്ങളും ബൈബിൾ വലയം ചെയ്തിട്ടുണ്ടോ? ഇങ്ങനെയുണ്ടാകുമ്പോൾ വിശുദ്ധ ഖുർആനിന്റെ ആവശ്യമില്ലേ?'(ബറാഹീനെ അഹ്മദിയ്യ, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 300, അടിക്കുറിപ്പ് 2)

### ദൈവജ്ഞാനത്തിന്റെ വിഭവം വിശുദ്ധ ഖുർആനിലുണ്ട്; ബൈബിളിലില്ല.

ഏതൊന്ന് നിങ്ങളെക്കാൾ 1882 വർഷം മുമ്പേ മിശിഹാ അപൂർണമാണെന്ന് പറഞ്ഞുവോ, മിശിഹായുടെ അനുയായികളെന്ന് പറയുന്ന നിങ്ങൾ അതിനെ സമ്പൂർണമെന്ന് നിശ്ചയിക്കുന്നതെങ്ങനെ? നിങ്ങൾക്ക് മിശിഹായുടെ വാക്യത്തിൽ വിശ്വാസംതന്നെയില്ലെങ്കിൽ, നേരിട്ട് വിശുദ്ധഖുർആനുമായി ബൈബിളിനെ തട്ടിച്ചുനോക്കാനാഗ്രഹിക്കുന്നെങ്കിൽ ദൈവനാമത്തിൽ വരിക. നാം ഈ ഗ്രന്ഥത്തിൽ വിശുദ്ധഖുർആനിനെ സംബന്ധിച്ച് സ്ഥാപിച്ചു കാണിച്ചിട്ടുള്ളതുപോലെ ബൈബിളിൽനിന്ന് ആ ശ്രേഷ്ഠതകൾ എടുത്തു കാണിക്കുക; ദൈവജ്ഞാനത്തിന്റെ വിഭവം വിശുദ്ധ ഖുർആനിലോ ബൈബിളിലോ എന്ന് നീതിമാന്മാർ സ്വയം വിലയിരുത്തട്ടെ. (ബറാഹീനെ അഹ്മദിയ്യ, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 301, അടിക്കുറിപ്പ് 2 )






പേജ് 2 ൽ നിന്ന് ⤵

ർവഹിക്കുന്നതായിരിക്കും.(ബുഖാരി, കിതാബുൽ അമ്പിയാഅ് മലാഹിം, ഹദീഖത്തുസ്സ്വാലിഹീൻ ഹദീഥ് നമ്പർ 947)

● ഹദ്റത്ത് അനസ്(റ) വിവരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: കാര്യ ങ്ങൾ കടുപ്പമായിക്കൊണ്ടിരിക്കും. ലോകത്തിനുമേൽ കാലദോഷങ്ങൾ പരക്കുന്നതായിരിക്കും. ജനങ്ങൾ പിശുക്കന്മാരായിത്തീരും. ദ്രോഹികൾ ഖിയാമത്തിന്റെ ദൃശ്യം കാണുന്നതായിരിക്കും. അത്തരം ഗുരുതരമായ അവസ്ഥകളിൽ അല്ലാഹുവിന്റെ മാമൂർ(ദൈവനിയോഗിതൻ)വെളിപ്പെടുന്നതായിരിക്കും. ഈസാ അല്ലാതെ ഒരു മഹ്ദിയുമില്ല.(അതായത് മസീഹ് മൗഊദ് തന്നെ മഹ്ദിയായിരിക്കും. കാരണം മഹ്ദിയുടെ വേറിട്ടൊരു അസ്തിത്വമില്ല).(ഇബ്നുമാജ ബാബു ശിദ്ദത്തുസ്സമാൻ, ഹദീഖത്തുസ്സ്വാലിഹീൻ, ഹദീഥ് നമ്പർ 954)

# ഗ്രന്ഥരചനകളിലും മതപരമായ സംവാദങ്ങളിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ദൈവപിന്തുണകളുടേയും വിശ്വാസവർദ്ധക സംഭവങ്ങളുടേയും വെളിപെടൽ

തൻവീർ അഹ്മദ് നാസിർ, നാഇബ് എഡിറ്റർ ബദ്ർ, ഖാദിയാൻ

ഹദ്റത്ത് മൗലവി അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി(റ) 'സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ്' എന്ന തന്റെ ഗ്രന്ഥത്തിൽ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് അൽമുസ്‌ലിഹ് മൗഊദ്(റ)ന്റെ കുട്ടിക്കാലത്തെ ഒരു അത്ഭുതകരമായ സംഭവം എഴുതുന്നു.

"മഹ്മൂദിന് ഏകദേശം 4 വയസ്സായിരുന്നു. ഹദ്റത്ത് (അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)) സാധാരണപോലെ എഴുത്തിൽ മുഴുകിയിരിക്കുകയായിരുന്നു. മിയാൻ മഹ്മൂദ് തീപ്പെട്ടിയുമായി അവിടെ വന്നു. മസീഹ് മൗഊദിനോടൊപ്പം കുട്ടികളുടെ ഒരു കൂട്ടമുണ്ടാകുമായിരുന്നു. മിയാൻ മഹ്മൂദ് ആദ്യം കുറച്ചുനേരം പരസ്പരം കളിച്ചും കലഹിച്ചുകൊണ്ടിരുന്നു. പിന്നീട് മനസ്സിൽ തോന്നിയതുപോലെ എഴുതിവെച്ച ലേഖനത്തിന് തീ കൊളുത്തി. സ്വയം സന്തോഷിക്കുകയും കൈകൊട്ടി കൊണ്ടിരിക്കുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)എഴുത്തിൽ വ്യാപൃതനായിരുന്നു. എന്താണ് നടക്കുന്നതെന്ന് തലയുയർത്തി നോക്കുകപോലും ചെയ്തില്ല. അപ്പോഴേക്കും തീ അണയുകയും വില പിടിച്ച ലേഖനം ചാരമായിത്തീരുകയും ചെയ്തിരുന്നു. കുട്ടികളെ മറ്റെന്തോ കാര്യം അതിലേക്ക് വലിച്ചുകൊണ്ടുപോയതാണ്. ഹദ്റത്ത് മസീഹ് മൗഊദിന് മുമ്പേയുള്ള വരികളുമായി ചേർക്കുന്നതിന് എഴുതിവച്ച മാറ്റർ നോക്കേണ്ട ആവശ്യം വന്നു. കുട്ടികളോട് ചോദിച്ചപ്പോൾ എല്ലാവരും നിശബ്ദരായി. ചോദിച്ചുടനെ പതിയിരിക്കുകയും ചെയ്തു. അവസാനം ഒരു കുട്ടി പറഞ്ഞു: 'മിയാൻ സാഹിബ് കടലാസ് കത്തിച്ചുകളഞ്ഞു.' സ്ത്രീകളും കുട്ടികളും വീട്ടിലെ മറ്റുള്ളവരുമെല്ലാം അമ്പരക്കുകയും ഇനിയെന്തു സംഭവിക്കുമെന്നോർത്ത് വിരൽ കടിക്കുകയും ചെയ്തു. എന്നാൽ, ഹദ്റത്ത് പുഞ്ചിരിച്ചുകൊണ്ട് പറയുന്നു: 'നന്നായി. ഇതിൽ അല്ലാഹു മറ്റെന്തെങ്കിലും ഉദ്ദേശിച്ചിട്ടുണ്ടാകും. ഇപ്പോൾ നമുക്ക് അതിനേക്കാൾ ഉത്തമമായ ലേഖനം മനസ്സിലാക്കിത്തരാൻ അല്ലാഹു ഇച്ഛിക്കുന്നു.' (സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ), പേജ് 23, പ്രസാധകർ കനഡ)

ഈ സംഭവത്തിൽനിന്ന് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു അതിമനോഹരമായ മാപ്പുകൊടുക്കുക, വിട്ടുവീഴ്ച ചെയ്യുക തുടങ്ങിയ സൽസ്വഭാവം അറിയാൻ കഴിയുന്നതിനോടൊപ്പം, ഏതൊരു അറിവുകളുടെ നദിയാണോ അവിടന്ന് ഒഴുക്കിയത് അത് അല്ലാഹു ഒരു പ്രത്യേക യുക്തിജ്ഞാനത്തിനു വിധേയമായി അദ്ദേഹത്തിന് തന്റെ സന്നിധിയിൽനിന്ന് പ്രദാനം ചെയ്തിരുന്നതായിരുന്നുവെന്നും മനസ്സിലാകുന്നു. അവിടന്ന് വെളിപ്പെട്ട കാലത്ത് ഇസ്‌ലാം നാലു ഭാഗത്തുനിന്നും ഇസ്‌ലാമിന്റെ ശത്രുക്കളുടെ കുറ്റാരോപണങ്ങളാൽ വലയം ചെയ്യപ്പെട്ടിരുന്നു. പ്രത്യേകിച്ചും ക്രിസ്ത്യാനികളും ആര്യസമാജക്കാരും അങ്ങേയറ്റം വൃത്തികെട്ടതും പ്രകോപനമുണ്ടാക്കുന്നതുമായ ലേഖനങ്ങൾ ഇസ്‌ലാമിന്നെതിരിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. ആ അവസ്ഥ കണ്ടിട്ട് അവിടത്തെ മനസ്സ് 'കരയിൽ പിടിച്ചിട്ട മത്സ്യത്തെപോലെ' പിടയ്ക്കുമായിരുന്നു. അവിടത്തെ ഈ അസ്വസ്ഥത അദ്ദേഹം ചെയ്ത ഈ ദുആയിൽ പ്രകടമാണ്. തന്റെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ അവിടന്ന് അപേക്ഷിക്കുന്നു: 'എന്റെ അല്ലാഹുവേ! നിന്റെ പ്രകാശം വിതയ്ക്കുന്ന പഠനങ്ങളും പ്രസംഗങ്ങളും ഇൽഹാമാക്കി ഈ മനസ്സുകളിൽ നീ ഇറക്കിയാലും. അത് അതിന്റെ ഔഷധപരമായ പ്രത്യേകത കൊണ്ട് അവരുടെ 'വിഷ'ത്തെ അകറ്റുമാറാകട്ടെ." (ശഹാദത്തുൽ ഖുർആൻ, റൂഹാനീഖസാഇൻ, വാള്യം 6, പേജ് 398)

അല്ലാഹു അവിടത്തെ ദുആകൾ സ്വീകരിച്ചു. അദ്ദേഹത്തിന്റെ താണുകേണുള്ള കരച്ചിൽ കേട്ടു. ഇസ്‌ലാമിന്റെ ശത്രുക്കളുടെ ആക്ഷേപങ്ങളെ ഉന്മൂലനം ചെയ്യുന്നതിന് അറബി, ഫാർസി, ഉർദു ഭാഷകളിൽ ആ മഹാത്മാവിന് സമ്പൂർണമായ അറിവുകൾ നല്കി. അവയെ അദ്ദേഹത്തിന് സമ്പൂർണമായും വഴിപെടുന്നതും ആജ്ഞാവർത്തിയുമാക്കി. ഈ കഴിവ് അദ്ദേഹത്തിന് പ്രദാനം ചെയ്തു. എന്തു വിഷയമാണെങ്കിലും അവിടന്ന് സുഗമമായ നിലയിൽ തെളിവുകൾ ഉൾക്കൊള്ളുന്നതും കനപ്പെട്ടതുമായ ലേഖനം എഴുതി. ഏതു ഭാഷയിൽ എഴുതിയാലും അതിന് അങ്ങേയറ്റം ഉചിതമായ വാക്കുകൾ അതാത് സ്ഥലത്ത് മുത്തുകളെപോലെ പതിച്ചു. അവിടന്ന് എഴുത്തിലുണ്ടായ അല്ലാഹുവിന്റെ അദൃശ്യമായ പിന്തുണയേയും സഹായത്തേയും കുറിച്ച് പറയുന്നു:

'ഞാൻ പ്രത്യേകമായ നിലയിൽ അല്ലാഹുവിന്റെ അമാനുഷികമായ വെളിപ്പെടുത്തലിനെ, ലേഖനങ്ങൾ എഴുതുന്ന നേരത്ത് എന്നെ സംബന്ധിച്ച് കാണുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ അറബിയിലോ ഉർദുവിലോ ഏതെങ്കിലും വാക്യം എഴുതുമ്പോൾ ആരോ ഉള്ളിൽനിന്ന് എന്നെ പഠിപ്പിക്കുന്നതായി എനിക്കു തോന്നുന്നു. എപ്പോഴും എന്റെ എഴുത്ത് അത് അറബിയിലാകട്ടെ, ഉർദുവിലാകട്ടെ, ഫാർസിയിലാകട്ടെ രണ്ടു ഭാഗങ്ങളിൽ വീതിച്ചിരുന്നു. (1) ഒന്ന് വളരെ സുഗമമായി വാക്കുകളുടെ ശൃംഖലയും അർത്ഥങ്ങളും എന്റെ മുന്നിൽ വന്നുംപോയുമിരിക്കുന്നു. ഞാനത് എഴുതികൊണ്ടിരിക്കുന്നു. അതായത് ആ എഴുത്തിൽ എനിക്ക് എന്തെങ്കിലും ബുദ്ധിമുട്ട് വഹിക്കേണ്ടി വരുന്നില്ല. (2) രണ്ടാമത്തെ ഭാഗം എന്റെ എഴുത്തിന്റെ അമാനുഷികമായ നിലയിൽ മാത്രമാണ്. അതിതാണ് ഞാൻ ഉദാഹരണത്തിന് ഒരു അറബിവാക്യം എഴുതുകയും വാക്യത്തിന്റെ ശൃംഖലയിൽ എനിക്കറിയാത്ത ചില വാക്കുകളുടെ ആവശ്യമുണ്ടാകുകയും ചെയ്യുമ്പോൾ അതിനെ സംബന്ധിച്ച് അല്ലാഹുവിന്റെ വഹ്‌യ് മാർഗദർശനം നല്കുന്നു. ആ വാക്ക് 'വഹ്‌യ് മത്‌ലൂ' പോലെ റൂഹുൽ ഖുദ്സ് എന്റെ മനസ്സിൽ ഇടുന്നു; നാവിലൂടെ പുറപ്പെടുവിക്കുന്നു. ഉദാഹരണത്തിന് അറബി വാക്യങ്ങൾ എഴുതുമ്പോൾ എനിക്ക് ഒരു വാക്കിന്റെ ആവശ്യമുണ്ടായാൽ അതിന്റെ ശരിയായ തർജമ എനിക്കറിവുണ്ടാവില്ല. വാക്യങ്ങളുടെ ശൃംഖലയാണെങ്കിൽ ആവശ്യവുമുണ്ട്. ഉടനെതന്നെ മനസ്സിൽ 'വഹ്‌യ്മതലൂ' പോലെ വാക്കുകൾ ഇടപെടുന്നു; അതിന്റെ അർത്ഥം 'ധാരാളം കുടുംബാംഗങ്ങൾ'(ബസ്‌യാരീ ഇയാൽ) എന്നാണെന്ന്. അല്ലെങ്കിൽ ഉദാഹരണത്തിന് എഴുതിക്കൊണ്ടിരിക്കുമ്പോൾ ഒരു വാക്കിന്റെ ആവശ്യം വരുന്നു. അതിന്റെ അർത്ഥം ദുഃഖംകൊണ്ടും, ദേഷ്യംകൊണ്ടും സ്തബ്ധനാകുക എന്നാണ്. എനിക്ക് ആ പദം അറിയില്ല. ക്ഷണത്തിൽ ആ പദം 'വജൂമ്' എന്നാണെന്ന് മനസ്സിൽ വഹ്‌യുണ്ടാകുന്നു. അങ്ങനെതന്നെയാണ് അറബിവാക്യങ്ങളുടേയും അവസ്ഥ. അറബി എഴുതുന്ന നേരത്ത് നൂറുക്കണക്കിന് എഴുതി തയ്യാറാക്കിയിട്ടുള്ള വാക്യങ്ങൾ 'വഹ്‌യ് മത്‌ലൂ' പോലെ മനസ്സിൽ പതിക്കുന്നു. അല്ലെങ്കിൽ ഏതെങ്കിലും മലക്ക്, ഒരു കടലാസിലെഴുതി കാണിക്കുന്നു. ചില വാക്യങ്ങൾ ഖുർആനിക ആയത്തുകളുമായിരിക്കും. അല്ലെങ്കിൽ കുറച്ച് നിയന്ത്രണത്തോടെ അവയോടു സാദൃശ്യമുള്ളത്.......അതിനാൽ ഇതാണ് രഹസ്യം. അതുകൊണ്ടാണ് അറബി സാഹിത്യത്തിൽ തഫ്സീറെഴുതാൻ ഒരു ലോകത്തെ ഞാൻ വെല്ലുവിളിക്കുന്നത്. ഇല്ലെങ്കിൽ അഹങ്കാരവും അഹന്തയുംകൊണ്ട് ഒരു ലോകത്തെ തനിക്കെതിരിൽ വെല്ലുവിളിക്കാൻ മനുഷ്യൻ എന്തു വസ്തുവാണ്! ആദമിന്റെ മകന് എന്തു കഴിവാണുള്ളത്!' (നുസൂലുൽമസീഹ്, റൂഹാനീ ഖസാഇൻ വാള്യം 18, പേജ് 434 – 436)

## എഴുത്തുമുഖേനയുള്ള സംവാദത്തിന് ഉലമാക്കൾക്ക് ക്ഷണം. മഹത്തായ ദൈവിക പിന്തുണയും സഹായവും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ലുധിയാനയിൽ നിന്ന് 1891 മാർച്ച് 26 ന് ഒരു വിജ്ഞാപനം മുഖേന പ്രസിദ്ധരായ എല്ലാ ഉലമാക്കളേയും എഴുത്തിലൂടെയുള്ള വാദപ്രതിവാദത്തിന് വെല്ലുവിളിച്ചു. അവിടന്ന് എഴുതി: 'എന്റെ വാദം ഒരിക്കലും അല്ലാഹു പറഞ്ഞതിനും റസൂൽ പറഞ്ഞതിനും വിരുദ്ധമല്ല. നിങ്ങൾ സ്ഥലവും തിയതിയും നിശ്ചയിച്ച് ഒരു പൊതുയോഗത്തിൽ ഞാനുമായി എഴുത്തിലൂടെ സംവാദം നടത്തുന്നില്ലെങ്കിൽ നിങ്ങൾ അല്ലാഹുവിന്റെയും അവന്റെ സന്മാർഗികളായ ദാസരുടെയും ദൃഷ്ടിയിൽ വിരുദ്ധന്മാരായി നിശ്ചയിക്കപ്പെടും.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ വിജ്ഞാപനത്തിന് ആരും മുമ്പിൽ വന്നില്ല. പക്ഷേ, മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി മിർസാ സാഹിബ് താനുമായി സംവാദം നടത്തേണ്ടതാണെന്ന് പറയാൻ തുടങ്ങി. ഈ വാദപ്രതിവാദം എഴുത്തിലൂടെയായിരുന്നു. 1891 ജൂലായ് 20 മുതൽ 29 വരെ. അതായത് 10 ദിവസം തുടർന്നു. മൗലവി മുഹമ്മദ് ഹുസയ്ൻ സാഹിബുമായുള്ള ഹദ്

റത്ത് അഖ്ദസിന്റെ സംവാദം ആരംഭിച്ചു. സംവാദത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ബുഖാരി ശരീഫ് കൈയിൽ വെക്കുകയും എഴുതിക്കൊണ്ടുപോകുകയും ലേഖനം തയ്യാറാകുമ്പോൾ വായിച്ചു കേൾപ്പിക്കുകയുമായിരുന്നു പതിവ്. എന്നാൽ, അവിടെ(എതിരാളി) വളരെ പ്രയാസത്തിലാണ് ലേഖനം തയ്യാറാക്കിയിരുന്നത്. ഒരുപാട് സമയമെടുത്തുകൊണ്ട് മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി തന്റെ ലേഖനം തയ്യാറാക്കുകയും കേൾപ്പിക്കുകയുമായിരുന്നു.

**ഒരു ദിവ്യദൃഷ്ടാന്തം:** (ഹദ്റത്ത് പീർ സിറാജുൽ ഹഖ് സാഹിബിന്റെ നിവേദനമനുസരിച്ച്) ഈ സംവാദത്തിനിടയിൽ മൗലവി മുഹമ്മദ് ഹുസയ്ൻ സാഹിബ് ബട്ടാലവി ബുഖാരിയുടെ ഒരു ഉദ്ധരണി ചോദിച്ചു. ആ നേരത്ത് ആ ഉദ്ധരണി ഹദ്റത്ത് അഖ്ദസിന് ഓർമയുണ്ടായിരുന്നില്ല. അവിടത്തെ സേവകരിലും ആർക്കും ഓർമവന്നില്ല. എന്നാൽ, ഹദ്റത്ത് അഖ്ദസ് ബുഖാരി ശരീഫിന്റെ കോപ്പി വാങ്ങിച്ചു. അതിന്റെ പേജുകൾ മറിക്കാൻ തുടങ്ങി. വേഗം വേഗം അതിന്റെ ഓരോ പേജും മറിക്കുകയും ഒരിടത്ത് എത്തിയപ്പോൾ അവിടെ നിറുത്തുകയും ചെയ്തു. എന്നിട്ട് പറഞ്ഞു: 'എടുത്തുനോക്കിക്കൊള്ളുക.' നോക്കിനിന്നവരെല്ലാം അമ്പരന്നുപോയി. ഇതെന്താണ് സംഭവിച്ചത്? ആരോ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചോദിച്ചപ്പോൾ അവിടന്ന് പറഞ്ഞു: 'ഞാൻ ഗ്രന്ഥം കൈയിലെടുത്ത് പേജുകൾ മറിക്കാൻ തുടങ്ങിയപ്പോൾ എനിക്ക് അതിലെ ഓരോ പേജും ശൂന്യമായാണ് കാണാൻ കഴിഞ്ഞത്. അതിലൊന്നും എഴുതിയിരുന്നില്ല. അതുകൊണ്ട് ഞാൻ വേഗം വേഗം മറിച്ചുപോയി. അവസാനം എനിക്ക് ഒരു പേജു കിട്ടി. അതിൽ എന്തോ എഴുതിയിരുന്നു. അത് എനിക്ക് ആവശ്യമുള്ള ആ ഉദ്ധരണിയാണെന്ന് ഉറപ്പായി. അല്ലാഹു ഒരു അത്ഭുതകരമായ ദൃഷ്ടാന്തമാണ് കാണിച്ചത്. ഉദ്ധരണിയെഴുതിയ പേജല്ലാത്ത മറ്റെല്ലാ പേജും ശൂന്യമായാണ് അദ്ദേഹം കണ്ടത്.(താരീഖെ അഹ്മദിയ്യത്ത് വാല്യം 1, പേജ് 408)

ഈ സംവാദത്തിൽ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി ഒരുപാട് കുതന്ത്രങ്ങൾ ഉപയോഗിച്ചു. പക്ഷേ, അതെല്ലാം അദ്ദേഹത്തിനുമേൽ തിരിഞ്ഞുപതിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തെ ഖുർആനിലേക്ക് കൊണ്ടുവരികയായിരുന്നു. പക്ഷേ, അദ്ദേഹം തന്റെ രക്ഷയ്ക്കായി ഹദീഥിലേക്ക് ഓടുകയായിരുന്നു. യഥാർഥ സംവാദം ഈസാനബിയുടെ മരണത്തിലാണ് ഉണ്ടാകേണ്ടിയിരുന്നത്. പക്ഷേ, അദ്ദേഹം അതിൽനിന്ന് ഓടിക്കൊണ്ടിരുന്നു. അവസാന ദിവസം ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ലേഖനം കേൾപിക്കാൻ തുടങ്ങിയപ്പോൾ അത് മൗലവി സാഹിബിന്റെ മുഖത്ത് കരിനിഴൽ വീഴ്ത്തി. മുഹമ്മദ് ഹുസയ്ൻ പരിഭ്രമചിത്തനായി എത്രത്തോളം സ്വബോധം നഷ്ടപ്പെട്ടവനായെന്നാൽ നോട്ടെഴുതുന്നതിന് പേനയെടുത്തപ്പോൾ, തറയിൽ പേന കുത്താൻ തുടങ്ങി. മഷിക്കുപ്പിയാണെങ്കിൽ വെച്ചതുപോലെ അവിടെ ഉണ്ടായിരുന്നു. കുറച്ചു പ്രാവശ്യം പേന തറയിൽ കുത്തിയപ്പോൾ അത് പൊട്ടിപ്പോയി. നബി(സ)തിരുമേനി പറഞ്ഞുവെന്ന ഹദീഥ് വന്നപ്പോൾ- ഏതൊരു ഹദീഥാണോ വിശുദ്ധഖുർആന് വിരുദ്ധമായിട്ടുള്ളത് അത് ഉപേക്ഷിക്കേണ്ടതാണെന്നും ഖുർആൻ എടുക്കേണ്ടതാണെന്നും പറഞ്ഞപ്പോൾ മൗലവി മുഹമ്മദ് ഹുസയ്ൻ സാഹിബിന് അങ്ങേയറ്റത്തെ ദേഷ്യം വന്നു. അദ്ദേഹം പറഞ്ഞു: 'ഈ ഹദീഥ് ബുഖാരിയിലില്ല. ഈ ഹദീഥ് ബുഖാരിയിലുണ്ടെങ്കിൽ എന്റെ രണ്ട് ഭാര്യമാർക്കും ത്വലാഖ്.' ഈ ത്വലാഖ് എന്ന പദം കേട്ടപ്പോൾ എല്ലാവരും ചിരിക്കാൻ തുടങ്ങി. മൗലവി സാഹിബിന് നാണം കെടുകയല്ലാതെ മറ്റൊരു നിർവാഹവും ഉണ്ടായിരുന്നില്ല. പിന്നീട് ഒരുപാട് ദിവസംവരെ ആളുകൾ ചോദിക്കുമ്പോൾ 'ഇല്ല, ഇല്ല. എന്റെ രണ്ടു ഭാര്യമാരുടെയുംമേൽ ത്വലാഖ് പതിഞ്ഞിട്ടില്ല. ഞാൻ ത്വലാഖിന്റെ പേരും പറഞ്ഞിട്ടില്ല' എന്ന് മൗലവി സാഹിബ് പറഞ്ഞുകൊണ്ടിരുന്നു. ആദ്യമുണ്ടായിരുന്ന കുറച്ചുപേർക്ക് മാത്രമേ അതിനെ കുറിച്ച് വിവരമുണ്ടായിരുന്നുള്ളൂ. പക്ഷേ, ഇപ്പോൾ മൗലവി സാഹിബുതന്നെ ആയിരക്കണക്കിനാളുകളെ അത് അറിയിച്ചു. ഒരുപാട് മാസം കാഴിഞ്ഞ് ഈ വാദപ്രതിവാദം പ്രസിദ്ധീകരിച്ചതിനുശേഷം ഡൽഹിയിൽ ഒരു യോഗം സംഘടിപ്പിക്കുകയുണ്ടായി. അതിൽ മൗലവി മുഹമ്മദ് ഹുസയ്ൻ സാഹിബ് ബട്ടാലവിയെ ഒരുപാട് മൗലവിമാർ 'താങ്കൾ മിർസാ സാഹിബുമായി ലുധിയാനയിൽ നടത്തിയ സംവാദത്തിൽ എന്താണ് ചെയ്തത്? എന്താണ് ചെയ്തുകാണിച്ചത്? യഥാർഥ സംവാദമാണെങ്കിൽ നടന്നിട്ടുമില്ല' എന്നൊക്കെ പറഞ്ഞ് ശക്തമായി വിമർശിച്ചു. അപ്പോൾ ബട്ടാലവി സാഹിബ് പറഞ്ഞു: 'യഥാർഥ സംവാദം എങ്ങനെ നടത്തണമെന്ന് അറിയുകയില്ല. വിശുദ്ധഖുർആനിൽ മസീഹ് ജീവിച്ചിരിക്കുന്നുവെന്നതിനെ കുറിച്ച് അല്ലെങ്കിൽ ആകാശത്തേക്ക് ഉയർത്തപ്പെട്ടുവെന്നതിനെ കുറിച്ച് ഒന്നുമില്ല. ഹദീഥുകളിൽനിന്ന് വെറും ഇറക്കമാണ്(നുസൂൽ) സ്ഥാപിതമാകുന്നത്. ഞാൻ മിർസാ സാഹിബിനെ ഹദീഥുകളിലേക്ക് കൊണ്ടുവരികയായിരുന്നു. അദ്ദേഹമാണെങ്കിൽ എന്നെ വിശുദ്ധഖുർആനിലേക്ക് കൊണ്ടുപോകുകയായിരുന്നു.' (താരീഖെ അഹ്മദിയ്യത്ത് വാല്യം 1, പേജ് 410)

### ലേഖനമെഴുത്തിന്റെ മഹത്തായ ദിവ്യദൃഷ്ടാന്തം

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ വാദത്തിന്റെ പ്രബോധനത്തിനും പ്രചാരണത്തിനും വേണ്ടി ഡൽഹിയിലും പോയി. 1891 സെപ്തംബർ 29ന് ഡൽഹിയിലെത്തി. നവാബ് ലോഹാറവിന്റെ രണ്ടു നിലകെട്ടിടത്തിലുള്ള മൊഹല്ല ബലിമാരാനിൽ താമസിച്ചു. സയ്യിദ് നദീർ ഹുസയ്ൻ സാഹിബ് ദഹ്‌ലവിയേയും ശംസുൽ ഉലമാ മൗലവി അബ്ദുൽ ഹഖ് സാഹിബിനേയും ഈസാനബിയുടെ മരണത്തിൽ എഴുത്തുമുഖേന വാദപ്രതിവാദത്തിന് ക്ഷണിച്ചു. മൗലവി അബ്ദുൽ ഹഖ് സാഹിബ് ഒഴികഴിവ് പറഞ്ഞു. പക്ഷേ, മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടെ പ്രേരണയാൽ മൗലവി നദീർ ഹുസയ്ൻ സാഹിബ് സംവാദത്തിന് താൽപര്യം കാണിച്ചു. അതിനു ശേഷം മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടേയും അദ്ദേഹത്തിന്റെ സ്നേഹിതന്മാരുടേയും ഗൂഢാലോചനയുടെയും കുതന്ത്രങ്ങളുടെയും കച്ചവടം എത്രമാത്രം ജോറായി നടക്കുകയും അല്ലാഹുവിന്റെ സിംഹം ഡൽഹിയിലെ ജാമിഅ മസ്ജിദിൽ മൗലവി നദീർ ഹുസയ്നെ പോരിന് വിളിക്കുകയും ചെയ്തുവെന്നാൽ, അത് അഹ്മദിയ്യാ ചരിത്രത്തിന്റെ ഒരു തുറന്ന അധ്യായമാണ്. മൗലവി നദീർ ഹുസയ്ൻ സാഹിബ് ഒരുവിധം ഈ സംവാദത്തിന്റെ കയ്പുനീർ കുടിക്കുന്നതിൽനിന്ന് രക്ഷപ്പെട്ടു. പക്ഷേ, മൗലവി മുഹമ്മദ് ബശീർ സാഹിബ് സംവാദത്തിൽ തൽപരനാകുകയും 1891 ഒക്ടോബർ 23ന് സംവാദത്തിന് തുടക്കം കുറിക്കുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)സംവാദം ആരംഭിക്കുന്നതിനു മുമ്പേ തന്റെ വാദത്തെ കുറിച്ച് മൗലവി മുഹമ്മദ് ബശീർ സാഹിബിനേയും അദ്ദേഹത്തിന്റെ സ്നേഹിതന്മാരേയും സംബോധന ചെയ്തുകൊണ്ട് ദൈവജ്ഞാനപരമായ ഒരു പ്രസംഗം ചെയ്തു. ഹുദൂറിന്റെ ഈ പ്രസംഗം നടന്നുകൊണ്ടിരിക്കുമ്പോൾ മൗലവി മുഹമ്മദ് ബശീർ സാഹിബ് പ്രസംഗത്തിന്നിടയിൽത്തന്നെ, 'അങ്ങ് അനുവദിക്കുകയാണെങ്കിൽ താൻ വരാന്തയുടെ പിൻഭാഗത്ത് മൂലയിൽ പോയി ഇരുന്നുകൊള്ളാമെന്നും അവിടെയിരുന്ന് കുറച്ച് എഴുതാമെന്നും പറയാൻ തുടങ്ങി.' ഹദ്റത്ത് അഖ്ദസ് പറഞ്ഞു: 'വളരെ നല്ലത് !' അങ്ങനെ മൗലവി സാഹിബ് വരാന്തയുടെ മൂലയിൽ പോയിരിക്കുകയും വീട്ടിൽനിന്ന് എഴുതിക്കൊണ്ടുവന്ന ലേഖനം പകർത്തിയെഴുതാൻ തുടങ്ങുകയും ചെയ്തു. വാസ്തവത്തിൽ തന്റെ മുമ്പേയുള്ള ലേഖനം ആരും എഴുതാൻ പാടില്ലെന്നും എന്തൊന്ന് എഴുതണമോ അത് യോഗത്തിൽവെച്ചുതന്നെ എഴുതണമെന്നുമായിരുന്നു നിബന്ധന. ഈ നിബന്ധന ലംഘനത്തെ തുടർന്ന് 'ഇത് നിബന്ധനയ്ക്ക് വിരുദ്ധമാണ്' എന്ന് മൗലാനാ അബ്ദുൽ കരീം സാഹിബ് പറഞ്ഞു. പീർ സിറാജുൽ ഹഖ് സാഹിബ് നുഅ്മാനീ ഹദ്റത്ത് അഖ്ദസിനോടു പറഞ്ഞു: 'ഹുദൂർ അനുവാദം തന്നാൽ, താങ്കൾ എഴുതിക്കൊണ്ടുവന്നിട്ടുള്ളത് ഇവിടെ തരാൻ ഞാൻ മൗലവി സാഹിബിനോടു പറയാം; അതിന്റെ മറുപടി എഴുതാമല്ലോ.' ഹദ്റത്ത് അഖ്ദസ് അതിന് ഇഷ്ടപ്പെടാതെ അനുവാദം നല്കി. അദ്ദേഹം എഴുന്നേറ്റുനിന്ന് പറഞ്ഞു: 'മൗലവി സാഹിബ് എഴുതിക്കൊണ്ടുവന്ന ലേഖനം പകർത്തിയെഴുതേണ്ട ആവശ്യമൊന്നുമില്ല. സമയം പോകുകയാണ്. അതുകൊണ്ട് അങ്ങയ്ക്ക് പെട്ടെന്ന് മറുപടി തരാൻ എഴുതിക്കൊണ്ടുവന്ന ലേഖനം ഇവിടെ തരിക.' മൗലവി സാഹിബ് ഇക്കാര്യം കേട്ടപ്പോൾ പരിഭ്രമിച്ചുകൊണ്ടു പറഞ്ഞു: 'ഇല്ല, ഇല്ല. ഞാൻ ലേഖനം എഴുതിക്കൊണ്ടുവന്നിട്ടില്ല. വെറും നോട്ട്സാണ് എഴുതിക്കൊണ്ടുവന്നത്. അത് വിശദീകരിച്ച് എഴുതുകയാണ്.' വാസ്തവത്തിൽ അദ്ദേഹം ഓരോ അക്ഷരവും എഴുതിക്കുകയായിരുന്നു. അതിന്റെ മറുപടിയിൽ പീർസാഹിബ് എന്തോ പറയാൻ ആഗ്രഹിച്ചു. എന്നാൽ, ഹദ്റത്ത് അഖ്ദസ് അദ്ദേഹത്തെ തടഞ്ഞു. ഹുദൂർ മുൻശീ സഫ്ർ അഹ്മദ് സാഹിബിനോടു, 'മൗലവി സാഹിബ് എഴുതിക്കഴിഞ്ഞാൽ അതെനിക്ക് അയച്ചുതരിക എന്നു പറഞ്ഞ് മുകളിലത്തെ നിലയിലേക്ക് പോയി. മൗലവി സാഹിബിന്റെ ലേഖനം കിട്ടിയപ്പോൾ മുൻശീ സാഹിബ് അത് ഹുദൂറിന്റെ സന്നിധിയിൽ സമർപിച്ചു. ഹദ്റത്ത് അഖ്ദസ്(അ) മൗലവി സാഹിബിന്റെ ലേഖനം ആദ്യ പേജു മുതൽ അവസാന പേജുവരെ ഓടിച്ചുനോക്കി. അതിനു മറുപടി എഴുതാനും തുട

ങ്ങി. ലേഖനത്തിന്റെ രണ്ടു പേജ് തയ്യാറായപ്പോൾ ഹുദൂർ, മുൻശീ സഫ്ർ സാഹിബിനോട് താഴെ പകർത്തിയെഴുതുന്ന ആൾക്ക് അത് കൊടുത്തുവരാൻ പറഞ്ഞു. ഓരോരോ പേജെടുത്ത് മൗലവി അബ്ദുൽ കരീം സാഹിബും അബ്ദുൽ ഖുദ്ദൂസ് സാഹിബും പകർത്തിയെഴുതാൻ തുടങ്ങി. ഇപ്രകാരം മുൻശീ സാഹിബ് ഹദ്റത്ത് സാഹിബിന്റെ മാൻസ്ക്രിപ്റ്റ് കൊണ്ടുവരികയും, രണ്ടുപേരും അത് പകർത്തിയെഴുതിക്കൊണ്ടിരിക്കുകയും ചെയ്തു. ഹദ്റത്ത് അഖ്ദസ് എത്ര വേഗതിലാണ് എഴുതിയിരുന്നതെന്നാൽ, നല്ല പരിചയമുള്ള അബ്ദുൽ ഖുദ്ദൂസ് സാഹിബും അതുകണ്ട് അമ്പരന്നുപോയി. ഹുദൂറിന്റെ എഴുത്തിനുമേൽ വിരൽവച്ച് മുമ്പേ എഴുതിയതെങ്ങാനമാണോ എന്ന് നോക്കാൻ തുടങ്ങി. മുൻശീ സഫ്ർ അഹ്മദ് സാഹിബ് പറഞ്ഞു:'അങ്ങനെയാണെങ്കിൽ ഇതൊരു അത്ഭുതകരമായ ദൃഷ്ടാന്തമായിരിക്കും; മറുപടിക്കുമുമ്പേ എഴുതിവെച്ചതാണെങ്കിൽ! ഹദ്റത്ത് അഖ്ദസിന്റെ ഈ അത്ഭുതകരമായ രചനാശക്തി കണ്ട് മൗലവി മുഹമ്മദ് ബശീറിന് ഹുദൂറിന്റെ സന്നിധിയിൽ അപേക്ഷിക്കേണ്ടി വന്നു, അങ്ങ് അനുവദിക്കുകയാണെങ്കിൽ ഞാൻ എന്റെ ഇരിപ്പിടത്തിൽ ഇരുന്നുതന്നെ ലേഖനം തയ്യാറാക്കുന്നതാണ്. ഹുദൂർ ഒരു മടിയും കൂടാതെ അനുമതി നല്കി. പിന്നീട് മൗലവി സാഹിബ് സംവാദത്തിന്റെ അവസാനംവരെ ഈ മാർഗമാണ് സ്വീകരിച്ചത്. ഹദ്റത്ത് അഖ്ദസിന്റെ ലേഖനം കിട്ടുമ്പോൾ ഹുദൂറിന്റെ അനുമതി വാങ്ങി തന്റെ താമസസ്ഥലത്ത് പോകും. ലേഖനം അവിടെനിന്നെഴുതി കൊണ്ടുവരും. മുമ്പിലിരുന്ന് അദ്ദേഹം ഒരു ലേഖനവും എഴുതിയില്ല. ഈ സംവാദത്തിന്റെ സ്ഥിതിഗതികൾ 'അൽഹഖ് ദഹ്‌ലി' എന്ന പേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.(താരീഖെ അഹ്മദിയ്യത്ത് വാള്യം 1, പേജ് 421- 432 ൽ നിന്നെടുത്തത്)

### ഒറ്റരാത്രിയിൽ അറബി ഭാഷയിലെ നാല്പതിനായിരം അടിസ്ഥാനപദങ്ങൾ പ്രാപിക്കൽ

ഹദ്റത്ത് മസീഹ് മൗഊദ്(അ) 1893-ൽ ആയിനയെ കമാലാത്തെ ഇസ്‌ലാം എന്ന ഗ്രന്ഥം രചിച്ചു. ഇതിൽ വിവിധ വിഷയങ്ങൾ ഉദാഹരണത്തിന് ഫനായുടെ സ്ഥാനം, ബഖാ, ലിഖാ, റൂഹുൽ ഖുദ്സിന്റെ അനശ്വരമായ സഹവാസം, മലക്കുകളുടേയും ജിന്നുകളുടേയും അസ്തിത്വത്തിന്റെ തെളിവിന്മേൽ ആധുനികമായ വീക്ഷണകോണിലൂടെ വെളിച്ചം വീശി. 1893-ൽ ഗ്രന്ഥത്തിന്റെ ഉർദുഭാഗം പൂർണമായി കഴിഞ്ഞപ്പോൾ മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി ഒരു മജ്‌ലിസിൽ ഹദ്റത്ത് അഖ്ദസിനോടു പറഞ്ഞു:'ഈ ഗ്രന്ഥത്തിന്റെ കൂടെ ഫഖീർജീവിതം നയിക്കുന്ന ഗുരുവര്യന്മാരുടേയും മതാചാര്യന്മാരുടെ പുത്രന്മാരുടേയുംമേൽ ഹുജ്ജത്ത് പൂർത്തിയാകുന്നതിന് ഒരു കത്തും പ്രസിദ്ധീകരിക്കേണ്ടതാണ്.' ഹുദൂർ(അ)ന് ഈ പ്ലാൻ വളരെ ഇഷ്ടപ്പെട്ടു. ഈ കത്ത് ഉർദുവിൽ എഴുതണമെന്നായിരുന്നു അവിടന്ന് ആഗ്രഹിച്ചത്. പക്ഷേ, രാത്രിയിലുണ്ടായ ചില ദൈവികവെളിപാടുകളിലുള്ള സൂചന അറബിയിലെഴുതുക എന്നായിരുന്നു. അല്ലാഹുവിന്റെ സന്നിധിയിൽ ദുആ ചെയ്തപ്പോൾ അദ്ദേഹത്തിന് ഒറ്റ രാത്രിയിൽത്തന്നെ അറബിയിലെ 40000 അടിസ്ഥാനപദങ്ങൾ പഠിപ്പിക്കപ്പെട്ടു. അങ്ങനെ അവിടന്ന് അതേ വെളിപാടുപരമായ കരുത്തിനാൽ "അത്തബ്‌ലീഗ്"എന്ന പേരിൽ സാഹിത്യസമ്പൂർണമായ അറബിയിൽ ഒരു കത്തെഴുതി. അതിൽ അവിടന്ന് ഇന്ത്യ, അറേബ്യാ, ഇറാൻ, തുർക്കി, ഈജിപ്റ്റ് തുടങ്ങി മറ്റു രാജ്യങ്ങളിലെ മതാചാര്യന്മാരുടെ മക്കൾ, സിദ്ധപീഠത്തിലിരിക്കുന്നവർ, സ്വാത്മ പരിത്യാഗികൾ, സ്വൂഫീവര്യന്മാർ, മഹാന്മാരുടെ സത്രങ്ങളിലിരിക്കുന്നവർ തുടങ്ങിയവർക്ക് സത്യസന്ദേശം എത്തിച്ചുകൊടുത്തു. "അത്തബ്‌ലീഗ്"നു ശേഷം അറബി ഭാഷയിൽ ഹുദൂർ അതുല്യമായ ഗ്രന്ഥങ്ങൾ രചിച്ചു. അറബികളും അനറബികളുമായ സാഹിത്യകാരന്മാരുടെ ഭാഷകൾ അതിന്റെ മുമ്പിൽ മൂകമായിപ്പോകുകയും ചെയ്തു. "അത്തബ്‌ലീഗ്"നെ സംബന്ധിച്ച് ഒരു അറേബ്യൻ ഭാഷാപണ്ഡിതൻ പറഞ്ഞു:'അതു വായിച്ച് എങ്ങനെയുള്ള ആത്മീയ നിർവൃതിയാണുണ്ടായതെന്നാൽ ആനന്ദനൃത്തം ചവുട്ടി ഖാദിയാനിലെത്തണമെന്ന് മനസ്സിൽ തോന്നിപ്പോയി. ത്വരാബ്ലസിലെ ഒരു പ്രസിദ്ധ പണ്ഡിതൻ അസ്സയ്ദ് മുഹമ്മദ് സഈദീ ശാമീ അത് വായിച്ചുടനെത്തന്നെ അനിയന്ത്രിതമായി പറഞ്ഞു: വല്ലാഹി! അത്തരം വാക്യങ്ങൾ അറബികൾക്ക് എഴുതാൻ കഴിയുകയില്ല. അവസാനം അതിൽ ആകൃഷ്ടനായി അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചു. ഹദ്റത്ത് അഖ്ദസ് പറയാറുണ്ടായിരുന്നു, നമ്മുടെ എത്ര അറബീ സാഹിത്യങ്ങളുണ്ടോ ഇതെല്ലാം ഒരു വിധത്തിലുള്ള വെളിപാടുതന്നെയാണ്. കാരണം എല്ലാം അല്ലാഹുവിന്റെ പ്രത്യേക പിന്തുണയാലാണ് എഴുതപ്പെട്ടിട്ടുള്ളത്. പറയാറുണ്ടായിരുന്നു, ചില നേരങ്ങളിൽ എനിക്ക് അറിയാത്ത ഒരുപാട് വാക്കുകളും വാക്യങ്ങളും എഴുതിയതിനുശേഷം നിഘണ്ടു നോക്കുമ്പോഴാണ് അറിയാൻ കഴിയുന്നത്.

ഈ ഗ്രന്ഥങ്ങളുടെ ഈ അമാനുഷികമായ നിറം കണ്ട് ഇത് അദ്ദേഹത്തിന്റെ ഗ്രന്ഥമാണെന്ന് ശത്രുക്കളായ ഉലമാഇന് വിശ്വസിക്കാൻ കഴിഞ്ഞിരുന്നില്ല. അവർ ഖണ്ഡിതമായും മനസ്സിലാക്കിയിരുന്നത് അവിടന്ന് ഈ ഉദ്ദേശ്യത്തിന് ഉലമാഇന്റെ രഹസ്യമായ ഒരു സംഘത്തെ ജോലിക്കാരായി വെച്ചിരുന്നുവെന്നാണ്. അങ്ങനെ ഒരിക്കൽ ഒരു മൗലവി സാഹിബ് 'രഹസ്യ സംഘത്തെ' അന്വേഷിച്ചറിയുന്നതിന് ഖാദിയാനിൽവന്നു. രാത്രി നേരത്ത് മസ്ജിദ് മുബാറക്കിൽപോയി. മുൻശീ സഫ്ർ അഹ്മദ് സാഹിബ് കപൂർത്തലവി ആ ദിനങ്ങളിൽ മസ്ജിദ് മുബറക്കിനോടു ചേർന്നുള്ള മുറിയിലായിരുന്നു താമസിച്ചിരുന്നത്. മൗലവി സാഹിബ് ഹദ്റത്ത് മുൻശീ സാഹിബിനോടു ചോദിച്ചു, 'മിർസാ സാഹിബിന്റെ അറബി ഗ്രന്ഥങ്ങൾപോലെ സാഹിത്യസമ്പുഷ്ടമായ വാക്യങ്ങൾ അദ്ദേഹത്തിന് സ്വന്തം എഴുതാൻ കഴിയുകയില്ല. തീർച്ചയായും മിർസാ സാഹിബ് കുറച്ച് ഉലമാഇൽനിന്ന് സഹായം തേടി എഴുതുന്നതായിരിക്കും. ആ എഴുതുന്ന സമയം രാത്രിയാകാനെ തരമുള്ളു. ഈ ജോലിയിൽ സഹായിക്കുന്ന അങ്ങനെയുള്ള ആളുകൾ രാത്രിനേരത്ത് അദ്ദേഹത്തിന്റെ അടുത്ത് ഇരിക്കാറുണ്ടോ?' ഹദ്റത്ത് മുൻശീ സാഹിബ് പറഞ്ഞു:'മൗലവി മുഹമ്മദ് ചിരാഗ് സാഹിബും മൗലവി മുയീൻ സാഹിബും തീർച്ചയായും അദ്ദേഹത്തിന്റെ അടുക്കൽ ഇരിക്കാറുണ്ട്. ഈ ഉലമാ ആയിരിക്കും രാത്രിയിൽ സഹായിക്കുന്നത്.' ഹദ്റത്ത് അഖ്ദസിന്(അ) മുൻശീ സാഹിബിന്റെ ഈ ശബ്ദം എത്തി. ഹുദൂർ ഒരുപാട് ചിരിച്ചു. കാരണം മൗലവി മുഹമ്മദ് ചിരാഗ് സാഹിബും മൗലവി മുയീൻ സാഹിബും ഇരുവരും ഹുദൂറിന്റെ നിരക്ഷരരായ സേവകരായിരുന്നു. അതിനുശേഷം മൗലവി സാഹിബ് എഴുന്നേറ്റു പൊയ്ക്കളഞ്ഞു. അടുത്ത ദിവസം ഹുദൂർ അസ്വ്റിനുശേഷം സാധാരണപോലെ ഇരുന്നപ്പോൾ മസ്ജിദിൽ പ്രസ്തുത മൗലവി സാഹിബും ഉണ്ടായിരുന്നു. ഹുദൂർ മുൻശീ സാഹിബിനെ നോക്കിക്കൊണ്ട് ചിരിക്കുകയും ആ രാത്രിയിൽ വരുന്ന ഉലമായെ കാണിച്ചുകൊടുക്കാൻ പറയുകയും ചെയ്തു. ആ നേരത്ത് ഹുദൂർ(അ) മൗലവി അബ്ദുൽകരീം സാഹിബിനേയും ആ രാത്രിയിലെ സംഭവം കേൾപ്പിച്ചു. അദ്ദേഹവും ചിരിക്കാൻ തുടങ്ങി. ഹദ്റത്ത് മുൻശീ സാഹിബ് മൗലവി മുഹമ്മദ് ചിരാഗ് സാഹിബിനേയും മൗലവി മുയീൻ സാഹിബിനേയും വിളിച്ച് പ്രസ്തുത മൗലവി സാഹിബിന്റെ മുമ്പിൽ നിറുത്തി. ആ മൗലവി സാഹിബ് ആ രണ്ടു' ഉലമാ'യേയും കണ്ട് മടങ്ങിപ്പോയി. ഒരു വലിയ താലയിൽ ചീരണി കൊണ്ടുവന്നു. തന്റെ 12 കൂട്ടുകാരോടൊപ്പം ഹുദൂറിന്റെ പരിശുദ്ധ കരങ്ങളിൽ ബയ്അത്ത് ചെയ്തു.(താരീഖെ അഹ്മദിയ്യത്ത് വാള്യം 1, പേജ് 472- 475 ൽ നിന്നെടുത്തത്)

.......☆.......☆.......☆.......


**കലാമുൽ ഇമാം**

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."**
**(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala

**കലാമുൽ ഇമാം**

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**
**(മൽഫൂദാത്ത് വാള്യം 1, പേജ് 220)**

ത്വാലിബെ ദുആ:
K.Muhammad Safwan & Family
Ahmadiyya Jama-ath Kakkanad, Kerala

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം സൂര്യചന്ദ്രഗ്രഹണ പ്രവചനത്തിന്റെ വെളിച്ചത്തിൽ

ഹാഫിള് സയ്യിദ് റസൂൽ നിയാസ്
മുബല്ലിഗ് നളാറത്ത് നശർ വ ഇശാഅത്ത് ഖദിയാൻ

മുസ്‌ലിമീങ്ങൾ കർമപരമായി ദുർബലരാകുമ്പോൾ ഇസ്‌ലാം അധഃപതനത്തിന് ഇരയാകുമെന്ന് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) പ്രവചിച്ചിരുന്നിടത്തുതന്നെ, അത്തരം കാലത്ത് ഇസ്‌ലാമിനെ വിജയിപ്പിക്കാൻ മുസ്‌ലിം ഉമ്മത്തിൽ അല്ലാഹു ഇമാം മഹ്ദിയെ നിയോഗിച്ചയക്കുമെന്നുള്ള സന്തോഷവാർത്തയും നല്കിയിരുന്നു. മുസ്‌ലിമീങ്ങൾ ആ മഹ്ദിയെ തിരിച്ചറിയുന്നതിനും ബയ്അത്ത് ചെയ്ത് ആത്മീയാഭിവൃദ്ധി കരസ്ഥമാക്കുന്നതിനും നബി(സ)തിരുമേനി ചില അടയാളങ്ങളും പറഞ്ഞിരുന്നു.

## സൂര്യചന്ദ്ര ഗ്രഹണങ്ങളുടെ മഹത്തായ പ്രവചനം:

ഹദ്റത്ത് ഇമാം ബാഖിർ തന്റെ ഹദീഥ് ഗ്രന്ഥമായ സുനൻ ദാറുഖുത്വ്നിയിൽ താഴെ കാണുന്ന ഹദീഥ് രേഖപ്പെടുത്തിയിരിക്കുന്നു: **അൻ മുഹമ്മദ് ബിൻ അലീ ഖാല: ഇന്ന ലിമഹ്ദീന ആയത്തയ്നി ലം തകൂനാ മുൻദു ഖൽഖിസ്സമാവാത്തി വൽഅർളി തൻകസിഫുൽ ഖമറു ലി അവ്വലി ലയ്‌ലത്തിൻ മ്മിൻ റമാളാന വ തൻകസിഫുശ്ശംസു ഫിന്നസ്വ്ഫി മിൻഹു വലം തകൂനാ മുൻദു ഖലഖല്ലാഹു സ്സമാവാത്തി വൽഅർള**(സുനൻ ദ്വാറുഖുത്വ്നീ, കിതാബുൽ ഈദയ്ൻ, ബാബു സ്വുഫത്തു സ്വലാത്തുൽഖുസൂഫി വൽകസൂഫി)

മുഹമ്മദ് ബിൻ അലി നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'തീർച്ചയായും നമ്മുടെ മഹ്ദിക്ക് രണ്ടു ദൃഷ്ടാന്തങ്ങൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അത് ആകാശഭൂമികളുണ്ടായതു മുതൽ ഇന്നുവരെ സംഭവിച്ചിട്ടില്ലാത്തതാണ്. അതായത് ചന്ദ്രന് റമളാൻ മാസത്തിൽ അതിന്റെ ആദ്യരാത്രിയിലും സൂര്യന് അതിന്റെ മധ്യപകലും ഗ്രഹണവുമുണ്ടാകുന്നതാണ്. ആകാശഭൂമികൾ ഉണ്ടായകാലം മുതൽ ഇന്നുവരെ ഇത് സംഭവിച്ചിട്ടില്ല.

മുൻദൈവ ഗ്രന്ഥങ്ങളിൽ ഈ ദൃഷ്ടാന്തത്തെ കുറിച്ചുള്ള പ്രവചനമുണ്ട്. അല്ലാഹു വിശുദ്ധ ഖുർആനിലും ഈ ദൃഷ്ടാന്തത്തെ കുറിച്ച് പറഞ്ഞു. **വ ഖസഫൽഖമറു വ ജുമിഅശ്ശംസു വൽഖമറു** (75:13-15) ചന്ദ്രന് ഗ്രഹണമുണ്ടാകുകയും സൂര്യനും ചന്ദ്രനും ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്താൽ.

ഇതിനുപുറമെ മുസ്‌ലിമീങ്ങളുടെ രണ്ടു വലിയ കക്ഷികളായ ശിയ, സുന്നികളുടെ ഹദീഥു ഗ്രന്ഥങ്ങളിലും സൂര്യചന്ദ്രഗ്രഹണങ്ങൾ മഹ്ദിയുടെ വെളിപ്പെടലിന്റെ അടയാളമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

## സൂര്യചന്ദ്രഗ്രഹണങ്ങളുടെ വെളിപ്പെടൽ:

മുസ്‌ലിമീങ്ങളുടെ ഭാഗത്തുനിന്ന് പ്രത്യേകിച്ചും ഉലാമഇന്റെ ഭാഗത്തുനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിൽ കുഫ്ർ ഫത്‌വാ നല്കപ്പെട്ടപ്പോൾ ദൈവസഹായത്തിന് അവിടന്ന് അങ്ങേയറ്റം വിനയത്തോടെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഒരു സുദീർഘമായ ദുആ ചെയ്തു. (നൂറുൽഹഖ് ഭാഗം 1, റൂഹാനീഖസാഇൻ വാള്യം 8, പേജ് 184). ഈ ദുആ ചെയ്തതിനുശേഷം ഒരു മാസം കഴിഞ്ഞിട്ടുണ്ടാകും അല്ലാഹു അവിടത്തെ ഈ താണുകേണുള്ള ദുആ സ്വീകരിക്കുകയും അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിന് ചന്ദ്രനേയും സൂര്യനേയും രണ്ടു ദൈവികസാക്ഷ്യമാക്കുകയും ചെയ്തു. കൃത്യം 14-ാം നൂറ്റാണ്ടിന്റെ തലയ്ക്കൽ ചന്ദ്രഗ്രഹണത്തിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള 13, 14, 15 തിയതികളിൽ അതായത് ഹിജ്റ വർഷം 1311 റമളാൻമാസം 13 ന്-1894 മാർച്ച് 21 ന്-ആദ്യരാത്രി ചന്ദ്രഗ്രഹണവും സൂര്യഗ്രഹണത്തിനുവേണ്ടി നിശ്ചയിക്കപ്പെട്ടിട്ടുളള തിയതികളിൽ (27,28,29)ഇടയ്ക്കുള്ള തിയതി അതായത് റമളാൻ 28ന് -1894 ഏപ്രിൽ 6ന് സൂര്യനും ഗ്രഹണമുണ്ടായി. അടുത്ത വർഷം 1895-ൽ ആ മഹത്തായ അടയാളം അമേരിക്കയിലും വെളിപ്പെട്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ) വലിയ മുന്നറിയിപ്പോടുകൂടി തന്റെ സത്യതയ്ക്കായി ഈ അടയാളം അവതരിപ്പിച്ചുകൊണ്ട് പറയുന്നു:" ഈ പതിമൂന്നു നൂറ്റാണ്ടുകളിൽ ഒത്തിരിയാളുകൾ മഹ്ദിയാണെന്ന് വാദിച്ചു. എന്നാൽ, ആർക്കുവേണ്ടിയും ഈ ദൃഷ്ടാന്തം വെളിപ്പെട്ടില്ല......ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് ആ അല്ലാഹുവാണ്! അവൻ എന്റെ സത്യത പ്രകടിപ്പിക്കുന്നതിനുവേണ്ടി ആകാശത്തിൽ ഈ അടയാളം വെളിപ്പെടുത്തി.......കഅ്ബ മന്ദിരത്തിൽ നിന്നുകൊണ്ട് സത്യം ചെയ്ത് എനിക്ക് പറയാൻ കഴിയും ഈ അടയാളംകൊണ്ട് നൂറ്റാണ്ട് നിജപ്പെടുത്തപ്പെടുത്തപ്പെട്ടിരിക്കുന്നു. കാരണം ഈ അടയാളം 14-ാം നൂറ്റാണ്ടിൽ ഒരാളെ സത്യപ്പെടുത്തുന്നതിനുവേണ്ടി വെളിപ്പെട്ടിരിക്കുമ്പോൾ, നബി(സ)തിരുമേനി മഹ്ദിയുടെ വെളിപ്പെടലിന് 14-ാം നൂറ്റാണ്ടുതന്നെയാണ് പറഞ്ഞതെന്ന് വ്യക്തമാക്കപ്പെട്ടു.(തുഹ്ഫ ഗോൾഡവിയ്യ, റൂഹാനീ ഖസാഇൻ വാള്യം 17, പേജ് 142-143)

അദ്ദേഹം തന്റെ കവിതയിൽ പറയുന്നു:

ഇസ്മഊ സ്വൗത്തസ്സമാ
ജാഅൽമസീഹ് ജാഅൽ മസീഹ്
നീസ് ബിശ്ണു അസ് സമീൻ
ആമദ് ഇമാമെ കാമ്ഗാർ
*(ദുർരെ സമീൻ ഉർദു)*

(മസീഹ് വന്നിരിക്കുന്നുവെന്നുള്ള ആകാശത്തിന്റെ ശബ്ദം കേൾക്കുവിൻ. വിജയശ്രീലാളിതനായ ഇമാം വന്നിരിക്കുന്നുവെന്ന ഭൂമിയുടെ വിളിയാളവും ചെവിക്കൊള്ളുവിൻ)

## ഖാദിയാനിൽ സൂര്യഗ്രഹണത്തിന്റെ ദൃശ്യം

സൂര്യചന്ദ്രഗ്രഹണത്തിന്റെ അടയാളം വെളിപ്പെട്ടപ്പോൾ പ്രത്യേകിച്ചും മക്കക്കാർ, ഇസ്‌ലാമിന്റെ പുരോഗതിയുടെ നേരം വന്നെത്തിയിരിക്കുന്നുവെന്നും ഇമാം മഹ്ദി ജനിച്ചിരിക്കുന്നുവെന്നും പറഞ്ഞ് സന്തോഷംകൊണ്ട് തുള്ളിച്ചാടി. ഇതിനുപുറമെ എല്ലാ ഇസ്‌ലാമിക രാജ്യങ്ങളിലും വളരെ സന്തോഷങ്ങൾ ആഘോഷിക്കപ്പെട്ടു. ചന്ദ്രഗ്രഹണം ഉണ്ടായതിനുശേഷം സൂര്യഗ്രഹണം കാണുന്നതിനുവേണ്ടിയും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടൊപ്പം ഗ്രഹണനമസ്കാരത്തിൽ പങ്കെടുക്കണമെന്ന നിയ്യത്തോടുകൂടിയും ധാരാളം സ്വഹാബിമാർ ഖാദിയാനിൽവന്നു. മിർസാ അയ്യൂബ് ബേഗം സാഹിബ്(റ)പറയുന്നു:

1894 മാർച്ച് 21 അനുസരിച്ച് ഹിജ്റ 1311 റമളാൻ 13ന് ചന്ദ്രഗ്രഹണം കണ്ടതിനുശേഷം അഹ്മദികൾ വളരെ സന്തോഷത്തിലായിരുന്നു. ഖാദിയാനിലും സന്തോഷത്തിന്റെയും ആഘോഷത്തിന്റെയും അന്തരീക്ഷമായിരുന്നു. അപ്പോൾ വളരെ ആകാംക്ഷയോടെ റമളാൻ 28ന് സൂര്യഗ്രഹണം ഉണ്ടാകുമെന്നുള്ള പ്രതീക്ഷയിലായിരുന്നു എല്ലാവരും. അഹ്മദി ദൂരദൂരനിന്ന് ഖാദിയാനിൽ എത്തിക്കൊണ്ടിരുന്നു; സൂര്യഗ്രഹണത്തിന്റെ അടയാളം അവർ തങ്ങളുടെ മഹാനായ ആത്മീയ യജമാനരായ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദിന്റേയും മഹ്ദിയെ മഅ്ഹൂദിന്റേയും(അ) കൂടെ കാണുകയും നിർവൃതിയടയുകയും ചെയ്യുന്നതിന് അങ്ങനെ ഭാഗ്യവാന്മാരായ സഹോദരൻ മിർസാ അയ്യൂബ് ബേഗ് സാഹിബും (ഉസ്താദ് സയൻസ് എഡിസൻ കോളേജ് ലാഹോർ) മിർസാ യഅ്ഖൂബ് ബേഗ് സാഹിബും (സ്റ്റുഡന്റ് മെഡിക്കൽ കോളേജ്) ലാഹോറിൽനിന്ന് ഈ ദൃഢനിശ്ചയത്തോടുകൂടി ഖാദിയാനിലേക്ക് പുറപ്പെട്ടു; സൂര്യഗ്രഹണം തങ്ങളുടെ യജമാനരായ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൂടെ കാണുന്നതിന്! ഈ രണ്ട് സഹോദരന്മാരും 1892-ൽ അഹ്മദിയ്യത്ത് സ്വീകരിച്ചു കഴിഞ്ഞിരുന്നു. അവരിരുവരോടുമൊപ്പം അവരുടെ ഒരു സുഹൃത്ത് മൗലവി അബ്ദുൽ അലി സാഹിബ് ഓഫ് കലാനൂറുമുണ്ടായിരുന്നു. ഇവർ മൂവരും ഏപ്രിൽ 5ന് വ്യാഴാഴ്ച അതായത് റമളാൻ 27ന് ഉച്ച കഴിഞ്ഞ് ലാഹോറിൽനിന്ന് പുറപ്പെട്ടു. അവർ ഏകദേശം രാത്രി 11 മണിക്ക് ബട്ടാലയിലെത്തി. അടുത്തദിവസം അതിരാവിലെ ഗ്രഹണം തുടങ്ങണമായിരുന്നു. (ആ ചെറുപ്പക്കാരുടെ താൽപര്യം എത്രമാത്രമായിരുന്നുവെന്ന് നോക്കുക). പൊടിക്കാറ്റ് ശക്തമായി വീശുന്നുണ്ടായിരുന്നു. ഇടി മുഴങ്ങുന്നുണ്ടായിരുന്നു. മിന്നലെറിയുന്നുണ്ടായിരുന്നു. കാറ്റ് എതിരിൽ വീശുന്നുണ്ടായിരുന്നു. മണ്ണ് കണ്ണിൽ പതിയുന്നുണ്ടായിരുന്നു. (അവർ ബട്ടാലയിൽനിന്ന് ഖാദിയാനിലേക്ക് നടന്നു പോകുകയായിരുന്നു). ചുവടുകൾ നല്ലവണ്ണം ഉയരുന്നുണ്ടായിരുന്നില്ല. മിന്നലിന്റെ വെളിച്ചത്തിലാണ് വഴി കണ്ടിരുന്നത്. എന്തു സംഭവിച്ചാലും രാത്രിയിൽത്തന്നെ ഖാദിയാനിലെത്തണമെന്ന് എല്ലാവരും തീരുമാനിച്ചു. അങ്ങനെ മൂവരും വഴിയിൽനിന്നുകൊണ്ട് അങ്ങേയറ്റം വിഷമത്തോടെ ദുആ ചെയ്തു. അല്ലാഹുവേ! ആകാശത്തിന്റേയും ഭൂമിയുടേയും സർവശക്തനായ അല്ലാഹുവേ! ഞങ്ങൾ നിന്റെ എളിയ ദാസരാണ്. നിന്റെ

മസീഹിനെ സിയാറത്ത് ചെയ്യാൻ പോകുകയാണ്. ഞങ്ങൾ നടന്നാണ് പോകുന്നത്. തണുപ്പുണ്ട്. നീ തന്നെ ഞങ്ങളിൽ കരുണചൊരിഞ്ഞാലും. ഞങ്ങൾക്ക് വഴി എളുപ്പമാക്കിയാലും. ഈ എതിർകാറ്റിനെ അകറ്റിയാലും. ദുആയുടെ അവസാനവാക്ക് വായിൽതന്നെയായിരുന്നു. കാറ്റിന്റെ ഗതി മാറി. മുമ്പിൽനിന്ന് കാറ്റു വീശുന്നതിനു പകരം പിന്നിൽനിന്ന് വീശാൻ തുടങ്ങി. അത് യാത്രയ്ക്ക് സഹായകരമായി. കാറ്റുകൊണ്ട് ഞങ്ങൾ പറന്നുപോകുന്നതുപോലെ തോന്നി. കുറച്ചു സമയംകൊണ്ട് നഹ്റിൽ(നദി) എത്തി. ഈ സ്ഥലത്തുവച്ച് ചാറ്റൽമഴ തുടങ്ങി. നദിയുടെ അടുത്ത് ഒരു മുറിയുണ്ടായിരുന്നു. അതിൽ കയറി. ആ ദിനങ്ങളിൽ ഗുരുദാസ്പൂർ ജില്ലയിലെ മിക്ക റോഡുകളിലും കൊള്ള സംഭവങ്ങളുമുണ്ടാകുമായിരുന്നു. തീപെട്ടി കത്തിച്ചുനോക്കിയപ്പോൾ മുറി കാലിയായിരുന്നു. അതിൽ ചാണകവറളിയും രണ്ടു ഇഷ്ടികയുമുണ്ടായിരുന്നു. ഓരോരുത്തരും ഓരോന്ന് തലയ്ക്കുവെച്ചു. തറയിലുറങ്ങി. കുറച്ചുനേരത്തിനുശേഷം കണ്ണുതുറന്നപ്പോൾ നക്ഷത്രങ്ങൾ ഉദിച്ചിരുന്നു. ആകാശം തെളിഞ്ഞിരുന്നു. കാർമേഘത്തിന്റേയും പൊടിക്കാറ്റിന്റേയും പേരും അടയാളവുംപോലും കണ്ടില്ല. അങ്ങനെ വീണ്ടും യാത്ര തുടർന്നു. ഭക്ഷണം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തീൻമേശയിൽ കഴിച്ചു. രാവിലെ ഹദ്റത്ത് അഖ്ദസിനോടൊപ്പം ഗ്രഹണ നമസ്കാരം നമസ്കരിച്ചു. അത് മൗലവി മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹി മസ്ജിദ് മുബാറക്കിന്റെ തട്ടിൻപുറത്താണ് നമസ്കരിപ്പിച്ചത്. ഏകദേശം മൂന്ന് മണിക്കൂർ ഈ നമസ്കാരം തുടങ്ങിയവ നീണ്ടുനിന്നു. (നമസ്കാരം, ഖുത്ബ തുടങ്ങിയവ) ഒരുപാട് സ്നേഹിതന്മാർ കണ്ണാടിയിൽ മഷി പുരട്ടിയിരുന്നു. അതിൽ അവർ ഗ്രഹണം നോക്കുന്നതിൽ മുഴുകിയിരുന്നു. നേരിയ നിലയിൽ ഗ്രഹണം കണ്ണാടിയിൽ കണ്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദിനോടു ഗ്രഹണം തുടങ്ങിയിരിക്കുന്നുവെന്ന് ആരോ പറഞ്ഞു. അവിടന്ന് ആ കണ്ണാടിയിലൂടെ നോക്കി കണ്ടു. അങ്ങേയറ്റം നേർത്ത കറുപ്പാണ് കണ്ടത്. അതായത് ഗ്രഹണത്തിന്റെ ആദ്യഭാഗം തുടങ്ങിയിരുന്നു. ഹുദൂർ പറഞ്ഞു. 'ഈ ഗ്രഹണം നാം കണ്ടിരിക്കുന്നു. എന്നാൽ, ഇത് എത്രമാത്രം നേർത്തതാണെന്നാൽ, സാധാരണക്കാരന്റെ ദൃഷ്ടിയിൽനിന്ന് മറഞ്ഞിരിക്കും. ഇപ്രകാരം ഒരു മഹത്തായ പ്രവചനത്തിന്റെ അടയാളം സംശയകരമാകും.' ഹുദൂർ(അ)പലപ്രാവശ്യം ഇതു പറഞ്ഞു. പക്ഷേ, അല്പം കഴിഞ്ഞപ്പോൾ സൂര്യനിലുണ്ടായ കറുപ്പ്, ഗ്രഹണം വലുതാകാൻ തുടങ്ങി. സൂര്യന്റെ അധികഭാഗവും മറഞ്ഞുപോയി. അപ്പോൾ ഹുദൂർ(അ) പറഞ്ഞു: 'നാം ഇന്ന് സ്വപ്നത്തിൽ ഉള്ളി സ്വപ്നം കണ്ടിരുന്നു. അതിന്റെ വ്യാഖ്യാനം ദുഃഖമാണ്. അതിനാൽ തുടക്കത്തിൽ കറുപ്പ് നേർത്തതായി കണ്ടപ്പോൾ അല്പം ദുഃഖമുണ്ടായിരുന്നു. പക്ഷേ, അല്ലാഹു സന്തോഷം കാണിച്ചു."(അസ്ഹാബെ അഹ്മദ് വാള്യം 1, പേജ് 92-94, നിവേദനം ഹദ്റത്ത് മിർസാ അയ്യൂബ് ബേഗ് സാഹിബ്)

**സൂര്യചന്ദ്രഗ്രഹണങ്ങൾ കണ്ട് ബയ്അത്ത് ചെയ്ത സ്വഹാബാക്കളുടെ സംഭവങ്ങൾ:**

ഇമാം മഹ്ദിയുടെ സത്യസാക്ഷ്യത്തിനുള്ള അടയാളമെന്ന നിലയിൽ ഈ പ്രവചനം ഒരുപാട് പ്രസിദ്ധമായിക്കഴിഞ്ഞിരുന്നു. ഈ അടയാളം വെളിപ്പെട്ടപ്പോൾ നികൃഷ്ടജീവികളായ ഉലമാ അവരുടെ സമ്പ്രദായമനുസരിച്ച് നിഷേധിക്കുകയാണ് ചെയ്തത്. സാധാരണ മുസ്ലിമീങ്ങളെ സത്യം സ്വീകരിക്കുന്നതിൽനിന്ന് തടഞ്ഞുനിറുത്താനും ശ്രമിച്ചു. പക്ഷേ, ആയിരക്കണക്കിന് സത്യാത്മാക്കൾക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് ലഭിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നമുക്കുവേണ്ടി സൂര്യചന്ദ്രഗ്രഹണങ്ങൾ വെളിപ്പെട്ടു. നൂറുക്കണക്കിനാളുകൾ അതുകണ്ട് നമ്മുടെ ജമാഅത്തിൽ പ്രവേശിച്ചു. ആ സൂര്യചന്ദ്രഗ്രഹണങ്ങൾകൊണ്ട് നമുക്ക് സന്തോഷമുണ്ടായി, ശത്രുക്കൾക്ക് നിന്ദ്യതയും. നാം വാഗ്ദത്ത മഹ്ദി (മഹ്ദിയെ മൗഊദ്) ആണെന്ന് വാദിച്ചുകൊണ്ടിരിക്കുന്ന ഇത്തരം അവസരത്തിൽ സൂര്യചന്ദ്രഹണമുണ്ടാകണമെന്ന് അവരുടെ മനസ്സ് ആഗ്രഹിച്ചിരുന്നുവെന്ന് അവർക്കു സത്യംചെയ്തു പറയാൻ കഴിയുമോ?....അപ്പോൾപ്പിന്നെ അവരുടതാൽപര്യത്തിനു വിരുദ്ധം സംഭവിച്ചപ്പോൾ അവരുടെ മനസ്സ് ദുഃഖിച്ചിട്ടുണ്ടാകുമെന്നതിൽ സംശയമില്ല. അതിൽ തങ്ങളുടെ നിന്ദ്യതകണ്ടിട്ടുണ്ടാകും.'(അൻവാറുൽ ഇസ്ലാം, റൂഹാനീ ഖസാഇൻ വാള്യം 9, പേജ് 33)

ഈ ഉഗ്രമായ അടയാളം കണ്ടിട്ട് അക്കാരണത്താൽ അഹ്മദിയ്യത്തിൽ പ്രവേശിച്ച സൽപ്രകൃതക്കാരായവരുടെ അസംഖ്യം സംഭവങ്ങൾ അഹ്മദിയ്യാ ചരിത്രത്തിൽ ലഭിക്കുന്നുണ്ട്. ഉദാഹരണത്തിന് രണ്ടുസംഭവങ്ങൾ താഴെ വിവരിക്കുകയാണ്.

1. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് തന്റെ അനുഭവം വിവരിച്ചുകൊണ്ട് പറയുന്നു: 'വളരെ പഴയ കാര്യമാണ്. 1966ലേതാണെന്ന് തോന്നുന്നു. ഞാൻ സർഗോദ പ്രദേശത്ത് വഖ്ഫെ ആർസിയിൽ പോയതാണ്. അപ്പോൾ വളരെ ദൂരെയുള്ള ഒരു സ്ഥലത്ത് പോകാനിടയായി. അവിടെ വലിയൊരു വൃദ്ധയെ കണ്ടു. ഞങ്ങൾ ഞങ്ങളെ അവർക്ക് പരിചയപ്പെടുത്തി. റബ്വയിൽനിന്ന് വരികയാണെന്നും അഹ്മദിയാണെന്നും പറഞ്ഞപ്പോൾ അവർ പറഞ്ഞു: 'ഞാനും അഹ്മദിയാണ്. ഞങ്ങൾ സൂര്യചന്ദ്രഗ്രഹണം കണ്ട് അക്കാലത്ത് അഹ്മദിയായവരാണ്.' അവർ പറയുന്നു: ഞാൻ ചെറുതായിരുന്നു.എന്റെ മാതാപിതാക്കൾ അക്കാലത്തുണ്ടായിരുന്നു. ആ പ്രദേശത്ത് തികച്ചും വനത്തിൽ, ഗ്രാമത്തിൽ അക്ഷരാഭ്യാസമില്ലാത്ത ആളുകളും സൂര്യചന്ദ്രഗ്രഹണം കണ്ട് അഹ്മദിയായിരുന്നു. അല്ലാഹു അക്കാലത്ത് ഒരുപാടാളുകൾക്ക് ഹിദായത്ത് നല്കിയിരുന്നു.'(ഖുത്ബ ജുമുഅ 30-6-2006)

2. ഹദ്റത്ത് ഗുലാം മുഹമ്മദ് സാഹിബ്(റ)വിവരിക്കുന്നു: ഈ സാധുവിന്റെ ഗ്രാമത്തിൽ ഏറ്റവുമാദ്യം മൗലവി ബദ്റുദ്ദീൻ എന്നു പേരുള്ള ഒരു സാഹിബുണ്ടായിരുന്നു. ആ ദിനങ്ങളിൽ സേവകന്റെ പ്രായം ഏകദേശം 15 വയസ്സായിട്ടുണ്ടാകും. ഞാൻ മൗലവി ബദ്റുദ്ദീൻ സാഹിബിന്റെ വീടിന്റെ അടുത്ത് അദ്ദേഹത്തിന്റെ കൂടെ നില്ക്കുകയായിരുന്നു. സൂര്യനു ഗ്രഹണമുണ്ടാകാൻ തുടങ്ങി. മൗലവി സാഹിബ് പറഞ്ഞു:'സുബ്ഹാനല്ലാഹ് മഹ്ദിയുടെ അടയാളങ്ങൾ വെളിപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ വരവിന്റെ സമയം അടുത്തെത്തിയിരിക്കുന്നു.' കുറച്ചു കാലം കഴിഞ്ഞപ്പോൾ മൗലവി സാഹിബ് അഹ്മദിയായി. മൗലവി സാഹിബ് വളരെ ആത്മാർഥനും സൽപ്രകൃതനുമായിരുന്നു. അദ്ദേഹം തന്റെ മാതാപിതാക്കളേയും ഭാര്യേയേയും ഒരു വർഷത്തെ ശ്രമത്തിനു ശേഷം അഹ്മദിയാക്കി.'(രജിസ്റ്റേഡ് രിവായാത്ത് സ്വഹാബ അച്ചടിക്കാത്തത്, വാള്യം 6, പേജ് 305-306 രിവായത്ത് ഹദ്റത്ത് ഗുലാം മുഹമ്മദ് സാഹിബ്(റ) പിതാവ് അലിബഖ്ശ് സാഹിബ്, സക്ന ഖാദിറാബാദ് അമൃതസർ ജില്ല, 20-3-2015ലെ ഖുത്ബ ജുമുഅയിൽ നിന്നെടുത്തത്)

**സൂര്യചന്ദ്രഗ്രഹണ അടയാളത്തെ നിഷേധിക്കൽ അല്ലാഹുവിന്റെ കോപത്തെ വിളിച്ചുവരുത്തലാണ്.**

ഈ മഹത്തായ അടയാളം വെളിപ്പെട്ടിട്ട് ഇന്നേക്ക് 125 വർഷം കഴിഞ്ഞുകടന്നു. പക്ഷേ, വളരെ ഖേദത്തോടെ പറയട്ടെ, ഇന്നും മുസ്ലിമീങ്ങളും മറ്റു മതക്കാരും വാഗ്ദത്ത പുരുഷനെ കാത്തിരിക്കുകയാണ്. അല്ലാഹുവിന്റെ ഈ ദൂതനെ നിഷേധിക്കുന്നവർ അവന്റെ കോപം വിളിച്ചു വരുത്തുകയാണ് ചെയ്യുന്നത്. ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു: 'ഈ അടയാളം പൂർത്തിയായിക്കഴിഞ്ഞിരിക്കുമ്പോൾ മസീഹിന്റെ ആഗമനം പ്രതീക്ഷിച്ചിരിക്കുന്നതെന്തിനാണ്. മസീഹിനെ എന്തിനാണ് ഖിയാമത്തുമായി ബന്ധിപ്പിക്കാൻ ശ്രമിക്കുന്നത്. അത് വെറുമൊരു പിടിവാശിയാണ്. ദുശ്ശാഠ്യമാണ്. അല്ലാഹുതന്നെ അവർക്കു ബുദ്ധിനല്കുമാറാകട്ടെ. ഒരു ഹദീഥിലുണ്ട്. മസീഹിന്റെ വരവിന്റെ അടയാളമെന്ന നിലയിൽ, ഇതു എങ്ങനെയുള്ള ഹദീഥാണെന്നാൽ അത് അഹ്മദി സമർപ്പിക്കുമ്പോൾ എതിരാളുകളുടെ പക്കൽ അതിന് ഖണ്ഡനമുണ്ടാകുകയില്ല. അതാണ് സൂര്യചന്ദ്രഗ്രഹണത്തിന്റെ അടയാളം. ഈ അടയാളത്തെ നാം മസീഹു മൗഊദിന്റെ സത്യസാക്ഷ്യമെന്ന നിലയിൽ സമർപ്പിക്കുകയാണ്......അതിനാൽ ഇമാമീങ്ങൾ ഖുർആനിൽനിന്നും ഹദീഥിൽനിന്നും മനസ്സിലാക്കി മസീഹു മൗഊദിന്റെ ആഗമനം ഇക്കാലഘട്ടത്തിൽ ഉണ്ടാകുന്നതാണെന്ന് പറഞ്ഞു. ഈ കാലഘട്ടത്തിലെ അവസ്ഥകളും മുസ്ലിമീങ്ങളുടെ അവസ്ഥയും വിളിച്ചോതുന്നത് ഇക്കാലഘട്ടത്തിൽ നബി ഉണ്ടായിരിക്കണമെന്നാണെന്ന് പൂർവികരും ഇന്നുളളവരുമായ പണ്ഡിതന്മാരും പറഞ്ഞു. വിശുദ്ധ ഖുർആൻ അടയാളങ്ങൾ പറഞ്ഞു. അതിൽ ചിലതാണ് ഞാൻ പറഞ്ഞത്. ഇത് അവസാന കാലത്തെ കാര്യങ്ങളാണ്. ഇക്കാര്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾ ഇതു മസീഹുമൗഊദിന്റെ കാലഘട്ടം തന്നെയാണെന്ന് മനസ്സിലാക്കേണ്ടതാണ്. അത് തെളിമയാർന്ന അടയാളമാണ്. അത് ഒരു വെല്ലുവിളി എന്ന പോലെ അവതരിപ്പിക്കപ്പെടുന്നു, ഇമാം ബാഖിർ വ്യാഖ്യാനിച്ചു. മസീഹ് മൗഊദിന്റെ കാലത്ത് സൂര്യനും ഗ്രഹണം ഉണ്ടാകണമെന്ന് അദ്ദേഹം പറയുകയും ചെയ്തു. അപ്പോൾ മസീഹ് മൗഊദ് വരേണ്ട കാലം ആയിട്ടില്ലെന്ന് പറയുന്നത് അല്ലാഹുവിന്റെ കോപത്തെ വിളിച്ചുവരുത്തുന്ന കാര്യമാണ്.(ഖുത്ബ ജുമുഅ 3-2-2006, ഖുത്ബാത്തെ മസ്റൂർ വാള്യം 4 പേജ് 72)

ആസ്മാൻ മേരേ ലിയെ
തൂ നെ ബനായ ഇക് ഗവാഹ്

ശേഷം പേജ് 16 ൽ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം കഴിഞ്ഞുകടന്ന മഹാത്മാക്കളുടെ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ

മാമൂൻ റശീദ് തബ്രീസ്
(ശുഅ്ബയെ താരീഖെ അഹ്മദിയ്യത്ത് ഖാദിയാൻ)

ലോകത്ത് ഏതെങ്കിലും വാഗ്ദത്ത നബിയോ റസൂലോ വരുമ്പോൾ അദ്ദേഹത്തിന്റെ വരവിനെ കുറിച്ചുള്ള വാർത്ത അല്ലാഹു അദ്ദേഹം നിയോഗിതനാകുന്നതിനു മുമ്പേതന്നെ തന്റെ നല്ല ദാസർക്ക് നല്കുന്നു. ഈ വാർത്തകൾ അല്ലാഹുവിന്റെ സമീപസ്ഥരായ ഔലിയാ ഭാവിയിൽ വരുന്ന തലമുറയ്ക്കുവേണ്ടി പ്രവചനങ്ങളുടെ വർണത്തിൽ സുരക്ഷിതമാക്കിപോകുന്നു. ആ പ്രവചനങ്ങളിൽ വാഗ്ദത്ത നബിയുടെ ആഗമനത്തിന്റെ സമയവും വിവരിച്ചിട്ടുണ്ടാകും; സ്ഥാനവും. ഇതിനു പുറമെ പ്രവചനങ്ങളിൽ വാഗ്ദത്ത കാലത്തിന്റെ അടയാളങ്ങളും സവിശേഷഗുണങ്ങളും വിവരിക്കപ്പെട്ടിട്ടുണ്ടാകും. ബൈബിളിൽ എല്ലായിടത്തും ഹദ്റത്ത് ഈസായെ കുറിച്ചും നമ്മുടെ പ്രിയപ്പെട്ട യജമാനർ സയ്യിദുനാ വ മൗലാനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യെകുറിച്ചും ബനീ ഇസ്റാഈലിലെ നബിമാരുടെ പ്രവചനങ്ങൾ കാണാം. നബി(സ)തിരുമേനി തന്റെ ഉമ്മത്തിലെ ഉലമായെക്കുറിച്ച് പറഞ്ഞു:

**ഉലമാഉ ഉമ്മത്തീ ക അമ്പിയാഇ ബനീ ഇസ്റാ ഈല.** എന്റെ ഉമ്മത്തിലെ (സമുദായത്തിലെ) ഉലമാ ബനീ ഇസ്റാഈലിലെ നബിമാരെപോലെയായിരിക്കും.

നബി(സ)തിരുമേനിയുടെ സമുദായത്തിൽ കഴിഞ്ഞുകടന്നിട്ടുള്ള മഹാത്മാക്കളും ഔലിയാക്കളും വാഗ്ദത്ത മസീഹിനേയും മഹ്ദിയേയും സംബന്ധിച്ച് അദ്ദേഹത്തിന്റെ നിയോഗത്തിനു മുമ്പേതന്നെ ബനീ ഇസ്റാഈലി നബിമാരെ പോലെയാണെന്ന് പ്രവചനങ്ങൾ ചെയ്യുന്നു. പ്രസ്തുത പ്രവചനങ്ങൾ അത് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനീ മസീഹ് മൗഊദ്(അ)ന്റെ നിയോഗംകൊണ്ട് പകൽവെളിച്ചം പോലെ പൂർത്തിയാകുകയും അവിടത്തെ സത്യസാക്ഷ്യത്തിനുമേൽ ഒരു അടയാളമായിത്തീരുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'ആയിരത്തിൽ കുറച്ചധികം വരുന്ന മുസ്‌ലിമീങ്ങളിലെ ധാരാളം കശ്ഫിന്റെ അഹ്‌ലുകാർ, തങ്ങളുടെ ജാഗ്രദർശനങ്ങൾ മുഖേനയും അപ്രകാരം തന്നെ ദൈവഗ്രന്ഥത്തെ മനനം ചെയ്തുകൊണ്ടും ഐകകണ്ഠ്യേന മസീഹ് മൗഊദ്(അ)ന്റെ വെളിപെടൽ പതിനാലാം നൂറ്റാണ്ടിന്റെ തലയ്ക്കൽ നിന്ന് ഒരിക്കലുമൊരിക്കലും കവച്ചുവെച്ച് പോകുകയില്ലെന്ന് പറഞ്ഞുപോയിട്ടുണ്ട്. കശ്ഫിന്റെ അഹ്‌ലുകാരുടെ വലിയൊരു സംഘം- അവരാണെങ്കിൽ എല്ലാ അവ്‌ലിയ്ന്റേയും ആഖരിന്റേയും സംഘമാണ്. അവരെല്ലാ കള്ളന്മാരാകുകയും അവരുടെ എല്ലാ മനനം ചെയ്യലും തെറ്റാകുകയും ചെയ്യുക ഒരിക്കലുമൊരിക്കലും സംഭാവ്യമല്ല." (തുഹ്ഫയെ ഗോൽഡവിയ്യ, റൂഹാനിഖ സാഇൻ, വാല്യം 17, പേജ് 326)

1. ഉമ്മത്തിലെ ആ പുണ്യാത്മാക്കളിലൊരാൾ അല്ലാമ അബ്ദുൽവഹാബ് അശ്ശിഅ്റാനീ(റഹ്) (മരണം ഹിജ്റ 976) തന്റെ ഗ്രന്ഥമായ അൽയവാഖീത്തു വൽജവാഹിറിൽ പറഞ്ഞു: "**മൗലിദുഹു ലയ്‌ലത്തന്നിസ്ഫി മിൻ ശഅ്ബാന സനത്തൻ ഖംസീന വ മിഅത്തയ്നി ബഅ്ദൽഅൽഫി**" അതായത് ഇമാം മഹ്ദി(അ) തങ്ങളുടെ ജനനം ഹിജ്റ 1250-ൽ ആയിരിക്കും." (നൂറുൽ ഇസ്വാബ ഫീ മനാഖിബി ആല ബയ്ത്തിന്നബിയ്യിൽ മുഖ്ത്താർ)

2. 12-ാം നൂറ്റാണ്ടിലെ മുജദ്ദിദ് ഹദ്റത്ത് ശാഹ് വലിയുല്ലാ മുഹദ്ദഥ് ദഹ്‌ലവി(റഹ്)യ്ക്ക് അല്ലാഹു നേരിട്ട് അറിവ് നല്കിയിരുന്നു. "അൽമഹ്ദിയ്യു തഹയ്യഅ ലിൽഖുറൂജി" അതായത് ഇമാം മഹ്ദി വരാൻ തയ്യാറാണ്." (തഫ്ഹീമാത്തെ ഇലാഹിയ്യ, വാല്യം 2, പേജ് 123)

നവാബ് സ്വിദ്ദിഖ് ഹസൻ ഖാൻ സാഹിബ് തന്റെ ഗ്രന്ഥമായ ഹുജജുൽകിറാമ ഫീ ആഥാരിൽ ഖിയാമ പേജ് 394-ൽ ഇമാം മഹ്ദി(അ) വെളിപ്പെടുന്ന കാലത്തെ കുറിച്ച് എഴുതിയിട്ടുണ്ട്. ഫാർസി വാക്യങ്ങളുടെ തർജമ ഇപ്രകാരമാണ്.

ഹദ്റത്ത് ശാഹ് വലിയുല്ലാഹ് മുഹദ്ദഥ് ദഹ്‌ലവി ഇമാം മഹ്ദി(അ)ന്റെ വെളിപെടുന്ന തിയതി 'ചിരാഗ്ദീൻ' എന്ന വാക്കിൽ വിവരിച്ചിരിക്കുന്നു. അത് അറബിയിലെ അക്ഷരസംഖ്യാശാസ്ത്രമനുസരിച്ച് 1268 ആകുന്നു.

3. ഡൽഹി പ്രദേശങ്ങളിൽ ഏകദേശം 800 വർഷം മുമ്പേ ഒരു ശ്രേഷ്ഠനും കശ്ഫുണ്ടാകുന്ന വ്യക്തിയും അമാനുഷിക സിദ്ധിയുള്ള ഒരു മഹാത്മാവ് ഹദ്റത്ത് നിഅ്മത്തുല്ലാഹ് ശാഹ് വലിയ്യ് (റഹ്) ജീവിച്ചിരുന്നു. അദ്ദേഹത്തിന്റെ സുപ്രസിദ്ധ ഫാർസി ഖസ്വീദയിൽ (അർച്ചനാഗീതം) അവസാന കാലത്തെ അവസ്ഥകളെക്കുറിച്ച് പറയുന്നുണ്ട്. അദ്ദേഹം പറയുന്നു:

*മഹ്ദിയെ വഖ്ത്ത് വഈസാ ദൗറാൻ*
*ഹർദൗറാ ശാഹ്സവാർ മെ ബീനം*

അതായത് അക്കാലത്തെ മഹ്ദിയേയും ഈസായേയും ഞാൻ കുതിരപ്പടയാളിയായി കാണുന്നു. (അർബയീൻ ഫീ അഹ്‌വാലിൽമഹ്ദിയ്യീൻ പ്രസാധനം ഹിജ്റ 1268, 'അസ്‌ലി ഖസ്വീദ'പ്രസിദ്ധീകരിച്ചത് മക്തബ പാക്കിസ്താൻ ലാഹോർ)

4. ഹദ്റത്ത് ശെയ്ഖ് മുഹ്‌യുദ്ദീൻ ബിൻ അൽഅറബി(റ) (വഫാത്ത് ഹിജ്റ 638) ഹിജ്റ 628-ൽ പറഞ്ഞു "**വ യക്കൂനു ഖുറൂജുഹു ബഅ്ദ മളിയ്യി 'ഖ ഫ ജീം' മിനൽ ഹിജ്റത്തി**" അതായത് ഇമാം മഹ്ദിയുടെ വെളിപെടൽ ഹിജറ വർഷമനുസരിച്ച് "ഖ ഫ ജീം" കഴിയുമ്പോൾ ഉണ്ടാകുന്നതായിരിക്കും. (മുഖദ്ദിമ ഇബ്നു ഖൽദൂൻ പേജ് 354, തർജമ മൗലാനാ സയീദ് ഹസൻ ഖാൻ യൂസുഫീ ഫാളിൽ) 'ഖ ഫ ജീം' എന്നത് അറബി അക്ഷരസംഖ്യാശാസ്ത്രമനുസരിച്ച് 683 ആകുന്നു. (ഖ 600, ഫ 80. ജീം 3)ഈ വാക്യം ഹിജ്റ 628ലേതാണ്.ഇപ്രകാരം 628 നെ 683മായി ചേർത്താൽ ഹിജറയ്ക്കുശേഷം 1311 വർഷം ലഭിക്കും. അത് മഹ്ദിയുടെ അടയാളമായ സൂര്യചന്ദ്രഗ്രഹണമുണ്ടായ വർഷമാണ്.

5. ഒരു ഇറാനീ മഹാത്മാവ് ശെയ്ഖ് അലി അസ്ഗർ ബ്രോജർദി അദ്ദേഹം വലിയ പ്രഭാഷകനും ധാരാളം ഗ്രന്ഥങ്ങളുടെ കർത്താവുമാണ്. തന്റെ ഗ്രന്ഥമായ നൂറുൽ അൻവാർ, പേജ് 215-ൽ എഴുതുന്നു.

അൻദർ "സ്വർഗീ" അഗർ ബമാനീ സിൻദഃ
മുൽക്ക് വ മില്ലത്ത് വ ദീനെ ബർഗർദോ

അതായത് 'സ്വർഗീ' വർഷത്തിൽ നീ ജീവിച്ചിരിക്കുകയാണെങ്കിൽ രാജഭരണത്തിലും ജാതിയിലും മതത്തിലും വിപ്ലവം വരുന്നതായിരിക്കും. 'സ്വർഗീ' എന്ന പദം അക്ഷരസംഖ്യാ ശാസ്ത്രമനുസരിച്ച് 1290 ആകുന്നു. (ഇമാം മഹ്ദീ കാ ള്ളുഹൂർ, മുഹമ്മദ് അസദുല്ലാഹ് കശ്മീരീ പേജ് 417)

6. അറേബ്യൻ രാജ്യങ്ങളുടെ പര്യടനവേളയിൽ അവിടുത്തെ ഉലമാ മഹ്ദിയെ കാത്തിരിക്കുന്നതു കണ്ടിട്ട് ഖ്വാജ ഹസൻ നിള്ളാമീ എഴുതുന്നു:

"സനുസിയുടെ വിവരമനുസരിച്ച് ഹദ്റത്ത് ഇമാം മഹ്ദിയുടെ വെളിപെടൽ ഉണ്ടാകുക 1330-ൽ ആയിരിക്കും ഉണ്ടാകുന്നതെങ്കിൽ, ഇതേ കാലമാണെങ്കിൽ എത്ര അത്ഭുതമായിരിക്കും. അക്കാലം ഇപ്പോൾ വന്നിട്ടില്ലെങ്കിൽ ഹിജ്റ 40-നുള്ളിൽ വെളിപെടൽ തികച്ചും ഉറപ്പാണ്. കാരണം വിവിധ മഹാത്മാക്കളുടെ പ്രവചനങ്ങളെ ഒത്തുചേർത്താൽ 40 വരെ എല്ലാവരിലും യോജിപ്പുണ്ട്. (ശെയ്ഖ് സനൂസിയും ആഖിറുസ്സമാൻ ള്ളുഹൂറെ മഹ്ദിയും പേജ് അവസാനം)

7. ഹദ്റത്ത് ഹാഫിള്ള് ബർഖുർദാർ ഖാൻ(റഹ്) അദ്ദേഹം സിയാൽക്കോട്ടിലെ ഒരു മഹാത്മാവും വലിയുമായിരുന്നു. മസീഹ് മൗഊദിന്റെ ആഗമനത്തെ കുറിച്ച് പറയുന്നു:

*പീഛേ ഇക് ഹസാർ വെ ഗുസ്രെ തരേസ സാൽ ഈസാ(അ) ള്ളാഹിർ ഹൊ സിയ കുർസി അദ്‌ലെ കമാൽ*

ഹിജ്റ വർഷത്തിന്റെ തികച്ചും 1300 വർഷം കഴിയുമ്പോൾ ഹദ്റത്ത് ഈസായുടെ വെളിപെടലുണ്ടാകുന്നതായിരിക്കും. ഇവിടെ ഇക്കാര്യം ചിന്താർഹമാണ്. അതായത് ഹദ്റത്ത് ഹാഫിള്ള് ബർഖോർദാർ സാഹിബ് (റഹ്) ഈസാ(അ) വെളിപെടുമെന്ന് വിശ്വസിക്കുന്നയാളാണ്. ആകാശത്തുനിന്നിറങ്ങുമെന്ന് വിശ്വസിക്കുന്നില്ല.

8. പ്രസിദ്ധനായൊരു ശിയ മഹാത്മാവ് ഹദ്റത്ത് അബൂസയീദ് ഖാനം ഹിന്ദി ജീവിച്ചിരുന്നു. അദ്ദേഹം ജാഗ്രദർശനത്തിൽ (കശ്ഫ്) ഹദ്റത്ത് ഇമാം മഹ്ദി(അ)യെ സിയാറത്തു ചെയ്തിരുന്നു. അദ്ദേഹം താൻ കണ്ട ദർശനം മുഴുവൻ വിവരിച്ചതിനുശേഷം അവസാനം പറയുന്നു:

*'കുല്ലു ദാലിക്ക ബികലാമിൽ ഹിന്ദി.* (സ്വാഫീ ശറഹ് ഉസ്വൂൽ കാഫീ, കിതാബുൽ ഹുജ്ജ, ബാബു മൗലിദു സ്വാഹിബുസ്സമാൻ, ഭാഗം 3, ഹിസ്സ 2, പേജ് 304) അതായത് ജാഗ്രദർശനത്തിൽ ഹദ്റത്ത് ഇമാം മഹ്ദി(അ)ഏതൊരു ഭാഷയിലാണോ സംസാരിച്ചത് അതെല്ലാം ഹിന്ദുസ്താനീ ഭാഷയിലാണ്.' (ഇമാം മഹ്ദി കാ ള്ളുഹൂർ, പേജ് 363)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മാതൃഭാഷ പഞ്ചാബിയായിരുന്നുവെങ്കിലും ഇതിൽ ഹിന്ദു

സ്താനിൽ സംസാരിക്കപ്പെടുന്ന രണ്ട് ഭാഷയിലേക്കുള്ള സൂചനയുമുണ്ട്. അവിടത്തെ അധിക ഗ്രന്ഥങ്ങളും അതേ ഭാഷയിലാണുള്ളത്.

9. മറ്റൊരു സ്വൂഫീ മഹാത്മാവ് ഹദ്റത്ത് ശെയ്ഖ് ഹസനുൽ ഇറാഖീ തന്റെ ഗ്രന്ഥമായ ഗായത്തുൽ മഖ്സ്വൂദിൽ എഴുതി:

"ഞാൻ നിങ്ങളെ ഒരു കാര്യം കേൾപ്പിക്കുകയാണ്. ശാമിൽ ഞാൻ യുവത്വാവസ്ഥയിൽ ജാമിഅ ബനീ ഉമയ്യായിൽ ചേർന്നപ്പോൾ കസേരയിൽ ഇരുന്ന് മഹ്ദിയേയും അദ്ദേഹത്തിന്റെ വെളിപ്പെടലിനേയും സംബന്ധിച്ച് ഒരാൾ സംസാരിക്കുന്നതു ഞാൻ കേട്ടു. ആ നേരം മുതൽ മഹ്ദിയോടുള്ള സ്നേഹം എന്റെ മനസ്സിൽ പതിഞ്ഞിറങ്ങി. അല്ലാഹു എന്നെ അദ്ദേഹവുമായി ചേർക്കുന്നതിന് ഞാൻ അപ്പോൾ മുതൽ ദുആ ചെയ്യാൻ തുടങ്ങി. അങ്ങനെ ഞാൻ ഒരു വർഷംവരെ ദുആ ചെയ്തുകൊണ്ടിരുന്നു. ഒരു ദിവസം ഞാൻ മഗ്‌രിബിനുശേഷം മസ്ജിദിലായിരുന്നു. അപ്രതീക്ഷിതമായി ഒരാൾ എന്റെയടുത്തുവന്നു. അദ്ദേഹത്തിന്റെ തലയിൽ അനറബികളുടെ തലക്കെട്ട് കെട്ടിയിരുന്നു. ഒട്ടകത്തിന്റെ രോമംകൊണ്ടുള്ള ജുബ്ബയായിരുന്നു. അയാൾ എന്റെ തോൾ തന്റെ കൈകൊണ്ട് സ്പർശിച്ചു. എന്നോടു പറഞ്ഞു: 'എന്നെ കാണേണ്ട ആവശ്യം നിനക്കെന്താണ്?' ഞാൻ ചോദിച്ചു താങ്കൾ ആരാണ്?' അയാൾ പറഞ്ഞു: 'ഞാൻ മഹ്ദിയാണ്.' അപ്പോൾ ഞാൻ അദ്ദേഹത്തിന്റെ കൈയിൽ മുത്തി." (ഗായത്തുൽ മഖ്സ്വൂദ്, വാള്യം 2, പേജ് 81)

ഇതിൽ വാഗ്ദാനം ചെയ്യപ്പെട്ടയാൾ അനറബിയായിരിക്കുമെന്ന കാര്യമാണ് പറഞ്ഞിട്ടുള്ളത്. ഈ ഉദ്ധരണിയും ആദ്യത്തെ ഉദ്ധരണിയും ചേർത്തു വായിക്കുമ്പോൾ വാഗ്ദാനം ചെയ്യപ്പെട്ട ഇമാം ഇന്ത്യയിൽ വെളിപ്പെടുമെന്ന വാർത്ത കാലേകൂട്ടി അറിയിക്കപ്പെട്ടിരിക്കുന്നതായി കാണാവുന്നതാണ്.

10. ഹദ്റത്ത് മുഹ്‌യുദ്ദീൻ ബിൻ അറബി(റഹ്)യെ കുറിച്ച് പറയുന്നു: അദ്ദേഹത്തിന് നബി(സ)തിരുമേനി സ്വപ്നത്തിൽ നല്കിയ നിർദേശമനുസരിച്ച് അദ്ദേഹം'ഫുസ്വൂസ്വുൽഹക്കം'എന്ന ഗ്രന്ഥമെഴുതി. അതിൽ ഖാത്തമുൽ ഔലിയാ ആയി ആഗതനാകുന്ന വാഗ്ദാനം ചെയ്യപ്പെട്ടയാൾ യുഗ്മജനായിരിക്കുമെന്ന് പ്രവചനം ചെയ്തു. അതായത് വാഗ്ദാനം ചെയ്യപ്പെട്ടയാൾ ജനിക്കുന്നതിനുമുമ്പേ ഒരു പെൺകുഞ്ഞ് പിറക്കുന്നതായിരിക്കും. അതിനുശേഷമായിരിക്കും അദ്ദേഹം ജനിക്കുക.

ആഗതനാകുന്ന വാഗ്ദാനം ചെയ്യപ്പെട്ടയാൾ ഖാത്തമുൽ ഔലിയാ ആയിരിക്കുമെന്ന് പ്രവചനത്തിൽ പറയപ്പെട്ടിരിക്കുന്നു. ഖാത്തമുൽഔലാദിന്റെ അർഥം ഖാത്തമുൽ ഔലിയാ എന്നാണ്. രണ്ടാമത് പറഞ്ഞത് അദ്ദേഹം യുഗ്മജനായിരിക്കുമെന്നാണ്. അദ്ദേഹത്തിനുമുമ്പേ അദ്ദേഹത്തിന്റെ സഹോദരി ജനിക്കുന്നതായിരിക്കും. അദ്ദേഹത്തിന്റെ ജന്മസ്ഥലം ചൈനയായിരിക്കും. അറബിയിൽ 'അസ്സ്വീൻ' എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ആ പദം അറബിയിൽ അനറബ്പ്രദേശത്തിനോ വിദൂരമായ പ്രദേശത്തിനോ ആണ് ഉപയോഗിക്കപ്പെടുന്നത്. ഇവിടേയും വാഗ്ദത്ത നബിയായ മസീഹിന്റേയും മഹ്ദിയുടേയും ജന്മസ്ഥലം അനറബ് പ്രദേശമോ വിദൂരത്തുള്ള പ്രദേശമോ ആയിരിക്കുമെന്നാണുദ്ദേശ്യം. (ഫുസ്വൂസ്വുൽ ഹക്കം, പേജ് 36, മുത്തർറജ്ജിം മൗലാനാ മുഹമ്മദ് മുബാറക് അലി ഹൈദ്രാബാദി, പ്രസാധനം 1308 ഹിജ്‌രി, അഹ്മദീ പ്രസ്സ് കാൺപൂർ)

ഹദ്റത്ത് മുഹ്‌യുദ്ദീൻ ബിൻ അറബി(റഹ്)യുടെ മറ്റൊരു ഗ്രന്ഥമാണ് 'ഫുതൂഹാത്തെ മക്കിയ്യ.' ഈ ഗ്രന്ഥത്തിന്റെ മൂന്നാമത്തെവാള്യത്തിൽ ആഗതനാകുന്ന വാഗ്ദാനം ചെയ്യപ്പെട്ട ആളിന്റെ സ്വഹാബിമാരേയും സമീപസ്ഥരേയും കുറിച്ച് എഴുതിയിരിക്കുന്നു: "അവരെല്ലാവരും അനറബികളായിരിക്കും. അറബികളായി അവരിലാരും ഉണ്ടാകുകയില്ല. പക്ഷേ, അദ്ദേഹം അറബിയിൽ സംസാരിക്കുന്നതായിരിക്കും. അദ്ദേഹത്തിന് വിശുദ്ധ ഖുർആൻ ഹൃദിസ്തമാക്കിയ(ഹാഫിളുൽ ഖുർആൻ) ഒരാളുമുണ്ടായിരിക്കും. അയാൾ അദ്ദേഹത്തിന്റെ വംശത്തിൽനിന്നായിരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ അദ്ദേഹമൊരിക്കലും അല്ലാഹുവിനെ ധിക്കരിച്ചിട്ടുണ്ടാകുകയില്ല. അദ്ദേഹം ആ വാഗ്ദാനം ചെയ്യപ്പെട്ട ആളുടെ മന്ത്രിയും ഉത്തമനായ വിശ്വസ്തനുമായിരിക്കും.(ഫുതൂഹാത്തെ മക്കിയ, വാള്യം 3, പേജ് 364 - 365)

സുബ്ഹാനല്ലാഹ് ! ഈ പ്രവചനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിമാരെക്കുറിച്ചാണ് പറയപ്പെട്ടിട്ടുള്ളത്. ഹദ്റത്ത് ഹക്കീമുൽ ഉമ്മത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ് ഭേരവി ഖലീഫത്തുൽമസീഹ് അവ്വൽ(റ)ലേക്കുള്ള വ്യക്തമായ സൂചനയാണ് ഇതിലുള്ളത്.

11. മുൽത്താനിലെ ഒരു പ്രസിദ്ധ വലിയ്യ് ഹദ്റത്ത് ശെയ്ഖ് മുഹമ്മദ് അബ്ദുൽഅസീസ് പഹാറവി (റഹ്)ദൈവിക വെളിപാടു മുഖേന അറിവ് പ്രാപിച്ച് വാഗ്ദത്ത മസീഹിന്റെ സത്യസാക്ഷ്യത്തിനുള്ള അടയാളമായ സൂര്യചന്ദ്രഗ്രഹണം സംഭവിക്കുന്നതിനെക്കുറിച്ച് പ്രവചനം ചെയ്തിരിക്കുന്നു:

*ദർസൻ 'ഗാശീ' ദോ ഖുർആൻ ഖ്വാഹിദ് ബൂദ്*
*അസ്പയെ മഹ്ദിയെ ദജ്ജാൽ*
*ദോ നിശാൻ ഖ്വാഹിദ് ബൂദ്*

അതായത് ഹിജ്റ 1311 - ൽ സൂര്യനും ചന്ദ്രനും ഒരു മാസത്തിൽ ഗ്രഹണം ബാധിക്കുന്നതായിരിക്കും. ഈ രണ്ട് അടയാളം സത്യമഹ്ദിയുടേയും കള്ളദജ്ജാലിന്റേയുമിടയിൽ വ്യത്യാസം കാണിക്കുന്നതിന് നിമിത്തമായിരിക്കും. ഈ പ്രവചനത്തിൽ സൂര്യനും ചന്ദ്രനും ഹിജ്റ 1311 - ൽ ഗ്രഹണം ഉണ്ടാകുമെന്ന് പറയപ്പെട്ടിരിക്കുന്നു. കൃത്യം അതനുസരിച്ച് 1894 - ൽ ഈ അടയാളം വെളിപ്പെട്ടു. ഇത് മുഹ്മദിയ്യ ഉമ്മത്തി(സമുദായം)ലെ ദിവ്യാത്മക്കളുടെ മഹത്തായ പ്രവചനങ്ങളാണ്. അത് ഇക്കാലത്തെ മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബിന്റെ സത്യസാക്ഷ്യം ലോകത്തിന്റെ മുമ്പിൽ എന്നെന്നും വിവരിച്ചുകൊണ്ടിരിക്കുന്നതായിരിക്കും. അല്ലാഹു കഴിഞ്ഞുകടന്ന ഈ മഹാത്മാക്കൾ വിവരിച്ചിട്ടുള്ള വാർത്തകളിൽ ചിന്തിക്കാൻ മുഴുവൻ ഇസ്‌ലാമിക ലോകത്തിനും വിശാലഹൃദയം പ്രദാനം ചെയ്യുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തെ ലോകം കൂട്ടംകൂട്ടമായി സ്വീകരിക്കുമാറാകട്ടെ. ആമീൻ.

.......☆.......☆.......☆.......

## ചിന്തിക്കുന്നവർക്ക് സന്ദേശം

'എന്റെ ജനം എന്നെ കണ്ടറിഞ്ഞ്
സ്വീകരിച്ചിരുന്നെങ്കിൽ,
ദുൻയാവിന്റെ എളിമയിൽനിന്ന്
അവർ മോചിതരാകുകയും
ദീനിൽ അവർക്ക് സഹായം ലഭിക്കുകയും
അങ്ങനെ അവർ വിജയം വരിക്കുകയും
ചെയ്യുമായിരുന്നു.
പക്ഷേ, ചില ഹൃദയങ്ങൾ
യഹൂദികളോടു സാമ്യമുള്ളവയായി.
ഇതാകട്ടെ ആ പറയപ്പെട്ട
പ്രവചനങ്ങളിൽ ഉള്ളതാകുന്നു.
അതിനാൽ നിങ്ങൾ ഓർമിക്കുവിൻ
അങ്ങനെ അവർ യഹൂദികളായിത്തീർന്നപ്പോൾ
ഞാൻ അവർക്ക് ഈസാ ആയി വന്നു.
എന്നെ കുറിച്ച് ചിന്തിക്കുന്നവർക്ക് ഇക്കാര്യം
മതിയായതാണ്.

**ബറാഹീനെ അഹ്മദിയ്യ,**
**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**

**പേജ് 16 ൽ നിന്ന്** ⤵

ചാന്ദ് ഔർ സൂരജ് ഹുവേ
മേരേ ലിയെ താരീക്കോതാർ
സ്വാഫ് ദിൽ കൊ കഥ്റത്തെ
ഇഅ്ജാസ് കി ഹാജത്ത് നഹീ
ഇക് നിശാൻ കാഫീ ഹെ
ഗർ ദിൽമെ ഹൊ ഖൗഫെ കിർദ്ഗാർ
ഹെ കോയി കാദിബ് ജഹാൻ
മെ ലാവോ ലോഗോ കുച്ച് നളീർ
മേരെ ജൈസി ജിസ്കി
താഈദെ ഹുയീ ഹൂം ബാർ ബാർ

എനിക്കുവേണ്ടി ആകാശത്തെ നീയൊരു സാക്ഷിയാക്കി. സൂര്യനും ചന്ദ്രനും എനിക്കുവേണ്ടി ഇരുണ്ടുപോയി. നിർമല ഹൃദയത്തിനു കൂടുതൽ അത്ഭുതപ്രവർത്തിയുടെ ആവശ്യമില്ല. ദൈവഭയമുണ്ടെങ്കിൽ ഒരു അടയാളം അവനു മതിയായതാണ്. ആവർത്തിച്ചാവർത്തിച്ച് ദൈവസഹായങ്ങൾ എനിക്കുണ്ടായതുപോലെ, ഏതെങ്കിലും കള്ളവാദിക്കുണ്ടായിട്ടുണ്ടെങ്കിൽ അതിന് തെളിവു കൊണ്ടുവരിക. അല്ലാഹു മുസ്‌ലിമീങ്ങൾക്കും മറ്റു മതാനുയായികൾക്കും ഈ മഹത്തായ അടയാളം മനസ്സിലാക്കാനും സർവലോകത്തിനുമുള്ള വാഗ്ദത്ത പുരുഷനെ സ്വീകരിക്കാനുമുള്ള തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ

## ഹദീഥുന്നബ്‌വി(സ):

**"സ്വർഗത്തിന്റെ കവാടങ്ങളിൽനിന്ന് ഒരു കവാടത്തിന്റെ പേര് 'ബാബു സ്വദഖ' എന്നാണ്. അതിലൂടെ ദാനധർമങ്ങൾ ചെയ്തവരായിരിക്കും പ്രവേശിക്കുക." (സ്വഹീഹ് മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**P.Abdul Ameer, Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം നീതിമാനായ വിധികർത്താവ് എന്ന നിലയിൽ

ലഈഖ് അഹ്മദ് ഡാർ മുറബ്ബിയെ സിൽസില, നളാറത്ത് ഉൽയാ, ഖാദിയാൻ

അല്ലാഹുവിന്റെ പ്രവാചകന്മാർ ലോകത്ത് വരുമ്പോഴെല്ലാം അവർക്ക് ശക്തമായ എതിർപ്പു നേരിടേണ്ടി വരുന്നുവെന്നതിന് ചരിത്രം സാക്ഷിയാണ്. അവർ കാലഘട്ടത്തിന്റെ സമ്പ്രദായത്തിനു വിരുദ്ധമായി വേറിട്ടൊരു വാദമുന്നയിച്ചു എന്നതിനാലാണ് അവരെ ലോകം എതിർക്കുന്നത്. പൊതുവെ ജനങ്ങളിൽ നിലനിന്നുവരുന്ന അഭിപ്രായങ്ങൾക്കെതിരെ അവർ തങ്ങളുടെ വാദം പ്രഖ്യാപിക്കുന്നു. പിന്നീട് പതുക്കെപ്പതുക്കെ പൊതുജനങ്ങളിൽനിന്നുള്ള സൗഭാഗ്യരായ ആളുകളിൽ അവരുടെ സത്യം വ്യക്തമാകുന്നു. അങ്ങനെ അവർക്ക് ഈമാനിന്റെ സമ്പത്ത് കരസ്ഥമാകുന്നു. അല്ലാഹുവിൽനിന്ന് വരുന്നവരുടെ സത്യത സൂര്യപ്രകാശംപോലെ വെളിപ്പെടുന്നു. അവരുടെ ശത്രുക്കളെ സംബന്ധിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: **യാ ഹസ്റത്തൻ അലൽ ഇബാദ് മാ യഅ്ത്തീഹിം മ്മിൻ ർറസൂലിൻ ഇല്ലാ കാനൂ ബിഹീ യസ്തഹ്സിഊൻ**(36:31) മനുഷ്യർക്ക് അഹോ കഷ്ടം! അവരുടെ പരിഹാസത്തിന് പാത്രമായിട്ടല്ലാതെ ഒരു ദൈവദൂതനും അവരുടെയടുക്കൽ വരുന്നില്ല.

ദൈവികസംഘങ്ങളുടെ വിജയത്തെ സംബന്ധിച്ച് മറുഭാഗത്ത് പറയുന്നു: **കത്തബല്ലാഹു ല അഗ്‌ലിബന്ന അനാ വ റുസുലീ ഇന്നല്ലാഹ ഖവിയ്യുൻ അസീസ്** ഞാനും എന്റെ ദൂതന്മാരും വിജയിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു. തീർച്ചയായും അല്ലാഹു പ്രബലനും പ്രതാപവാനുമാകുന്നു.(58:22)

നബി(സ)തിരുമേനി മുസ്‌ലിം സമുദായത്തിനുണ്ടാകുന്ന അവസ്ഥകളെ സംബന്ധിച്ച് മുന്നറിയിപ്പു നല്കുകയുണ്ടായി. അവസാന കാലത്ത് ആഗതനാകുന്ന ഒരു ദൈവനിയോഗിതനെ സംബന്ധിച്ച് പ്രവചനങ്ങളും ചെയ്തു. ഇസ്‌ലാമിന്റെ ഒരു സേവകൻ വെളിപ്പെടുന്നതായിരിക്കും. സ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം മസീഹും മഹ്ദിയും നീതിമാനായ വിധികർത്താവും നബിയെന്ന് സംബോധന ചെയ്യപ്പെടുന്ന ആളുമായിരിക്കും. അർശിൽനിന്ന് അങ്ങേയറ്റം ബഹുമതിയോടെ അദ്ദേഹം വിളിക്കപ്പെടുന്നതായിരിക്കും. അദ്ദേഹത്തിന് എന്റെ സലാം പറയണം. അദ്ദേഹത്തിന് ബയ്അത്തു ചെയ്യുകയും വേണം. അദ്ദേഹത്തെ എതിർക്കുന്നതിൽ അരയും തലയും മുറുക്കി ഇറങ്ങരുതെന്നായിരുന്നു ഉദ്ദേശ്യം. പ്രത്യുത അദ്ദേഹത്തിന്റെ ജമാഅത്തിൽ ചേരേണ്ടതാണ്.

കൃത്യസമയത്തും കാലഘട്ടത്തിന്റെ ആവശ്യമനുസിരച്ചും ആ ദിവ്യനായ രാജാവ് വന്നു. താൻ മസീഹ് മൗഊദ് ആണെന്നും മഹ്ദിയെ മഅ്ഹൂദാണെന്നും നീതിമാനായ വിധികർത്താവാണെന്നും നബിയാണെന്നും വാദിച്ചു. അതോടെ പൊടുന്നനെ അദ്ദേഹത്തെ എതിർക്കാൻ തുടങ്ങി. ആ രീതി ആവർത്തിക്കേണ്ടതുതന്നെയായിരുന്നു. കാരണം മുമ്പേതന്നെ പ്രവചനത്തിൽ അദ്ദേഹത്തിനെതിർപ്പുണ്ടാകുമെന്ന് പറയപ്പെട്ടിരുന്നതാണ്.

ഹദീഥുകളിൽ വാഗ്ദത്ത മസീഹ് അഥവാ മസീഹ് മൗഊദ്, പ്രത്യേകമായ നിലയിൽ ദീനീപരമായ എല്ലാ കാര്യങ്ങളിലും നീതിമാനായ വിധികർത്താവായിരിക്കുമെന്ന് പറഞ്ഞിരിക്കുന്നു. അങ്ങനെ ആ നിതീമാനായ വിധികർത്താവ് വന്നു. വിവിധങ്ങളായ എല്ലാ കാര്യങ്ങളിലും അദ്ദേഹം തന്റെ വിധി കേൾപ്പിച്ചു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ അംഗീകരിച്ചവർ അദ്ദേഹത്തിന്റെ സംഘം എന്നു പറയപ്പെട്ടു. ബാക്കിയുള്ളവർ അനശ്വരമായ നഷ്ടത്തിൽ പോകുകയും ചെയ്തു.

ചില സുപ്രധാനമായ കാര്യങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)വിധിപറഞ്ഞ കാര്യങ്ങൾ ഹ്രസ്വമായ നിലയിൽ ഇവിടെ രേഖപ്പെടുത്തുകയാണ്.

**ഹദ്റത്ത് ഈസാ(അ)യുടെ മരണം.**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) പറയുന്നു: ഹദ്റത്ത് മസീഹ്(അ)ന്റെ അഞ്ചാമത്തെ തെറ്റ് കുരിശു സംഭവത്തെ സംബന്ധിച്ചായിരുന്നു. അതിൽ മുസ്‌ലിമീങ്ങളും യഹൂദികളും ക്രിസ്ത്യാനികളുമെല്ലാം അകപ്പെട്ടിരുന്നു. യഹൂദികൾ ഹദ്റത്ത് മസീഹിനു പകരം വേറെയാളെയാണ് കുരിശിൽ തറച്ചതെന്നും അദ്ദേഹത്തെ അല്ലാഹു ആകാശത്തേക്ക് സ്ഥൂലശരീരത്തോടെ പൊക്കിയെടുത്തുവെന്നും മുസ്‌ലിമീങ്ങൾ പറഞ്ഞു. യഹൂദികളും ക്രിസ്ത്യാനികളും പറഞ്ഞിരുന്നത് ഹദ്റത്ത് ഈസായെത്തന്നെയാണ് കുരിശിൽ തറച്ച് കൊന്നതെന്നാണ്. മുസ്‌ലിമീങ്ങളുടെ ചിന്താഗതിയെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ ഖണ്ഡിച്ചു:

'ഹദ്റത്ത് മസീഹിനു പകരം മറ്റൊരാളെ കുരിശിൽ തറയ്ക്കുക എന്നത് അങ്ങേയറ്റം അക്രമമായിരുന്നു. ആ വ്യക്തിയുടെ ഇഷ്ടമനുസരിച്ചാണ് കുരിശിൽ തറയ്ക്കപ്പെട്ടതെങ്കിൽ അതിനുള്ള തെളിവ് ചരിത്രത്തിലുണ്ടാവേണ്ടതാണ്. ഇനി ഹദ്റത്ത് മസീഹിനെ അല്ലാഹു ആകാശത്തിൽ എടുക്കണമായിരുന്നെങ്കിൽ ഏതെങ്കിലും പാപത്തെ കുരിശിൽ തറയ്ക്കേണ്ട ആവശ്യമെന്തായിരുന്നു? അതുകൊണ്ട് മസീഹിന്റെ സ്ഥാനത്ത് വേറൊരാളെ കുരിശിൽ തറച്ചുവെന്നതും അദ്ദേഹത്തെ ആകാശത്തിൽ പൊക്കിയെടുത്തുവെന്നതും തികച്ചും തെറ്റാണ്. മറുഭാഗത്ത് മസീഹ് കുരിശിൽ മരിച്ചുപോയെന്ന യഹൂദികളുടേയും ക്രിസ്ത്യാനികളുടേയും വാദത്തേയും അവിടന്ന് ഖണ്ഡിക്കുകയുണ്ടായി. അതുപോലെതന്നെ ഹദ്റത്ത് മസീഹിനെ കുരിശിൽനിന്ന് ജീവനോടെയാണ് ഇറക്കിയതെന്നും അങ്ങനെ അല്ലാഹു ശാപമരണത്തിൽനിന്ന് അദ്ദേഹത്തെ രക്ഷിച്ചുവെന്നും അവിടന്ന് സ്ഥാപിക്കുകയും ചെയ്തു.

ഇനി നോക്കുക!19 നൂറ്റാണ്ടുകൾക്കുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ സംഭവത്തിന്റെ യഥാർഥ അവസ്ഥ അന്വേഷിച്ചറിയുക എന്നത് എത്ര വലിയ ജോലിയാണ്. പ്രത്യേകിച്ചും ഹദ്റത്ത് മസീഹിനെ കുരിശിൽനിന്ന് ജീവനോടെ ഇറക്കി എന്നതിനുള്ള തെളിവ് അവിടന്ന് ബൈബിളിൽനിന്ന് തന്നെനല്കിയതായാണ് നമ്മൾ കാണുന്നത്. ഉദാഹരണത്തിന് ഹദ്റത്ത് മസീഹിനോടു ഒരിക്കൽ അക്കാലത്തെ പണ്ഡിതന്മാർ അടയാളം ചോദിച്ചപ്പോൾ അദ്ദേഹം അവർക്ക് മറുപടി നല്കി: 'ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു; യോനാ പ്രവാചകന്റെ അടയാളമല്ലാതെ അതിന്നു അടയാളം ലഭിക്കുകയില്ല. യോനാ കടലാനയുടെ വയറ്റിൽ മൂന്നുരാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നുരാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിലിരിക്കും.'(മത്തായി 12:39 - 40)

തൗറാത്തിൽനിന്ന് സ്ഥാപിതമാകുന്നത് ഹദ്റത്ത് യൂനുസ്(അ) മൂന്നു ദിവസംവരെ മത്സ്യത്തിന്റെ വയറ്റിൽ ജീവനോടെ ഇരുന്നുവെന്നും ജീവനോടെ പുറത്തുവന്നുവെന്നുമാണ്. അതുകൊണ്ട് ഹദ്റത്ത് മസീഹ് നാസ്വിരിയും കുരിശു സംഭവത്തിന്റെ അവസരത്തിൽ ജീവനോടെ ഖബ്റിൽ പ്രവേശിപ്പിക്കപ്പെടേണ്ടതും ജീവനോടെ പുറത്തു വരേണ്ടതും നിർബന്ധമായിരുന്നു. അതിനാൽ ഹദ്റത്ത് മസീഹ്(അ) കുരിശിൽ മരിച്ചിരുന്നുവെന്ന വിചാരം ബൈബിളിന്റെ അധ്യാപനത്തിന് ഘടക വിരുദ്ധമാണ്. അതുമുഖേന മസീഹിനെ നിർബന്ധമായും നിഷേധിക്കേണ്ടിവരുന്നു. ക്രിസ്ത്യാനികൾക്കെതിരിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ആയുധം എത്ര വലുതാണെന്നാൽ അവിടത്തെ ജോലിയുടെ മഹത്ത്വം സ്ഥാപിക്കുന്നതിന് അതു മാത്രം മതിയായതാണ്. എന്നാൽ, അവിടന്ന് അവിടെ മതിയാക്കിയില്ല. പ്രത്യുത ഹദ്റത്ത് മസീഹ് നാസ്വിരി കുരിശു സംഭവത്തിനുശേഷം കശ്മീരിൽവന്നുവെന്നും അവിടെ വന്ന് മരിച്ചുവെന്നും അവിടന്ന് ചരിത്രത്തിൽനിന്ന് സ്ഥാപിച്ചു കാണിച്ചു. അതായത് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ മറഞ്ഞിരുന്ന എല്ലാ കാര്യങ്ങളും വെളിച്ചത്തുകൊണ്ടുവന്നു.'(ഹദ്റത്ത് മസീഹ് മൗഊദ്(അ)കെ കാർണാമെ, അൻവാറുൽ ഉലൂം വാള്യം 10, പേജ് 170 - 171)

**ഖതമുന്നുബുവ്വത്ത്**

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ) പറയുന്നു: 'പിന്നീട് പ്രവാചകത്വത്തിന്റെ കാര്യത്തിലും അഭിപ്രായഭിന്നത ഉണ്ടായിരുന്നു. എല്ലാ തരത്തിലുള്ള പ്രവാചകത്വവും നബി(സ)തിരുമേനിയിൽ അവസാനിച്ചിരിക്കുന്നു. ഇനി ഒരാളും, അയാൾ അവിടത്തെതന്നെ അനുഗ്രഹം പറ്റിയ ആളും അവടത്തെ തന്നെ ശരീഅത്തിന്റെ സേവകനായാലും നബിയാകുകയില്ല. അവിടന്ന് ഖാത്തമുന്നബിയ്യീൻ എന്നതിന്റെ അർഥം മനസ്സിലാക്കപ്പെട്ടിരിക്കുന്ന അർഥമല്ലെന്ന് തെളിവുകളോടുകൂടി സ്ഥാപിച്ചുകാണിച്ചു. പ്രവാചകത്വത്തിന്റെ പരമ്പര അവസാനിച്ചുവെന്നതിന്റെ ഉദ്ദേശ്യം ഇനി ഒരു തരത്തിലുള്ള നബിയും വരികയില്ല. കാരണം നബി(സ)തിരുമേനിക്കുശേഷം ശരീഅത്തുള്ള പ്രവാചകത്വത്തിന്റെ കവാടമാണ് അടയ്ക്കപ്പെട്ടിട്ടുള്ളത്. എന്നാൽ, ശരീഅത്തില്ലാത്ത പ്രവാചകത്വത്തിന്റേയും ഛായാപരമായ നുബുവ്വത്തിന്റേയും കവാടം ഒരിക്കലും അടയ്ക്കപ്പെട്ടിട്ടില്ല. ഇനി നുബുവ്വത്തിന്റെ എല്ലാ ശാഖയും അടയ്ക്കപ്പെടുകയും മുറിഞ്ഞുപോയിരിക്കുന്നതായി മനസ്സിലാക്കപ്പെടുകയും ചെയ്താൽ അതിന്റെ അർഥം നഊദുബില്ലാഹ് നബി(സ)തിരുമേനിയുടെ അസ്തിത്വം മുഹമ്മദിയ്യ സമുദായത്തിൽനിന്ന് ഒരു മഹത്തായ കാരുണ്യവും ദൈവികമായ ഇനാമും തട്ടിപ്പറിച്ചെടുക്കുന്നതിന് നിമിത്തമായി എന്നാണ്. ചുരുക്കത്തിൽ അവിടന്ന് പ്രസംഗവും എഴുത്തും മുഖേന ഈ പ്രശ്നത്തിന്റെ വ്യർഥത സ്ഥാപിക്കുകയുണ്ടായി.(ഏക് ഗലത്വീ കാ ഇസാല, തുഹ്ഫ ഗോൾഡവിയ്യ, നുസൂലുൽ മസീഹ്, ഹഖീഖത്തുൽ വഹ്‌യ് തുടങ്ങിയ ഹദ്റത്ത് മിർസാ സാഹിബിന്റെ ഗ്രന്ഥങ്ങൾ നോക്കുക). (തബ്‌ലീഗെ ഹിദായ പേജ് 108 - 109)

**ഖുർആനിന്റേയും ഹദീഥിന്റേയും സ്ഥാനവും പദവിയും**

ഖമറുൽഅമ്പിയാ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പറയുന്നു: 'പിന്നീട് ഖുർആന്റേയും ഹദീഥിന്റേയും സ്ഥാനത്തെ സംബന്ധിച്ച് അതായത് അവയിൽ ഏതാണ് മറ്റതിന്റെമേൽ വിധി കർത്താവ് എന്നതിനെ സംബന്ധിച്ചുള്ള ചിന്താഗതികളുടെ പ്രകടനമുണ്ടായി, അതു കേട്ടാൽ ഒരു മുസ്‌ലിമിന്റെ ശരീരം വിറയ്ക്കാൻ തുടങ്ങും. മുസ്‌ലിമീങ്ങളിലെ ഒരു കക്ഷി ഖുർആനെ പിൻപുറം തള്ളിക്കളഞ്ഞു. ഹദീഥിന്റെ മുമ്പിൽ ഒരു ബിംബത്തെയെന്നപോലെ വീണു. അവിടന്ന് ഈ മസ്അലകളിൽ സൂക്ഷ്മമായ ചർച്ചകൾ ചെയ്തു. ഒരു ഭാഗത്ത് സുന്നത്തിനെ ഹദീ

ശേഷം പേജ് 18 ൽ

**പേജ് 1 ൽ നിന്ന് ⤵**

പനം മുഖേന ഇത് പ്രസിദ്ധപ്പെടുത്തുന്നില്ലെങ്കിൽ താങ്കൾ ഇതിൽനിന്നും ഓടിപ്പോവുകയാണെന്ന് മനസ്സിലാക്കുന്നതായിരിക്കും.'(സിർറുൽഖിലാഫ റൂഹാനീ ഖസായിൻ, വാള്യം 8, പേജ് 417)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പിന്നീട് ഈ ഇനാം വർധിപ്പിച്ച് ഈരണ്ടു രൂപ വീതമാക്കി. പക്ഷേ, തെറ്റു കണ്ടുപിടിക്കാനും ഇനാം കരസ്ഥമാക്കാനും അവിടന്ന് അനിവാര്യമായ ചില നിബന്ധനകൾ നിശ്ചയിച്ചു. അതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'എടുത്തുച്ചാടി വിമർശനം ഉന്നയിക്കുന്ന മിക്കവരും പ്രത്യേകിച്ച് ശെയ്ഖ് മുഹമ്മദ് ഹുസയ്ൻ സാഹിബ് ബട്ടാലവി- അദ്ദേഹം നമ്മുടെ അറബിഗ്രന്ഥങ്ങൾ നോക്കുന്നതു തന്നെ തെറ്റു കണ്ടുപിടിക്കുക എന്നുദ്ദേശ്യത്തോടെ മാത്രമാണ്- പക്ഷപാതപരമായ അന്ധകാരം നമിത്തം 'കാത്തിബ്' അഥവാ എഴുത്തുകാരന് സംഭവിക്കുന്ന തെറ്റും താൻ കണ്ടുപിടിക്കുന്ന തെറ്റുകളിൽ വരവു വെക്കുന്നു. പക്ഷേ, യഥാർഥത്തിൽ നമ്മുടെ 'സ്വർഫ്'പരവും 'നഹ്വ്'പരവുമായ തെറ്റ് ഇതിനു വിപരീതമായി ശരിയായ നിലയിൽ നമ്മുടെ ഗ്രന്ഥങ്ങളുടെ മറ്റെവിടെയെങ്കിലും എഴുതപ്പെടാത്തതായിരിക്കും. എന്നാൽ, ഒരു സ്ഥലത്ത് യാദൃച്ഛികമായി തെറ്റുസംഭവിക്കുകയും അതേ ആശയമോ വാക്കോ മറ്റു പത്തിരുപത് അല്ലെങ്കിൽ അമ്പത് സ്ഥലത്ത് ശരിയായ നിലയിൽ കാണുകയുമാണെങ്കിൽ ഈമാനും നീതിയുമുണ്ടെങ്കിൽ അതെന്റെ തെറ്റായിട്ടല്ല മറിച്ച് കാത്തിബിന്റെ തെറ്റായി മനസ്സിലാക്കേണ്ടതാണ്. വാസ്തവത്തിൽ എത്ര വേഗത്തിലാണോ ഈ ഗ്രന്ഥങ്ങൾ തയ്യാറാക്കപ്പെട്ടിട്ടുള്ളത്, അതു പരിഗണിക്കുകയാണെങ്കിൽ താൻ സ്വന്തം അക്രമമാണ് ചെയ്യുന്നതെന്നും ആ ഗ്രന്ഥരചനകൾ അമാനുഷികമാണെന്ന് മനസ്സിലാക്കുകയും ചെയ്യേണ്ടതാണ്. വിശുദ്ധ ഖുർആനല്ലാതെ ഒരു ഗ്രന്ഥവും തെറ്റുകളിൽനിന്ന് മുക്തമല്ല. ആളുകൾ ഉമറുൽഖയ്സിന്റേയും ഹരീരിയുടേയും തെറ്റുകൾവരെ എടുത്തു കാണിച്ചിട്ടുണ്ടെന്നത് ബട്ടാലവി സാഹിബുതന്നെ അംഗീകരിക്കുന്ന കാര്യമാണ്. എന്നാൽ, യാദൃച്ഛികമായി ഒരു തെറ്റു കണ്ടുപിടിച്ച ആ വ്യക്തി ഹരീരിയുടേയും ഉമറുൽഖയ്സിന്റേയും സ്ഥാനത്ത് എണ്ണപ്പെടുമോ. ഒരിക്കലുമില്ല. 'നുക്തയെ ആവറി' അഥവാ കാര്യത്തിന്റെ പ്രധാന ആശയം മനസ്സിലാക്കുക എന്നത് ദുഷ്കരമാണ്. 'നുക്തയെ ചീനി' അഥവാ കുറ്റം കണ്ടുപിടിക്കൽ നിസാരക്കാരനും എളുപ്പം സാധിക്കുന്ന കാര്യമാണ്. എന്നല്ല ഒരു വിഡ്ഢിക്കുപോലും അതു ചെയ്യാൻ കഴിയും. 'ഹമാമത്തുൽ ബുശ്റാ' 'നൂറുൽഹഖ്' എന്നീ നമ്മുടെ ഗ്രന്ഥങ്ങൾക്കെതിരിൽ ഗ്രന്ഥമെഴുതാൻ നാം 1894 ജൂൺമാസം അവസാനംവരെ സമയം നല്കിയിരുന്നു. ആ കാലാവധി കഴിഞ്ഞു. എന്നാൽ, ഒരു മൗലവിയും എതിർഗ്രന്ഥം എഴുതുമെന്ന് പറഞ്ഞ് ഇനാം കരസ്ഥമാക്കുന്നതിന് അപേക്ഷ അയച്ചില്ല. ഇപ്പോൾ ആസമയം കഴിഞ്ഞു. അതേ! അവർ കൊള്ളരുതാത്തവന്റേയും അസൂയക്കാരന്റേയും എന്നെന്നുമുള്ള ശീലംപോലെ വിമർശിക്കാൻ കൈകാലിട്ടടിച്ചു. ചില സൽബുദ്ധിക്കാർ എഴുത്തുകാരന്റെ (കാത്തിബ്) കൈപ്പിശകും യാദൃച്ഛികമായോ ഉണ്ടായ തെറ്റുകളും എടുത്തു കാണിച്ച് സമ്മാനത്തിനുവേണ്ടി കാത്തിരുന്നു. ഓരോ തെറ്റിനും ഇനാം കിട്ടുന്നതിന് നിബന്ധനയുണ്ടെന്ന കാര്യംപോലും പാവത്തുങ്ങൾ നോക്കിയില്ല. അത്തരം വ്യക്തി ആദ്യം ഗ്രന്ഥമെഴുതട്ടെ. അല്ലെങ്കിൽ അസൂയാലുവായ വിമർശനക്കാരും വ്യക്തിപരമായി മൂലധനമൊന്നുമില്ലാത്തവരുമായി ലോകത്ത് ആയിരക്കണക്കിന് എന്നല്ല ലക്ഷക്കണക്കിനുണ്ട്. അപ്പോൾ ആർക്കൊക്കെയാണ് ഇനാം നല്കുക. വേണ്ടത് ഒന്നാമതായി ഉദാഹരണത്തിന് 'സിർറുൽ ഖിലാഫ' എന്ന എന്റെ ഗ്രന്ഥത്തിന് തത്തുല്യമായ ഗ്രന്ഥമെഴുതുക. പിന്നീട് അയാളുടെ ആ ഗ്രന്ഥം തെറ്റുകളിൽനിന്ന് മുക്തമാണെന്നും നമ്മുടെ ഗ്രന്ഥത്തിലുള്ളതുപോലെ അർഥഗാംഭീര്യവും സാഹിതീയ സൗന്ദര്യവും അയാളുടെ ഗ്രന്ഥത്തിന് തത്തുല്യമാണെന്ന് സ്ഥാപിതമാകുകയും ചെയ്താൽ നമ്മളിൽനിന്ന് ഗ്രന്ഥത്തിന്നെതിരിൽ ഗ്രന്ഥമെഴുതിയതിനുള്ള ഇനാമിന് പുറമെ ഓരോ തെറ്റിനും ഈരണ്ടു രൂപയും വാങ്ങിക്കൊള്ളുക; അത് നാം വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. അല്ലാതെ വെറുതെ അങ്ങ് വിമർശിക്കുക എന്നത് ലജ്ജ തീണ്ടിയിട്ടില്ലാത്തവനാണ്. വസ്സലാമു അലാമനിത്തബഅൽഹുദാ (സിർറുൽഖിലാഫ റൂഹാനീഖസായിൻ, വാള്യം 8, പേജ് 316)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില നിർദ്ദേശങ്ങൾ ഇനി ഞങ്ങൾ സമർപ്പിക്കുകയാണ്. ഇതിൽനിന്ന് ശെയ്ഖ് മുഹമ്മദു ഹുസയ്ൻ ബട്ടാലവി യഥാർഥത്തിൽ അറബി ഭാഷയുടെ അഗാധമായ ജ്ഞാനമുള്ള ആളായിരുന്നില്ലെന്നും അദ്ദേഹം ഒരിക്കലും അറബിയിൽ കവിത രചിക്കുകയോ ഏതെങ്കിലും ഗ്രന്ഥമെഴുതുകയോ ചെയ്തിരുന്നില്ലെന്നും മനസ്സിലാകുന്നതായിരിക്കും. അദ്ദേഹം ഫാർസി പണ്ഡിതനുമായിരുന്നില്ല. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"ശെയ്ഖ് ബട്ടാലവി സാഹിബ് തന്റെ അറിവിൽ നമ്മുടെ ഗ്രന്ഥമായ തബ്ലീ*ഗിലുള്ള കുറച്ച് തെറ്റുകൾ കണ്ടുപിടിച്ചിരിക്കുന്നു. നാം വളരെ വിഷമത്തോടെ എഴുതുകയാണ്. പക്ഷപാതത്തിന്റെ ആവേശത്താൽ അല്ലെങ്കിൽ അജ്ഞതയുടെ കാരണത്താൽ ശരിയും കൃത്യമായ ക്രമീകരണത്തേയും വാക്കുകളേയും തെറ്റിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇക്കാര്യത്തിന് ഏതെങ്കിലും പ്രത്യേക സദസ് നിശ്ചയിക്കുകയാണെങ്കിൽ നാം അദ്ദേഹത്തിന് മനസ്സിലാക്കി കൊടുക്കുമായിരുന്നു; അത്തരം എടുത്തുചാട്ടംകൊണ്ട് എന്തെന്തെല്ലാം നാണക്കേടുകളാണ് സഹിക്കേണ്ടിവരുന്നതെന്ന്. ഖിയാമത്തിന്റെ അടയാളങ്ങൾ വെളിപ്പെട്ടു. ഇതാണ് അറിവ്; പേരാണെങ്കിലോ മൗലവിയും! ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അതീവശ്രദ്ധയോടെ അദ്ദേഹം പുറത്തെടുത്ത തെറ്റുകൾ, അതെല്ലാം സമാഹരിച്ചെഴുതുകയാണെങ്കിൽ രണ്ടോ മൂന്നോ വരികളായിരിക്കുമുണ്ടാകുക. അവയിലധികവും കാത്തിബ് (എഴുത്തുകാരൻ)നുണ്ടായ പിശകുകളാണ്. മൂന്നു തെറ്റുകൾ പുനഃപരിശോധന നടത്തിയപ്പോൾ കുത്തും പുള്ളിയും വീഴാതിരുന്നതാണ്. ബാക്കിയുള്ളത് ശെയ്ഖ് സാഹിബിന്റെ സ്വന്തം ബുദ്ധിയുടെ കുറ്റവും മനസ്സിലാക്കിയതിന്റെ കുറവുമാണ്. ഇതിൽനിന്ന് സ്ഥാപിതമാകുന്നത് ശെയ്ഖ് സാഹിബ് ഒരിക്കലും അറബിഭാഷയിലേക്ക് ശ്രദ്ധിച്ചിട്ടില്ലെന്നാണ്. മൗനം പാലിക്കുന്നതായിരുന്നു അദ്ദേഹത്തിന് നല്ലത്. സ്വന്തം മറ കൂടുതൽ നീക്കിപ്പിക്കാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ! ശെയ്ഖ് സാഹിബ് നമ്മുടെ ഗ്രന്ഥങ്ങൾക്കെതിരിൽ എന്തെങ്കിലും സാഹിത്യമയമായ പദ്യമോ ഗദ്യമോ രചിക്കുകയും നമ്മിൽനിന്ന് ഇനാം വാങ്ങുകയും യഥാർഥത്തിൽ താൻ മൗലവിയും അറബി പണ്ഡിതനുമാണെന്ന് നമ്മെക്കൊണ്ട് സമ്മതിപ്പിക്കുകയും ചെയ്യുമെന്ന് നാം ആശിച്ചു. (സിർറുൽഖിലാഫ റൂഹാനീഖസായിൻ, വാള്യം 8, പേജ് 415)

അവിടന്ന് പറഞ്ഞു: 'ഇവിടെ ഇക്കാര്യവും ഓർമിക്കുക. ശെയ്ഖ് ബത്വാലവി ഈ വിനീതന്റെ ചില അറബിവാക്യങ്ങളിൽനിന്ന് എത്രമാത്രം തെറ്റുകൾ പുറത്തെടുത്തുവോ, അതിൽനിന്ന് എന്തെങ്കിലും സ്ഥാപിതമാകുന്നുണ്ടെങ്കിൽ, അതിപ്പോൾ ആ ശെയ്ഖിന്റെ നാണക്കേടും ലജ്ജയില്ലായ്മയും എത്രത്തോളമെത്തിയിരിക്കുന്നുവെന്നാൽ ശരിയായത് അയാളുടെ ദൃഷ്ടിയിൽ തെറ്റും സാഹിത്യം അയാളുടെ ദൃഷ്ടിയിൽ സാഹിത്യരഹിതവുമായി കാണിക്കപ്പെടുന്നുവെന്നതാണ്. ഈ അജ്ഞനായ ശെയ്ഖ് എവിടെവരെ തന്റെ വിവരമില്ലായ്മ പരസ്യപ്പെടുത്തിക്കാൻ ആഗ്രഹിക്കുന്നുവെന്ന് അറിയുകയില്ല; എന്തെന്തെല്ലാം നിന്ദ്യതകളാണ് അയാൾക്ക് വിധിക്കപ്പെട്ടിരിക്കുന്നതെന്നും. ചില ജ്ഞാനികളും സാഹിത്യകാരന്മാരും അയാളുടെ ഈ കാര്യങ്ങൾ കേട്ട്, അയാളുടെ ഇത്തരത്തിലുള്ള വിമർശനങ്ങൾ അറിഞ്ഞ് അതിൽ കരയുകയാണ്; ഈ വ്യക്തി എന്തിനാണ് ഇത്രമാത്രം മഹാഅജ്ഞതയുടെ ചേറിൽ കുടുങ്ങികിടക്കുന്നത്.' (കറാമാത്തുസ്സ്വാദിഖീൻ, റൂഹാനീ ഖസാഇൻ, വാള്യം 7, പേജ് 63)

"ഞാൻ വായനക്കാർക്ക് ഉറപ്പുതരികയാണ്. ശെയ്ഖ് ബത്വാലവി അറബിജ്ഞാനത്തിൽ തികച്ചും നിർഭാഗ്യനാണ്. തെറ്റുകൾ കണ്ടുപിടിക്കേണ്ടത് ആധുനികവും പൗരാണികവുമായ അറബിഭാഷ നല്ലവണ്ണം വശമാക്കിയിട്ടുള്ളവരുടെ ജോലിയാണ്. ഭാഷാപ്രയോഗത്തെ കുറിച്ചും ഭാഷ പ്രയോഗരഹിതവുമായ കാര്യത്തെക്കുറിച്ചും അറിവുണ്ടായിരിക്കണം. ആയിരക്കണക്കിന് കവിതകൾ അവരുടെ ദൃഷ്ടിയുടെ മുമ്പിൽ ഉണ്ടായിരിക്കണം. അന്വേഷിച്ചറിയലിന്റേയും സൂക്ഷ്മാന്വേഷണത്തിന്റേയും വൈദഗ്ദ്ധ്യം അവർക്കുണ്ടായിരിക്കണം. എന്നാൽ, ഉർദു എഴുത്തിൽ വൃദ്ധനായ ഈ 'പാവം ശെയ്ഖ്' സാഹിത്യത്തേയും അർഥഗാംഭീര്യത്തേയും സാഹിതീയ സൗന്ദര്യത്തേയും കുറിച്ച് എന്തറിയാനാണ്. ഈ പ്രായംചെന്ന മനുഷ്യൻ ഇരുന്നൂറോ നാന്നൂറോ വരി പദ്യം അറബിയിൽ എഴുതി പ്രസിദ്ധീകരിച്ചിട്ടുള്ളത് ആരെങ്കിലും കാണുകയോ കേൾക്കുകയോ ചെയ്തിട്ടുണ്ടോ? സാഹിത്യഭരിതമായ ഒരു കവിതപോലും ഇദ്ദേഹത്തിന് എഴുതാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല;അല്ലെങ്കിൽ ഒരു വരി സാഹിത്യത്തോടുകൂടി അറബിയിൽ എഴുതാൻ കഴിയുമെന്ന്. തീർച്ചയായും ഉർദു വായിക്കുന്നയാളാണ്.' (കറാമാത്തുസ്സ്വാദിഖീൻ, റൂഹാനീ ഖസാഇൻ, വാള്യം 7, പേജ് 64)

അടുത്ത ലക്കത്തിൽ ഇൻശാഅല്ലാഹ് ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള മറ്റൊരു വെല്ലുവിളി അനുവാചകരുടെ സന്നിധിയിൽ അവതരിപ്പിക്കുന്നതാണ്.

**(മൻസ്വൂർ അഹ്മദ് മസ്റൂർ)**

---


**പേജ് 15 ൽ നിന്ന് ⤵**

ഥിൽനിന്ന് വേർപെടുത്തി സ്ഥാപിച്ചു. മറുഭാഗത്ത് ഖുർആനിന്റേയും സുന്നത്തിന്റേയും ഹദീഥിന്റേയും വെവ്വേറെ സ്ഥാനം തെളിവുകളോടും പ്രമാണങ്ങളോടും കൂടി നിർണയിച്ചു.(അൽഹഖു ലുധിയാന, റിവ്യുപർ മുബാഹഥ, ചക്കടാലവി, കശ്തിയെ നൂഹ് തുടങ്ങിയ ഹദ്റത്ത് മിർസാ സാഹിബിന്റെ ഗ്രന്ഥങ്ങൾ നോക്കുക)(തബ്ലീഗെ ഹിദായ, പേജ് 110)

ഖുർആനിന്റേയും ഹദീഥിന്റേയും സ്ഥാനം ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) പറയുന്നു: 'ജനങ്ങൾക്കുണ്ടായ 13-ാമത്തെ തെറ്റ് വിശുദ്ധ ഖുർആൻ, ഹദീഥിന്റെ താഴെയാണെന്ന് അവർ മനസ്സിലാക്കിയതാണ്. എത്രത്തോളമെന്നാൽ, ഹദീഥുകൾക്ക് ഖുർആനിക വചനങ്ങളെ കാലഹരണപ്പെടുത്താൻ കഴിയും എന്നുവരെ പറഞ്ഞിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ തെറ്റിനെ എങ്ങനെയാണ് അകറ്റിയതെന്നാൽ, അവിടന്ന് പറഞ്ഞു:വിശുദ്ധ ഖുർആൻ വിധികർത്താവാണ്. ഹദീഥുകൾ അതിനു വിധേയമാണ്. വിശുദ്ധ ഖുർആൻ അനുസരിച്ചുള്ള ഹദീഥു മാത്രമെ നാം അംഗീകരിക്കുകയുള്ളൂ. ഇല്ലെങ്കിൽ നിഷേധിക്കുന്നതായിരിക്കും. ഇപ്രകാരംതന്നെ പ്രകൃതി നിയമത്തിന് വിധേയമായിട്ടുള്ള ഹദീഥു മാത്രമേ സ്വീകാരാർഹമാകുകയുള്ളൂ. കാരണം അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ കർമവും വിരുദ്ധമാകുകയില്ല.'(ഹദ്റത്ത് മസീഹ് മൗഊദ്(അ)കെ കാർണാമെ, അൻവാറുൽഉലൂം, വാള്യം 10, പേജ് 159-160)



മസ്ജിദ് മുബാറക് (ഇസ്ലാമാബാദ് യു.കെ)



മസ്ജിദ് ഫള്ല്‍ (ലന്‍ യു.കെ)



മസ്ജിദ് നുസ്റത്ത് ജഹാന്‍(കോപ്പന്‍ഹേഗ്,ഡന്മാര്‍ക്)




മസ്ജിദ് അഖ്സ(റബ്‌വ, പാക്കിസ്താന്‍)



മസ്ജിദ് മസ്റൂര്‍ (വിര്‍ജിനീയ,അമേരിക്ക)



മസ്ജിദ് ബയ്ത്തുല്‍ അഹദ്(നഗോയാ, ജപ്പാന്‍)



മസ്ജിദ് ബയ്ത്തുസ്സമദ്(ബാള്‍ട്ടിമോര്‍, അമേരിക്ക)



മസ്ജിദ് ബൈത്തുല്‍ ഹമീദ് (ഫുള്‍ഡാ, ജര്‍മനി)

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഇന്ന് 213 രാജ്യങ്ങളില്‍ സ്ഥാപിതമായി കഴിഞ്ഞിരിക്കുന്നു. അല്‍ഹംദുലില്ലാഹ്.**
**ലോകത്തിലെ വിവിധ രാജ്യങ്ങളില്‍ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നിര്‍മിച്ചുകൊണ്ടിരിക്കുന്ന ചില മസ്ജിദുകളുടെ മനോഹരമായ ദൃശ്യങ്ങള്‍**

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com
Website : akhbarbadrqadian.in
: www.alislam.org/badr

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ
വീക്കിലി
ഖാദിയാൻ

**Weekly BADAR Qadian**

Qadian - 143516 Distt. Gurdaspur (Pb.) INDIA

**Vol. 6** **Thursday 4-11- March - 2021** **Issue. 9-10**

**MANAGER**
**SHAIKH MUJAHID AHMAD**
Mobile : +91 99153 79255
e -mail:managerbadrqnd@gmail.com
**SUBSCRIPTION**
**ANNUAL**: Rs.500/-

**വാഗ്ദത്ത മസീഹ് അഥവാ മസീഹ് മൗഊദ് ദിമശ്ഖിനു കിഴക്കുഭാഗത്തുള്ള മിനാരത്തിന്റെ അടുത്ത് ഇറങ്ങുമെന്ന് ഹദീഥിൽ പറഞ്ഞിട്ടുണ്ട്.**

**സ്നേഹിതന്മാരേ! ഈ മിനാരം നിർമിക്കുന്നത് ഹദീഥനുസരിച്ച് മസീഹ് മൗഊദിന്റെ കാലത്തിന്റെ സ്മരണികയായിരിക്കാനാണ്.**

**ഈ മിനാരത്തുൽ മസീഹും ദിമശ്ഖിന് കിഴക്കുഭാഗത്തു തന്നെയാണുള്ളത്.**



**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:**

സ്നേഹിതന്മാരേ! ഈ മിനാരം നിർമിക്കുന്നത് ഹദീഥനുസരിച്ച് മസീഹ് മൗഊദിന്റെ കാലത്തിന്റെ സ്മരണികയായിരിക്കാനാണ്. ഈ മിനാരത്തുൽ മസീഹും ദിമശ്ഖിന് കിഴക്കുഭാഗത്തു തന്നെയാണുള്ളത്.

അതിനെക്കുറിച്ച് വിശുദ്ധ ഖുർആനിലെ ഈ വചനത്തിൽ പറയുന്നുണ്ട്. **സുബ്ഹാന ല്ലദീ അസ്റാ ബിഅബ്ദിഹീ ലയ്‌ലൻമ്മിനൽമസ്ജിദിൽ ഹറാമി ഇലൽ മസ്ജി ദിൽ അഖ്സ്വല്ലദീ ബാറക്ന ഹൗലഹൂ** ഇതിന്റെ മിനാരത്തിനെ കുറിച്ച് ഹദീഥിലുമുണ്ട്. അതായത് മസീഹിന്റെ ഇറക്കം മിനാരത്തിന്നടുത്തുണ്ടാകുന്നതാണ്. ദിമിശ് ഖിനെ കുറിച്ച് മുസ്‌ലിമിന്റെ ഹദീഥിലാണുള്ളത്. അതിന്റെ ഉദ്ദേശ്യം മൂന്നു ദൈവത്തിന്റെ ബീജം വിതയ്ക്കപ്പെട്ടത് ഒന്നാമതായി ദിമിശ്ഖിൽ നിന്നാണ് ആരംഭിച്ചത്. മസീഹ് മൗഊദിന്റെ ഇറക്കം ഉണ്ടാകുന്നതിന്റെ ഉദ്ദേശ്യം മൂന്നിന്റെ ചിന്താഗതികളെ ഇല്ലാതാക്കി പിന്നീട് ഏക ദൈവത്തിന്റെ ചിന്താഗതി ലോകത്തു സ്ഥാപിക്കുക എന്നതാണ്. അതിനാൽ ദിമശ്ഖിനു കിഴക്കു ഭാഗത്തു മിനാരത്തിന്റെ അടുത്തായിരിക്കും മസീഹിന്റെ ഇറക്കം ഉണ്ടാകുക എന്ന സൂചന നല്കുന്നതിനു വേണ്ടിയാണ് ഇത് വിവരിക്കപ്പെട്ടിരിക്കുന്നത്. ഇക്കാര്യം ശരിയുമാണ്. കാരണം പഞ്ചാബിലെ ഗുരുദാസ്പൂരിലുള്ളതാണ് ഖാദിയാൻ. ലാഹോറാണെങ്കിൽ അതിന്റെ പടിഞ്ഞാറിന്റേയും തെക്കിന്റേയും മൂലയിലുമാണ്. അത് ദിമശ്ഖിൽ നിന്ന് കൃത്യമായി കിഴക്കു ഭാഗത്താണ്. അതുകൊണ്ട് ഇതിൽ നിന്ന് സ്ഥാപിതമായത് ഈ മിനാരത്തുൽ മസീഹും ദിമശ്ഖിന് കിഴക്കുഭാഗത്ത് തന്നെയാണെന്നാണ്. ദിമശിഖ് എന്ന പദത്തിൽ നല്ല വണ്ണം ചിന്തിക്കുകയാണ് എല്ലാ സത്യന്വേഷികളും ചെയ്യേണ്ടത്; അതിൽ അതായത് മസീഹ് മൗഊദ് ദിമശ്ഖിന് കിഴക്കു ഭാഗത്ത് ഇറങ്ങുമെന്ന് എഴുതപ്പെട്ടിരിക്കുന്നതിൽ എന്ത് യുക്തിയാണുള്ളതെന്ന്! ഇപ്പോൾ നമ്മുടെ എതിരാളികൾ 'ദിമശ്ഖീഹദീഥ്' ആവർത്തിച്ചാവർത്തിച്ച് വായിക്കുന്നുണ്ട്. അവർ ഈ ഹദീഥ് ഒരു കഥയെന്ന പോലെയാണ് മനസ്സിലാക്കിയിരിക്കുന്നത്. പക്ഷേ, ഓർമിക്കുക! ഇത് കഥയല്ല. അല്ലാഹു വ്യർഥമായ കാര്യങ്ങളിൽ നിന്ന് പരിശുദ്ധനാണ്. എന്നല്ല ഈ ഹദീഥിന്റെ ഈ വാക്കുകളിൽ അതിൽ ആദ്യം ദിമശ്ഖിനെ കുറിച്ച് പറയുകയും പിന്നീട് അതിന്റെ കിഴക്കുഭാഗത്ത് ഒരു മിനാരം നിശ്ചയിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഇതിൽ മഹത്തായൊരു രഹസ്യമുണ്ട്. അത് നാം ഇപ്പോൾ വിവരിച്ചു കഴിഞ്ഞതാണ്. അതായത് മൂന്നു ദൈവത്തിന്റെ അടിത്തറ വീണത് ദിമശ്ഖിൽതന്നെയാണ്.........ഈ വമ്പൻ ശിർക്കിന്റെ വയൽ ആദ്യം ദിമശ്ഖിൽത്തന്നെയാണ് വിതയ്ക്കുകയും വളരുകയും പുഷ്പിക്കുകയും പിന്നീട് ഈ വിഷം മറ്റു സ്ഥലങ്ങളിൽ പരക്കുകയും ചെയ്തു. കാരണം അല്ലാഹുവിന് അറിയാമായിരുന്നു മനുഷ്യനെ ദൈവമാക്കുന്നതിന്റെ അടിത്തറ ആദ്യമായി ദിമശ്ഖിൽതന്നെയാണ് വെക്കപ്പെട്ടതെന്ന്. അതുകൊണ്ട് ദൈവത്തിന്റെ ആത്മീയരോഷം ഇക്കാലത്ത് ഈ വ്യർഥമായ അധ്യാപനത്തെ ഉന്മൂലനം ചെയ്യുമെന്ന് പറഞ്ഞ നേരത്ത് വീണ്ടും ദിമശ്ഖിനെ കുറിച്ച് പറഞ്ഞു. പറഞ്ഞു, മസീഹിന്റെ മിനാരം അതായത് അവന്റെ പ്രകാശം വെളിപ്പെടുന്ന സ്ഥലം ദിമശ്ഖിന്റെ കിഴക്കു ഭാഗമാണ്. ഈ വാക്യത്തിന്റെ ഉദ്ദേശ്യം ദൗർഭാഗ്യവശാൽ മനസ്സിലാക്കപ്പെട്ടതു പോലെ ആ മിനാരം ദിമശ്ഖിന്റെ ഒരു ഭാഗമായിരിക്കുമെന്നോ ദിമശ്ഖിൽ ആയിരിക്കുമെന്നോ അല്ല. പ്രത്യുത അതിന്റെ ഉദ്ദേശ്യം മസീഹ് മൗഊദിന്റെ പ്രകാശം സൂര്യനെപ്പോലെ ദിമശ്ഖിന്റെ കിഴക്കു ഭാഗത്ത് ഉദിച്ചുയർന്ന് പാശ്ചാത്യദിക്കിലെ ഇരുട്ട് അകറ്റുമെന്നാണ്. ഇത് അതിസൂക്ഷ്മമായ ഒരു സൂചനയായിരുന്നു. കാരണം മസീഹിന്റെ മിനാരത്തിന് അടുത്തുള്ള അദ്ദേഹത്തിന്റെ ഇറക്കം ദിമശ്ഖിന്റെ കിഴക്കുഭാഗമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ദിമശ്ഖുകാർ ത്രിയേകത്വത്തെ അതിന്റെ പടിഞ്ഞാറു ഭാഗത്ത് വെച്ചു. ഇപ്രകാരം വരാൻപോകുന്ന കാലത്തെ കുറിച്ച് ഇങ്ങനെ പ്രവചനം ചെയ്തു മസീഹു മൗഊദ് വരുമ്പോൾ കിഴക്കു നിന്നുദിക്കുന്ന സൂര്യനെപ്പോലെ വെളിപ്പെടുകയും അതിനെതിരിൽ ത്രിയേകത്വത്തിന്റെ പശ്ചിമദിക്കിലുള്ള വിളക്ക് നിത്യേന അണഞ്ഞണഞ്ഞ് പോകുന്നതുമായിരിക്കും. കാരണം കിഴക്കുഭാഗത്തുനിന്നുള്ള പുറപ്പെടൽ ദൈവഗ്രന്ഥങ്ങളിൽ അഭിവൃദ്ധിയുടെ അടയാളമായി പറയപ്പെട്ടിരുക്കുന്നു. പടിഞ്ഞാറിലേക്ക് പോകുക എന്നത് അധഃപതനത്തിന്റെ അടയാളമാണ്.' **(മജ്മൂഅ ഇശ്തീഹാറാത്ത് വാല്യം 3, പേജ് 287 – 294)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt: Gurdaspur-143516,Punjab, And published at office of the Weekly Badr Mohallah-Ahmadiyya, Qadian Distt.Gsp-143516,Punjba,India. Editor: H.Shamsuddin